TAB

# TRICHUR ARCHDIOCESAN BULLETIN

2022 ജനുവരി വാല്യം: 89 ലക്കം: 01




യോഹന്നാൻ 4: 1-26 (യേശുവും സമരിയാക്കാരിയും)



2021 നവംബർ 28ന് കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട
നിർമ്മലപുരം സെന്റ് ജോസഫ് ഇടവക ദൈവാലയവും അൾത്താരയും





Trichur Archdiocesan Bulletin TAB

ESTD: 1934

**ജനുവരി 2022**

ലക്കം:01 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 8 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 11 |
| സഹായമെത്രാന്റെ പരിപാടികൾ | 12 |
| നാളാഗമം | 14 |
| നാമകരണ നടപടികൾ | 22 |
| വൈദികർ | 27 |
| സന്യസ്തർ | 31 |
| മതബോധനം | 38 |
| സ്ഥാപനങ്ങൾ | 51 |
| സംഘടനകൾ | 85 |

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| | |
|---|---|
| 2388/2021 / 17.12.2021 | C- 15 |

പ്രിയ ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, സഹോദരി സഹോദരന്മാരേ,

ലോകരക്ഷക്കായി മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ തിരുപ്പിറവിക്ക് നാം ഒരുങ്ങുകയാണ്. ആഗതമാകുന്ന ക്രിസ്തുമസ്സിന്റെ ശാന്തിയും സമാധാനവും നിങ്ങൾക്ക് സ്നേഹപൂർവ്വം ആശംസിക്കുന്നു. മറ്റുള്ളവരിൽ യേശുവിനെ ദർശിക്കുവാനും ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുവാനും ക്രിസ്തുമസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നു. പിതാവായ ദൈവത്തിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ച പുത്രനായ യേശുവിന്റെ അനുഗ്രഹങ്ങൾ ഈ പുണ്യദിനത്തിൽ നിങ്ങൾക്കേവർക്കും നേർന്നുകൊള്ളട്ടെ.

ക്രിസ്തുമസ്സ് അവസരത്തിൽ ഏതാനും ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. **കുർബാനക്രമനവീകരണം**: സിനഡ് തീരുമാനത്തിന്റെ വെളിച്ചത്തിൽ നവീകരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും നമ്മുടെ അതിരൂപതയിൽ 2021 നവംബർ 28നു തന്നെ നടപ്പിലാ

ക്കുകയുണ്ടായി. സിനഡിന്റെ തീരുമാനമനുസരിച്ച് നമ്മുടെ പള്ളികളിൽ പുതിയ കുർബാനക്രമം നടപ്പിൽ വരുത്തുന്നതിന് സഹകരിച്ച നിങ്ങൾക്ക് ഈയവസരത്തിൽ നന്ദി പറയുന്നു. ഏതെങ്കിലും ഇടവകയിലോ സ്ഥാപനത്തിലോ സന്യാസഭവനങ്ങളിലോ മറ്റു ദൈവാലയങ്ങളിലോ നവീകരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഉടനടി നടപ്പിൽ വരുത്തേണ്ടതാണ്.

2. **തിരുപ്പട്ടം**: നമ്മുടെ അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കുംവേണ്ടി ഡിസംബർ–ജനുവരി മാസങ്ങളിൽ പൗരോഹിത്യം സ്വീകരിക്കുന്ന എല്ലാ ഡീക്കന്മാരെയും നിങ്ങളുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കുമല്ലോ.

3. **മെത്രാന്മാരുടെ സിനഡ്**: 2021–2023 കാലഘട്ടത്തിൽ വിവിധ തലങ്ങളിൽ സിനഡാത്മകതയെ കുറിച്ച് ചർച്ചചെയ്യാനായി മാർപ്പാപ്പ ആഹ്വാനം ചെയ്ത സിനഡിന്റെ വിഷയം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ 2022–2025 കാലഘട്ടത്തിൽ 'സിനഡാത്മകതയും സഭാനവീകരണവും' എന്ന പേരിൽ സഭയുടെ എല്ലാതലങ്ങളിലുമുള്ള നവീകരണത്തിനായി ഒരു പദ്ധതി കെ. സി. ബി. സി. തയ്യാറാക്കുന്നുണ്ട്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

4. **ബൊൻ നത്താലെ**: കാരുണ്യത്തിന്റെ മഹാ ആഘോഷമായ ബൊൻ നത്താലെ, കോവിഡിന്റെ പ്രതിസന്ധി കണക്കിലെടുത്ത്, കാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ഈ വർഷവും പ്രധാനമായും വെർച്ചൽ ആയി ആഘോഷിക്കുന്നു. 1. കാരുണ്യ പ്രവാഹത്തിന്റെ ഈ ഒമ്പതാം പതിപ്പിൽ– ബൊൻ നത്താലെ 2021– വിവിധ മത്സരങ്ങൾ കോർത്തിണക്കിയുള്ള ആഘോഷമായി നമ്മൾ സംഘടിപ്പിക്കുന്നു. ഏയ്ഞ്ചലിക് കരോൾ, ഡാൻസ് മത്സരം, നാനോ ക്രിബ് മത്സരം, ഫാമിലി കരോൾ, ക്രിസ്തുമസ്സ് മിനി ക്വിസ് മത്സരം എന്നിവ ഓൺലൈൻ സാങ്കേതിക വിദ്യയി ലൂടെ നടത്തപ്പെടുന്നു. 2. ഡിസംബർ 23ന് വൈകിട്ട് തൃശ്ശൂർ നഗരത്തിലെ വിവിധ ഇടങ്ങളിൽ ബൊൻ നത്താലെ ഫ്ളാഷ് മോബുകൾ സംഘടിപ്പിക്കപ്പെടുന്നു. 3. ഡിസംബർ 24ന് വൈകിട്ട് (അല്ലെങ്കിൽ 23ന് വൈകിട്ട്) ഇടവകതല ത്തിൽ കരോൾ ഗാനവും ചെറിയ രീതിയിൽ ഫ്ളാഷ് മോബും പാവപ്പെട്ടവർക്കും മത്സരവിജയികൾ ക്കും ക്രിസ്തുമസ്സ് സമ്മാനവിതര ണവും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നത് ഉചിതമാണ്. ഇക്കാര്യത്തിൽ കുടുംബകൂട്ടായ്മകളേയും സംഘട നകളേയും

(പ്രത്യേകിച്ച് യുവജനങ്ങളേയും) പ്രോത്സാഹിപ്പിക്കേ ണ്ടതാണ്. 4. ഡിസംബർ 25ന് രാവിലെ 8:30 മുതൽ 9:30 വരെ ഫ്ളവേഴ്സ് ചാനലിൽ നടക്കുന്ന വെർച്ച്വൽ ബൊൻ നത്താലെ ആഘോഷം കാണുന്നതിന് ഇടവകജനങ്ങളെ പ്രോത്സാഹിപ്പി ക്കണം. 5. ക്രിസ്തുമസ്സ് ദിനം ഉച്ചക്ക് ഇടവകയിലെ യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ അശരണർക്ക് പൊതിച്ചോറ് വിതരണം ചെയ്യുന്നത് ഉചിതമായിരിക്കും. 6. ഡിസംബർ 27ന് തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് ഡി. ബി. സി. എൽ. സി. ഹാളിൽ കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് ഈ വർഷത്തെ ബൊൻ നത്താലെ സമാപന സമ്മേളനം ഗോവ ഗവർണ്ണർ ബഹു. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യുകയും വിവിധ മത–രാഷ്ട്രീയ–സാംസാകാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുകയും ചെയ്യുന്നു (പ്രവേശനം പാസ്സുമൂലം). 7. കോവിഡ് പ്രതിസന്ധി നിലനില്ക്കുന്ന ഈ കാലഘട്ടത്തിൽ ഇടവകകളിൽ കാരുണ്യത്തിന്റെ ആഘോഷമാക്കി ബൊൻ നത്താലെ മാറ്റാൻ ബഹു. വൈദികർ പരിശ്രമിക്കണമെന്ന് ഈയവസരത്തിൽ ഞാൻ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമസ്സ് നമുക്ക് സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെയെന്നും പുതുവർഷം പ്രതീക്ഷയുടെയും സമൃദ്ധിയുടെയും നന്മയുടെയും ഒരു വർഷമാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB**: ഈ സർക്കുലറിലെ ആശയങ്ങൾ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും 2021 ഡിസംബർ 19 ഞായറാഴ്ച്ച അറിയിക്കുകയും ജനങ്ങളുടെ അറിവിലേക്ക് സാമൂഹ്യ മാധ്യങ്ങൾ വഴി നൽകുകയും ചെയ്യേണ്ടതാണ്. +AT

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| 2258/2021 | C- 14 |
|---|---|
| 27.11.2021 | |

തൃശൂർ അതിരൂപതയിലെ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും എകീകൃത കുർബാന അർപ്പണരീതിയും സംബന്ധിച്ച് സിനഡിൽ നിന്നും അതിരൂപതയിൽ നിന്നും വ്യക്തമായ മാർഗ്ഗരേഖകൾ നല്കിയിരുന്നല്ലോ. എറണാകുളം അതിരൂപതയിലെ മെത്രാപ്പോലീത്തൻ വികാരി 1538 –ാം കനോന പ്രകാരം എകീകൃത കുർബാന അർപ്പണരീതിയിൽ നിന്ന് എറണാകുളം അതിരൂപതയ്ക്ക് ഒഴിവ് നല്കിയതായി മാദ്ധ്യമങ്ങളിൽ നിന്ന് അറിയുന്നു. ഇത് നമ്മുടെ ഇടയിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കാൻ ഇടയുള്ളതുകൊണ്ടാണ് ഞാൻ ഈ സർക്കുലർ അയ്ക്കുന്നത്.

തൃശൂർ അതിരൂപതയിൽ 31.10.2021ൽ വായിക്കാനായി നല്കിയ ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സിനഡ് തീരുമാനപ്രകാരമുള്ള നവീകരിച്ച കുർബാന ക്രമവും എകീകൃത കുർബാന അർപ്പണരീതിയും 28.11.2021 ഞായർ മുതൽ തന്നെ നടപ്പിലാക്കേണ്ടതാണ്.

തൃശൂർ അതിരൂപത കാര്യാലയത്തിൽ നിന്നും നല്കപ്പെടുന്നത്.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ

# കച്ചേരി വാർത്തകൾ

ജനുവരി 2022

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : ന. കർത്താവിന്റെ നാമകരണം
വർഷാരംഭം
2 : **ദനഹാ ഒന്നാം ഞായർ**
3 : വി. ചാവറ കുരിയാക്കോസ് ഏലിയാസ്
6 : **ദനഹാത്തിരുനാൾ**
7 : ആദ്യവെള്ളി
വി. യോഹന്നാൻ മാംദ്ദാന
9 : **ദനഹാ രണ്ടാം ഞായർ**
14 : പത്രോസ്, പൗലോസ് ശ്ലീഹന്മാർ
16 : **ദനഹാ മൂന്നാം ഞായർ**
20 : വി. സെബസ്ത്യാനോസ്
21 : വി. സുവിശേഷകന്മാർ
23 : **ദനഹാ നാലാം ഞായർ**
24 : വി. ഫ്രാൻസിസ് സാലസ്
25 : പൗലോസ് ശ്ലീഹായുടെ മാനസാന്തരം
26 : ഇന്ത്യൻ റിപ്പബ്ലിക് ദിനം
: വി. തിമോത്തിയോസും തീത്തോസും
28 : വി. തോമസ് അക്വീനാസ്
30 : ദനഹാ അഞ്ചാം ഞായർ
ലോകസമാധാനദിനം
31 : വി. ഡോൺ ബോസ്കോ

2. **ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ

അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോമിശിഹായുടെ മാമ്മോദീസായിലൂടെ വെളിവാക്കപ്പെട്ടു.

ജനുവരി 6–ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി'പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (*ഏൽ പയ്യ*) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക–ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി. ഗ്രന്ഥ പ്രഘോഷണങ്ങളാണ് (വായനകൾ) ഈ കാലയളവിൽ നാം പ്രധാനമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് സഭ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**3. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2022 ഫെബ്രുവരി 2ന് ഡി.ബി.സി.എൽ.സി.

യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2022നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 9-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**4. വൈദികരുടെ നിയമനം :**

1. ഫാ. ഡേവിസ് തെക്കേക്കര - ഇറ്റലിയിൽ സേവനാനുമതി; നടത്തു വികാരി നന്തിപുലം നോർത്ത് & കല്ലോൻ എസ്. സി. എസ്. എ. ഒഴിവായി; സാധുത 2021 നവംബർ 15 മുതൽ.
2. ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് നന്തിപുലം നോർത്ത് & കല്ലോൻ എസ്. സി. എസ്. എ. കൂടി; സാധുത 2021 നവംബർ 15 മുതൽ.
3. ഫാ. ആന്റോ രായപ്പൻ - നോട്ടറി മെത്രാപ്പോലീത്തൻ കോടതി കൂടി; സാധുത 2021 നവംബർ 15 മുതൽ.
4. Fr. Sunil Chiriyankandath - Suspended from Priestly Ministry w.e.f. 15.11.2021
5. ഫാ. ജോഷി പറോക്കാരൻ - അയർലാന്റിൽ സേവനാനുമതി; നടത്തു വികാരി പേരാമംഗലം & കല്ലോൻ എസ്. എം. സി. ഒഴിവായി; സാധുത 2021 നവംബർ 20 മുതൽ.
6. ഫാ. ജിയോ കടവി - നടത്തുവികാരി പേരാമംഗലം & കല്ലോൻ എസ്. എം. സി. കൂടി; സാധുത 2021 നവംബർ 20 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**2022 JANUARY**
**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Ordination of Dn. Thomas Kidangan MI at Punkunnam |
| 02 | Sun | Morning | Holy Mass and Chapel Blessing at Marathamkode |
| | | Afternoon | Merit Day: Kudumba Koottayma |
| 03 | Mon | Morning | Ordination of Dn. Joy Cheruvathoor VC and Dn. Nijo Emmatty SDB at Puthuruthy |
| 04 | Tue | Morning | Curia Meeting |
| | | | Jubilee and Final Profession of SLMI Sisters at St. Anne's Church, West Fort |
| 05 | Wed | Morning | Library Inauguration at St. Thomas College, Thrissur |
| | | | Jubilee Year Conclusion at Jordania Retreat Centre, Nedupuzha |
| 06 | Thu | Morning | Baptism of 5th Child at Pavaratty |
| 07-15 | | | Synod |
| 16 | Sun | Afternoon | Church Consecration at Chirakkal |
| 17 | Mon | Evening | Jubilee of Fr. Jose Thekkekkara at Vendore |
| | | | Inauguration New Priests' Orientation Programme |
| 18 | Tue | Morning | Holy Mass with New Priests |
| | | | Curia Meeting |
| | | | Formators Meeting at Archbishop's House |
| 19 | Wed | | Inauguration of Palliative Hospital at Thiruvananthapuram |
| 20 | Thu | Morning | New Priests' Orientation Programme |
| | | Evening | 225th Jubilee of Aranattukara Parish |

| | | | |
|---|---|---|---|
| 21 | Fri | Morning | Curia Meeting |
| | | | Award Day: Pudukad School |
| | | Evening | JMMC Trust Meeting |
| 22 | Sat | Morning | Golden and Silver Jubilee of SABS Sisters at Chettupuzha |
| 23 | Sun | Morning | Holy Mass and Shopping Complex Blessing at Kandanassery |
| 25 | Tue | Morning | Curia Meeting |
| | | Afternoon | Vestition and First Profession: Holy Spirit Generalate, Mannuthy |
| 26 | Wed | Morning | Catechism Award Day |
| | | | Silver Jubilee at CSC Generalate, Kolazhy |
| 27 | Thu | Morning | Consulters Meeting |
| 28 | Fri | Morning | Curia Meeting |
| 29 | Sat | Afternoon | JMMC Advisory Board Meeting |
| 30 | Sun | Morning | Holy Mass and Centenary Jubilee Inauguration of St. Thomas Forane Church, Puthur |
| | | Evening | Navathi Conclusion: St. Joseph's Church, Kuriachira |
| 31 | Mon | Evening | Golden Jubilee Celebration of St. Joseph's Pontifical Institute, Aluva |

# ENGAGEMENTS

**2022 JANUARY**
**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Priestly Ordination, Kunnamkulam |
| 03 | Mon | Morning | Priestly Ordination, Ammadam |
| | | Afternoon | Priestly Ordination, Nehru Nagar |
| 04 | Tue | Morning | Curia Meeting |

| | | | |
|---|---|---|---|
| | | Evening | Class at Samaritan Convent, Mannuthy |
| 05 | Wed | Morning | St. Thomas College, Thrissur |
| | | Afternoon | St. Clare School, Thrissur |
| 06 | Thu | Morning | Holy Mass, Ollur |
| 07 | Fri | Morning | Curia Meeting |
| 08-15 | | All days | Retreat & Synod of Bishops |
| 16 | Sun | Morning | Holy Mass, Varadiyam |
| | | Morning | Holy Mass, Aloor (Thrissur) |
| | | Afternoon | Childrens' Ministry Prize Distribution |
| | | Evening | Holy Mass, Karamuck |
| 17 | Mon | All day | Inter-Church Council Bishops' Meet |
| 18 | Tue | Morning | Curia Meeting |
| | | Morning | Formators' Meeting |
| | | Evening | Gathering with New Priests |
| 19 | Wed | Morning | Holy Mass with New Priests, DBCLC |
| 20 | Thu | Noon | Gathering with New Priest, DBCLC |
| 21 | Fri | Morning | Curia Meeting |
| | | Afternoon | Retirement Ceremony, Thiroor School |
| | | Evening | LRC Webinar + JMMC Meeting |
| 22 | Sat | Morning | Holy Mass, Guruvayur LF College |
| 23 | Sun | Morning | Holy Mass, Kanjani |
| | | Morning | Holy Mass, Chirakkal |
| | | Afternoon | Holy Mass & Meeting, Nellankara |
| 24 | Mon | Afternnon | Chelakkara School |
| 25 | Tue | Morning | Curia Meeting |
| 26 | Wed | All Day | Catechism Award Day |
| 27-28 | | All Day | Aluva Seminary Commission |
| 29 | Sat | Evening | JMMC advisory baord meeting |
| 30-31 | | All Day | ILAAM Conferance, Mangaluru |

# നാളാഗമം

നവംബർ 2021

1. അഭിവന്ദ്യ താഴത്ത് പിതാവ് വൈലത്തൂർ ഇടവകാംഗമായ തലക്കോട്ടൂർ ബിജു + സിജി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് (ആബേൽ) മാമ്മോദീസ നൽകി. വൈകിട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന എക്യുമെനിക്കൽ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കണ്ടാണിശ്ശേരി പള്ളിയിൽ സെമിത്തേരി വെഞ്ചിരിച്ച് വി. ബലി അർപ്പിക്കുകയും സെന്റ് തോമസ് കോളേജിന്റെ കീഴിലുള്ള സെന്റ് തോമസ് അക്കാദമിയുടെ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു. വൈകിട്ട് എക്യുമെനിക്കൽ മീറ്റിംങ്ങിൽ പങ്കെടുക്കുകയും സെന്റ് തോമസ് കോളേജിന്റെ ഒ.എസ്.എ ഓൺലൈൻ ഗ്ലോബൽ മീറ്റിംങ്ങിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ 2017 ൽ തിരുപ്പട്ടം സ്വീകരിച്ച ബഹു. വൈദികരോടു സംവദിക്കുകയും ചെയ്തു.

2. അഭിവന്ദ്യ താഴത്ത് പിതാവ് സകല മരിച്ചവരുടെയും ഓർമ്മദിനത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രലിൽ

വച്ചു നടന്ന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപള്ളിയിൽ സകല മരിച്ചവരുടെയും ഓർമ്മദിനത്തിൽ വി. ബലി അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ 2016 ൽ തിരുപ്പട്ടം സ്വീകരിച്ച ബഹു. വൈദികരോടു സംവദിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് തിരൂർ ഇടവകയിൽ വച്ച് ഏനോക്കാരൻ ജോസ് + ബിൻസി ദമ്പതികളുടെ ആറാമത്തെ കുട്ടിക്ക് (ഏയ്ഞ്ചൽ) മാമ്മോദീസ നൽകി. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിൽ വച്ചു നടന്ന Parents' Day ആഘോഷത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. മേരിമാതാ മേജർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

4. അഭിവന്ദ്യ താഴത്ത് പിതാവ് പൂച്ചിന്നിപ്പാടം ഇടവകാതിർത്തിയിൽ ആരംഭിച്ച ഹോളിഫാമിലി സന്യസിനീ സമൂഹത്തിന്റെ പുതിയ കോൺവെന്റിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് കെ.സി.ബി.സിയുടെ യൂത്ത് പ്രോഗ്രാമിന് പി.ഒ.സിയിൽ നേതൃത്വം നൽകി.

5. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ വച്ച് അപ്പസ്തോലിക നുൺഷ്യോയുമായി കൂടിക്കാഴ്ച്ച നടത്തി. തുടർന്ന ഫരീദാബാദ് രൂപതയുടെ കീഴിലുള്ള അന്ധേരി മോഡിലുള്ള തകർക്കപ്പെട്ട ലിറ്റിൽ ഫ്ളവർ ദൈവാലയം സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറൂർ വിയാനി ഭവനിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് വടക്കേകാരമുക്ക് ഇടവകയിൽ വി. ബലി അർപ്പിച്ചു.

6. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ സെന്റ് മേരിസ് മൈനർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. ഉച്ച കഴിഞ്ഞ് അതിരൂപതാ സംഘടന ഏകോപനസമിതി മീറ്റിംങ്ങിലും പറോക്കിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഓൺലൈൻ മീറ്റിംങ്ങിലും പങ്കെടുത്തു.

7. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ണംകുളങ്ങര ക്രൈസ്റ്റ് ദ കിംഗ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും Memory Garden ന്റെ വെഞ്ചരിപ്പ് നിർവ്വഹിക്കുകയും ചെയ്തു. നിർമ്മലദാസി സന്യാസിനീ സമൂഹത്തിന്റെ ജനറലേറ്റിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും ബഹു. ഇഗ്നേഷ്യന് നന്തിക്കര അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് പള്ളിക്കുന്ന് പള്ളിയിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു. വൈകിട്ട് അഖില കേരള യൂത്ത് സി.എൽ.സിയുടെ ഓൺഗോയിങ്ങ് ഓൺലൈൻ പരിശീലന പരിപാടിയിൽ സന്ദേശം നൽകി.

8. അഭിവന്ദ്യ താഴത്ത് പിതാവ് തലോർ ഇടവകാംഗമായ കല്ലറയ്ക്കൽ ഷാജു + സ്വപ്ന ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. വൈകിട്ട് പുതുതായി നിർമ്മിച്ച കമ്പ്യൂട്ടർ ലാബിന്റെയും കുട്ടികൾക്കായുള്ള പാർക്കിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറപ്പൂർ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച അനുശോചന യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ബഹു. ഡീക്കന്മാരുമായി സംവദിക്കുകയും ചെയ്തു. വൈകിട്ട് പെരിഞ്ചേരി പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.

9. അഭിവന്ദ്യ പിതാക്കന്മാർ വെങ്ങിണിശ്ശേരി ഇടവകാംഗമായ ഫാ. അഗസ്റ്റിൻ മംഗലം അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഫാ. ബെന്നി കൈപ്പുള്ളിപ്പറമ്പന്റെ സഹോദരന്റെ (അരുൺ ജോയി) മൃതസംസ്ക്കാര ശുശ്രൂഷയിലും സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒളരി ഹോളി ഫാമിലി പ്രോവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ ഡീക്കന്മാരുടെ മാതാപിതാക്കൾക്ക് വേണ്ടി സന്ദേശം നൽകി.

10. അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. 2013 ൽ തിരുപ്പട്ടം സ്വീകരിച്ച ബഹു. വൈദികരുമായി സംവദിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുക്കാട്ടുക്കര ബേത്‌ലേഹം കോൺവെന്റിൽ വി. ബലി അർപ്പിച്ചു.

വൈകിട്ട് മീഡിയ കമ്മീഷന്റെ മീറ്റിംങ്ങിലും പാക്ട്, പറോക്, മീറ്റിംങ്ങുകളിലും സംബന്ധിച്ചു.

11. അഭിവന്ദ്യപിതാക്കന്മാർ ഫൊറോന വികാരിമാരുടെ മീറ്റിംങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച പ്രൊഫ. ആനി ജോൺസ് അനുസ്മരണ പുസ്തക പ്രകാശനം രാവിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ നിർവ്വഹിച്ചു. വൈകിട്ട് ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ബോൺ നത്താലെ 2021 നോടനുബന്ധിച്ചുള്ള മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാട് എഫ്.സി.സി. കോൺവെന്റിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് ജൂബിലി മിഷ്യൻ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാരെ ആദരിക്കുന്ന മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യപിതാക്കന്മാർ 2012 ൽ തിരുപ്പട്ടം സ്വീകരിച്ച ബഹു. വൈദികരോട് സംവദിക്കുകയും ചെയ്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി. യിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് തണ്ടിലം ഇടവക ദൈവാലയത്തിൽ വച്ചു നടന്ന ഫാ. തോമസ് വടക്കേത്തല അച്ചന്റെ സുവർണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് കൈക്കാരന്മാരുടെ മീറ്റിംഗിലും മിഷൻ സൺഡേ അവാർഡ് ഡേയിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുളയം എസ്.എൻ.ഡി.എസ്. ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. ഒളരി പള്ളിയിൽ വി. ബലി അർപ്പിച്ച് കൂട് തുറക്കൽ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും ചെയ്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ് കത്തീഡ്രൽ തിരുനാളിനോടനുബന്ധിച്ചുള്ള ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ അവാർഡ് ഡേയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും ആർത്താറ്റിൽ നടന്ന കെ.സി.വൈ.എം

യൂത്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. സെബി ചിറ്റാട്ടുകരയുടെ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. തുടർന്ന് ഹോളി ഫാമിലി സന്യാസസഭാംഗമായ സി. ക്രിസ്റ്റഫറിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വൈകിട്ട് ബോൺ നത്താലെ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് വിശാഖപട്ടണം മിഷൻ സ്റ്റേഷൻ സന്ദർശിച്ചു. അന്നേദിവസം വൈകിട്ട് ഓട്ടോനഗർ ഐ.ടി.ഐ ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപീടിക പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് നെസ്റ്റ് ഡി–അഡിക്ഷൻ സെന്ററിൽ അന്തേവാസികൾക്ക് സന്ദേശം നൽകുകയും ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് അമലാപുരം മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും കിംസ് മെഡിക്കൽ കോളേജ് കാംപസിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. ഉച്ച കഴിഞ്ഞ് അമല ആശുപത്രിയിൽ സംഘടിപ്പിച്ച സി.ബി.സി.ഐ ഹെൽത്ത് കമ്മീഷന്റെ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് അമലാപുരം മിഷൻ സ്റ്റേഷനിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് വിശാഖപട്ടണത്തുള്ള റോസ് ഹിൽ ഫ്രൈൻ സന്ദർശിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് എം.എസ്.എഫ്.എസ്. വിശാഖപട്ടണം പ്രോവിൻഷ്യൽ ബാവിറി സുരേഷ് ബാബുവിനെ സന്ദർശിച്ചു. തുടർന്ന് വിശാഖപട്ടണം ആർച്ച്ബിഷപ്പ് പ്രകാശ് മല്ലവരപ്പിനെ സന്ദർശിച്ചു. ഉച്ചയ്ക്ക് പാലവൽസയിലുള്ള എസ്. എൻ. ഡി. സിസ്റ്റേഴ്സ് നടത്തുന്ന അഗതി മന്ദിരം സന്ദർശിച്ചു. വൈകിട്ട് കുറുപ്പം മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോലഴി പള്ളിയിൽ

മദ്ബഹ വെഞ്ചിരിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. ബഹു. ജോളി വടക്കനച്ചന്റെ അപ്പന്റെ മൃതസംസ്ക്കാര ശുശ്രൂഷ യിൽ അനുശോചന സന്ദേശം നൽകുകയും മരത്താക്കര പള്ളിയിൽ വി. ബലി അർപ്പിക്കുകയും തിരുനാൾ കൊടിയേറ്റം നിർവ്വഹിക്കു കയും ചെയ്തു. വൈകിട്ട് കെ.സി.ബി.സിയുടെ ഓൺലൈൻ മീറ്റിം ങ്ങിലും സെമിനാരി കമ്മീഷൻ ഓൺലൈൻ മീറ്റിംങ്ങിലും സംബ ന്ധിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് പാലവൽസയിലുള്ള എസ്. എൻ. ഡി. സിസ്റ്റേഴ്സ് നടത്തുന്ന അഗതി മന്ദിരത്തിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് ഷംഷാബാദ് ബിഷപ്പ്സ് ഹൗസിൽ എത്തിചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അസ്സീസി പ്രോവിൻഷ്യൽ ഹൗസിലും മരത്താരക്കര പള്ളിയിലും വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് എം.എം.ബി സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ മാന സിക വെല്ലുവിളി നേരിടുന്ന യുവജനങ്ങൾക്കായി പട്ടിക്കാട് ആരം ഭിച്ച സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്റർ വെഞ്ചിരിക്കുയും വി. ബലി അർപ്പിക്കുകയും ചെയ്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് സെക്കന്ദരാബാദ് മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. വൈകിട്ട് ഷംഷാബാദ് ബിഷപ്പ്സ് ഹൗസിന്റെ വെഞ്ചരിപ്പ് കർമ്മത്തിലും ദിവ്യ ബലിയിലും തുടർന്നുള്ള മീറ്റിംഗിലും അഭിവന്ദ്യ പിതാവ് പങ്കെടു ത്തു. അഭിവന്ദ്യ ടോണി പിതാവ് മാർതോമശ്ലീഹയുടെ ഭാരതപ്രവേ ശനത്തോടനുബന്ധിച്ച് പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വി. ബലി അർപ്പിക്കുകയും പൊന്നൂക്കരയിൽ മർത്താ സന്ന്യാസിനീ സമൂഹത്തിന്റെ പുതിയ കോൺവെന്റ് വെഞ്ചി രിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് എസ്. എം.വൈ.എമ്മിന്റെ ഓൺലൈൻ മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമാസിൽ വച്ചു നടന്ന ജെ. ബി. കോശി കമ്മീഷന് മെമ്മോറാണ്ടം സമർപ്പി ക്കുന്ന മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജ്യോതി എൻജിനിയറിംങ്ങ് കോളേജിൽ ന്യൂ കമേഴ്സ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചോറ്റുപാറ പള്ളിയിൽ പറോക് മീറ്റിംങ്ങിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലി യർപ്പിച്ചു. വൈകിട്ട് അത്താണിയിലുള്ള പീസ് ഹോമിന്റെ ജൂബിലി യോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് പുല്ലഴി ക്രിസ്റ്റീന ഹോമിൽ എസ്.എൻ.ഡി.എസ്. സന്യാസസമൂഹത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

24. മണ്ണുത്തി ഹോളിഫാമിലി ജനറലേറ്റിൽ വച്ച് നടന്ന ഹോളിഫാമിലി സന്യാസിനി സമൂഹാംഗങ്ങളുടെ ജൂബിലിയോടനുബന്ധിച്ചുള്ള ദിവ്യ ബലിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യ ബലിയർപ്പിച്ചു. ഒളരി ഇടവകാംഗമായ ഫാ. ലിൻസൺ തട്ടിലിന്റെ പിതാവിന്റെ (പീറ്റർ) മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. വൈകിട്ട് അതിരൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അടാട്ട് സി. എച്ച്. എഫ്. കോൺവെന്റിൽ പുതിയ ബലിപീഠം ആശീർവദിച്ച് വി. ബലി അർപ്പിച്ചു. മണ്ണുത്തിയിലെ സമ രിറ്റൻ കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

26. അഭിവന്ദ്യ പിതാക്കന്മാർ ആലോചനാ സമിതി മീറ്റിംഗിൽ സംബന്ധി ച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാച്ചേരി മൈനർ സെമിനാ രിയിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് മുള്ളൂർക്കരയിലെ ബി. എഡ് കോളേജിലെ ഗ്രാജുവേഷൻ ചടങ്ങിൽ മുഖ്യാതിഥിയായി. വൈകിട്ട് കെ.സി.ബി.സിയുടെ വെബിനാറിലും എൽ.ആർ.സിയുടെ വെബിനാറിലും പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് പൊങ്ങണംകാട് ദൈവാലയത്തിൽ ബലി പീഠം കൂദാശ ചെയ്തു. ഉച്ചക്കഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന നഴ്സസ് ഗിൽഡ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വരാക്കര പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും പൗരോഹിത്യ ത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് വടക്കേത്തലയച്ചന് ഗുരുവായൂരിൽ ആശംസകൾ നേർന്നു. മുളയം

ദൈവാലയത്തിൽ വച്ചു നടന്ന നിർമ്മലദാസി സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

28. അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ സഭയിലെ ഏകീകരിച്ച കുർബാനക്രമമനുസരിച്ച് ലൂർദ്ദ് കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് നിർമ്മലപുരം ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പുത്തൻപള്ളിയുടെ പ്രതിഷ്ഠ ദിനത്തിൽ വി. ബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.


29. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരിസ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ലൂർദ്ദ്നാഥാ പ്രോവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയാഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ് എടുത്തു. വൈകിട്ട് ഗുഡ്നെസ് ടിവിക്ക് വേണ്ടി യുവജനങ്ങൾക്കായി വീഡിയോ സന്ദേശം നൽകി.

30. അഭിവന്ദ്യ താഴത്ത് പിതാവ് പുല്ലഴി ക്രിസ്റ്റീന ഹോമിൽ ദിവ്യബലിയർപ്പിച്ചു. അതിരൂപത വൈദിക സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## രണ്ടാം ശനിയാചരണം

രണ്ടാം ശനിയാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് ഡിസംബർ 11–ാം തിയതി രാവിലെ 10.00 മണിക്ക് മുല്ലശ്ശേരി, പോന്നോർ എന്നീ സി.എസ്.സി. സമൂഹങ്ങളിലെ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഇടവകസമൂഹം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ആരാധനയ്ക്കു നേതൃത്വം നൽകിയത് ഈ സഹോദരിമാരായിരുന്നു. 10.30ന് ആരംഭിച്ച ദിവ്യബലിക്ക് നേതൃത്വംവഹിച്ചത് പാവറട്ടി സെന്റ് ജോസഫ് ആശ്രമത്തിന്റെ സുപ്പീരിയർ ബഹു. ആന്റണി വേലത്തിപറമ്പിൽ സി.എം.ഐ. അച്ചനായിരുന്നു.



തിൻമകൾക്ക് വളരെയേറെ ശോഭയുള്ള ഒരു കാലഘട്ടമാണി തെങ്കിലും വർഷമെത്ര കഴിഞ്ഞാലും നൻമകളെ ദൈവം നിലനിർത്തു മെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു ധന്യപിതാവിന്റെ സ്മരണയിലാണ് നാം. പുല്ല് താനെ വളരും നെല്ല് കൃഷി ചെയ്യണം, പുല്ലങ്ങനെ തനിയെ വളർന്നുകൊള്ളും, യാതൊരു സംരക്ഷണവും വേണ്ട. എന്നാൽ വെള ളവും വളവും വെളിച്ചവും കൊടുത്ത് വളർത്തേണ്ടതാണ് നെല്ല്. പുല്ലിനെ ചീത്ത കാര്യങ്ങളും നെല്ലിനെ നല്ല കാര്യങ്ങളുമായി നമുക്ക് കണക്കാ ക്കാം. ഇത്തരം നല്ല കാര്യങ്ങളെ സ്വജീവിതത്തിൽ വളർത്തിയെടുത്ത ഊക്കനച്ചന്റെ സാന്നിധ്യത്തിൽ ആയിരിക്കുമ്പോൾ നാം ഓർക്കേ ണ്ടതെന്താണ്? രണ്ട് വയസ്സിൽ അമ്മ മരിച്ചാലും ആറ് വയസ്സിൽ അപ്പൻ മരിച്ചാലും ഒരുതോർത്ത് മുണ്ട് മാത്രമായിട്ട് കല്യാണവീട്ടിൽ നിന്നും പോകേണ്ടി വന്നാലും ദൈവം കൂടെയുണ്ടെന്നും, ദൈവം വിതച്ച വിത്തു കൾ തന്റെ ജീവിതത്തിലൂടെ ഫലം പുറപ്പെടുവിക്കുമെന്നും, ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ജീവിതങ്ങങ്ങൾ നശിച്ചു പോകുന്നതല്ലയെന്നും, വലിയ വിശുദ്ധിയോടുകൂടി അനേകം വർഷങ്ങളിലേക്ക് നല്ല ദൈവം കാത്തുസൂക്ഷിക്കുന്നുവെന്നും ഓർമ്മപ്പെടുത്തുന്ന ഒരു മഹാവിസ്മയ ത്തിന്റെ മുമ്പിലാണ് നാമെന്നുള്ളത്.

ഊക്കനച്ചൻ പറയുന്നു. 'ഞാൻ ജീവിക്കുന്നെങ്കിൽ അങ്ങയുടെ മഹത്വത്തിനായിമാത്രം.' കഷ്ടപാടുകളിലൂടെ സഹനങ്ങളിലൂടെ കടന്നു പോകുമ്പോഴും തളരാതെ, തകരാതെ എങ്ങനെ വിശുദ്ധ ജീവിതം നയി ക്കാമെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു.'യേശുവേ അങ്ങ് എന്റെ ഹൃദ യത്തിൽ ജനിച്ച് എന്നിൽ വളരുക. അങ്ങനെ എന്റെ ജീവിതം അങ്ങേക്ക് അനുരൂപമാകട്ടെ.'യേശുവിന് തന്റെ ഹൃദയത്തിൽ ജൻമം നൽകുകയും അതിനെ വളർത്തിയെടുക്കുകയും ചെയ്ത പുണ്യപിതാവാണദ്ദേഹം. ഇത് Automatic ആയി നടക്കുന്ന കാര്യമല്ല, മറിച്ച് പ്രാർത്ഥനയിലധി ഷ്ടിതമായ പ്രവർത്തനനിരതമായ ജീവിതത്തിലൂടെ നേടിയെടുക്കേ ണ്ടതാണ് വിശുദ്ധിയിൽ വളരണമെങ്കിൽ, യേശുവിനെ എന്നിലൂടെ വളർത്തണങ്കിൽ – കുടുംബപ്രാർത്ഥനകൾ സജ്ജീവമാക്കണം; ദിവ്യ ബലിയിൽ ഭക്തിയോടെ പങ്കെടുക്കണം; ഭക്തസംഘടനകളിൽ പ്രവർത്തി ക്കണം; സത്യസന്ധമായ വാക്കുകൾ പറഞ്ഞ് മുന്നോട്ട് പോകണം; നൻമ ചെയ്ത് ജീവിക്കാൻ വി. ഗ്രന്ഥം വായിക്കണം. യേശുവിന്റെ കരു ണാർദ്രസ്നേഹത്താൽ ഉയിർത്തപ്പെട്ട സ്മാരകമാണ് – താൻ എന്നു തിരിച്ചറിഞ്ഞപ്പോൾ ഊക്കനച്ചൻ ഇങ്ങനെ ഉദ്ഘോഷിച്ചു: 'എന്റെ നാവിന്റെ കെട്ടഴിക്കുക ഞാൻ അങ്ങയുടേയും അമ്മയുടേയും സ്തുതി

കൾ പാടട്ടെ.' ധന്യമായ ജീവിതം നയിച്ചവരെല്ലാം ഇപ്രകാരമുള്ളവരായിരുന്നു. സഹനങ്ങളും പ്രതിസന്ധികളും ജീവിതത്തിൽ നേരിടേണ്ടി വന്നപ്പോൽ ഞാൾ നശിച്ചുപോയി എന്നല്ല ഈ പുണ്യപിതാവ് പറഞ്ഞത്; മറിച്ച് ഈ പ്രക്ഷുബ്ധാവസ്ഥയിലും സ്തുതിഗീതങ്ങളാലപിക്കാൻ തന്റെ നാവിന്റെ കെട്ടുകൾ അഴിക്കണേയെന്നാണ്. നമ്മുടേയും ജീവിതശൈലി ഇപ്രകാരമുള്ളതായിരിക്കട്ടെ! ഈശോയുടെ ജനനതിരുന്നാളിന് എന്നതുപോലെ അനുദിനവും ഈശോ ഉള്ളിൽ ജനിക്കാൻ നമുക്കും പ്രാർത്ഥിക്കാം. തനിക്ക് ലഭിച്ച ദൈവീകകൃപകളെ അപരരുടെ നൻമക്കായി വളർത്തികൊണ്ടുവന്ന ഊക്കനച്ചന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ ദൈവീകനൻമകൾ നിറഞ്ഞ് മുന്നോട്ട് പോകുവാനായിട്ട് നമുക്കും പരിശ്രമിക്കാം.

ജപമാലയർപ്പണത്തിലും ദിവ്യബലിയിലും ആരാധനയിലും അനേകംപേർ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി. തുടർന്ന് നേർച്ച ഊട്ടും ഉണ്ടായിരുന്നു. തിരുകർമ്മങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും ചൊവ്വന്നൂർ പള്ളിവികാരി ബഹു.ഫാ. ജോജോ എടത്തിരുത്തി നന്ദിയർപ്പിച്ചു. ഡിസംബർ മാസത്തിലെ രണ്ടാം ശനിയാചരണം ഏറ്റെടുത്തു നടത്തിയത് കുട്ടൻകുളം മോഹനനും കുടുംബവും ആയിരുന്നു.


നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

താലന്തുകളുടെ ഉപയോഗത്തിനും ഉത്തരവാദിത്വ നിർവ്വഹണത്തിനും സ്നേഹത്തിന്റെ കല്പനക്കും ക്രൈസ്തവജീവിതത്തിൽ ഉള്ള പ്രാധാന്യം വ്യക്തമാക്കുവാൻ അച്ചൻ നൽകുന്ന സാരോപദേശങ്ങൾ ഈ പുതുവർഷാരംഭത്തിൽ മനസ്സിലോർക്കാം.

നമുക്കു കിട്ടിയ താലന്തുകളെ പങ്കിട്ടു കൊടുക്കാതെ കുഴിച്ചുമൂടി നാം അഭിമാനിക്കുന്നതിൽ എന്തു യോഗ്യതയാണുള്ളത്? അച്ചൻ ചോദിക്കുന്നു.

വി. തോമാശ്ലീഹ ഇന്ത്യയിലേക്ക് വന്നുകൊണ്ടിരിക്കുമ്പോൾ ചോളമണ്ഡലത്തിലെ രാജാവ് സ്വപ്നത്തിൽ ഒരു മനോഹര രാജധാനി കാണുന്നു. ഹാബാൻ എന്ന കച്ചവടക്കാരനോട് അദ്ദേ ഹം വിവരം പറഞ്ഞു. കർത്താവ് ഒരു യാത്രക്കാരന്റെ വേഷത്തിൽ ഹാബാനോടു സംസാരിക്കുകയും മഹാശില്പിയായ ഒരുവൻ വരു ന്നുവെന്ന് അറിയിക്കുകയും ചെയ്യുന്നു. തോമായെ കണ്ടുമുട്ടുന്ന ഹാബാൻ അദ്ദേഹത്തെ രാജാവിന്റെ അരമനയിലേയ്ക്ക് കൂട്ടിക്കൊണ്ടു വരുന്നു. തോമായ് ക്ക് കൊട്ടാരം പണിയാൻ വളരെയധികം പണം രാജാവ് കൊടുത്തു. പണി തീർത്ത കൊട്ടാരമൊന്നും കാണാത്തതിനാൽ പരദേശസന്യാസിയായ തോമായ്ക്ക് പണം കൊടുത്തത് വിഡ്ഢിത്തമായെന്ന് രാജാവ് ചിന്തിക്കുന്നു. ആയിടക്കാണ്



അയാളുടെ ഏകമകൻ മരിക്കുന്നത്. മൃതസംസ്കാരസമയത്ത് മകൻ എഴുന്നേറ്റുവരികയും തോമ പണിയുന്ന അരമന താൻ (സ്വപ്നത്തിൽ) കണ്ടു എന്നു പറയുകയും ചെയ്യുന്നു.

തനിക്ക് ലഭിച്ച പണം കൊണ്ട് തോമാശ്ലീഹ പരോപകാര പ്രവൃത്തികൾ ചെയ്യുകയായിരുന്നു എന്ന തോമ നടപടിയിലെ പാരമ്പര്യമാണ് അച്ചൻ നമ്മെ പഠിപ്പിക്കുന്നത്.

കൊച്ചുകുട്ടികളുടെ പ്രാർത്ഥനാശക്തി കാണിക്കാൻ അച്ചൻ നല്കുന്ന മറ്റൊരു കഥ.

ഒരിക്കൽ ഒരു മാതാപിതാക്കന്മാർക്ക് രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. രണ്ടുപേരും കുഞ്ഞുനാളിലെ മരിച്ചുപോയി. പിതാവിനു വയസ്സായി. കാഴ്ചയില്ലാതെയുമായി. അമ്മക്കു നടക്കാൻ സാധിക്കാതെയായി. കുമ്പസാരിക്കാനും മറ്റു കൂദാശകൾ കൈക്കൊള്ളാനും പള്ളിയിൽ പോയി പറയാൻ ആരുമില്ല. അങ്ങനെയിരിക്കേ, വികാരിയച്ചൻ പള്ളിയിൽ പ്രാർത്ഥിക്കുന്ന സമയത്ത് രണ്ടു അൾത്താര കുട്ടികൾ തിരിയും കത്തിച്ചു അച്ചന്റെ അടുത്തു മുട്ടുകുത്തി. അച്ചന്റെ പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ തിരിയോടുകൂടെ നടന്നു. കൗതുകം തോന്നി അച്ചൻ അവരോടുകൂടെ പുറപ്പെട്ടു. ഒരു വീട്ടിൽ എത്തി. കുട്ടികൾ ഗോവണിയുടെ മുകളിലേക്ക് പോയി. അടച്ചിരുന്ന വാതിലിൽ മുട്ടിയപ്പോൾ ആ വൃദ്ധദമ്പതിമാരുടെ വീടായിരുന്നു അത്. അവർക്ക് വലിയ സന്തോഷമുണ്ടായി. കൂദാശകൾ കൈക്കൊണ്ടു. പക്ഷെ കുട്ടികളെ നോക്കിയിട്ട് കാണാൻ സാധിച്ചില്ല. എന്നാൽ ആ വീട്ടിലെ ഒരു ഫോട്ടോയിൽ നോക്കിയപ്പോൾ അച്ചൻ കണ്ടത് ആ രണ്ടു കുട്ടികളുടെ പടമാണ്. അച്ചന് കാര്യം മനസ്സിലായി.

നന്മ ചെയ്യാനും പരസ്പരം ഭാരം വഹിക്കാനും അച്ചൻ നല്കുന്ന ഉപദേശകഥകൾ പുതുവർഷത്തിൽ നമുക്ക് പ്രാവർത്തികമാക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |

ഫാ ആന്റണി കൊള്ളന്നൂർ 21
ഫാ. ആന്റണി തെക്കിനിയത്ത് 21
ഫാ. പോൾ കാപ്പാനി 22
ഫാ. ജിസോ കുറ്റിക്കാട്ട് 25
ഫാ. സെബി കാഞ്ഞിരത്തിങ്കൽ 26
ഫാ. ഷാന്റോ തലക്കോട്ടൂർ 27
ഫാ. ജസ്റ്റിൻ  പൂഴിക്കുന്നേൽ 30




## നാമഹേതുകതിരുനാൾ

ഫാ. സിറിയക് ചാലിശ്ശേരി 03
ഫാ. ജോയ്സൻ ചെറുവത്തൂർ 03
ഫാ. കുരിയാക്കോസ്
കൊച്ചുപുരക്കൽ 03
ഫാ. റിഞ്ചോ ഓലപ്പുരക്കൽ 03
ഫാ. ജെയ്സൻ വടക്കേത്തല 03
ഫാ. ആഡ്വിൻ ഐനിക്കൽ 20
ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ 20
ഫാ. ബാസ്റ്റിൻ ആലപ്പാട്ട് 20
ഫാ. ഡേവിസ് ചക്കാലക്കൽ 20
ഫാ. സെബാസ്റ്റ്യൻ ചാലക്കൽ 20
ഫാ. ഡേവിസ് ചെറയത്ത് 20
ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ 20
ഫാ. സിംസൺ ചിറമ്മൽ 20
ഫാ. ഏബിൾ ചിറമ്മൽ 20
ഫാ. ഡെന്നി ചിറയത്ത് 20
ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് 20
ഫാ. ജോജു ചിരിയങ്കണ്ടത്ത് 20
ഫാ. സെബി ചിറ്റാട്ടുകര 20
ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ 20
ഫാ. സെബി ചിറ്റിലപ്പിള്ളി 20
ഫാ. ഷെൽറ്റൺ  ചിറ്റിലപ്പിള്ളി 20

| | |
|---|---|
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ജിനു പയ്യപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. മേച്ചേരി ഔസേപ്പ് | 06.01.1916 |
| ഫാ. ഇരിമ്പൻ ഗീവർക്ഷീസ | 01.01.1917 |
| ഫാ. തേറാട്ടിൽ പൊറിഞ്ചു | 31.01.1941 |
| ഫാ. എടത്തുരുത്തിക്കാരൻ ജോൺ | 11.01.1948 |
| ഫാ. മണവാളൻ ജോസഫ് | 18.01.1950 |
| ഫാ. മഞ്ഞളി ഇഗ്നേഷ്യസ് | 10.01.1952 |
| ഫാ. പോട്ടോക്കാരൻ ജേക്കബ് | 02.01.1968 |
| ഫാ. പാലയൂർ മാത്യു | 10.01.1972 |
| ഫാ. മേനാച്ചേരി സിറിയക് | 04.01.1975 |
| ഫാ. കുണ്ടുകുളം പീറ്റർ | 23.01.1976 |
| ഫാ. ആളൂർ പോൾ | 21.01.1982 |
| മോൺ. അക്കര ജോർജ്ജ് | 21.01.1983 |
| ഫാ. മഞ്ഞളി ജേക്കബ് | 30.01.1984 |
| ഫാ. തെക്കിനിയത്ത്ജോസഫ് | 19.01.1985 |
| ഫാ. കിടങ്ങൻ മാത്യു | 04.01.1989 |
| ഫാ. എലുവത്തിങ്കൽ ജോൺ | 02.01.1990 |
| ഫാ. തരകൻ ആന്റണി | 07.01.1992 |
| ഫാ. തേർമഠം സെബാസ്റ്റ്യൻ | 13.01.1997 |
| ഫാ. ആലപ്പാട്ട് പോൾ സീനിയർ | 08.01.2005 |
| ഫാ. പൊറത്തൂർ ലാസർ | 08.01.2006 |
| ഫാ. മഞ്ഞളി ജോസഫ് ഡി. | 23.01.2006 |
| ഫാ. ചാലക്കൽ ആന്റണി | 06.01.2009 |
| ഫാ. ചാഴൂർ ജോസഫ് | 04.01.2014 |
| മോൺ. തലച്ചിറ തോമസ് | 11.01.2014 |
| ഫാ. അന്തിക്കാട്ട് നിക്കോളസ് | 17.01.2016 |
| ഫാ. ചാലക്കൽ ലൂവീസ് | 15.01.2021 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

നവംബർ 2021

**1. എം എം ബി**

'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്' എന്ന യേശു വചനമാണ് മറ്റുള്ളവരുടെ സേവനത്തിനായി സ്വയം സമർപ്പിക്കാൻ ഓരോ ക്രൈസ്തവനേയും പ്രചോദിപ്പിക്കുന്നത്. ഭിന്നശേഷിക്കാർക്കായുള്ള സേവനം യേശുവിന്റെ ഈ ദിവ്യാഹ്വാനത്തിന്റെ സമൂർത്തഭാവമാണെന്ന് നിസംശയം പറയാമെന്ന് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അഭിപ്രായപ്പെട്ടു. തൃശൂർ അതിരൂപത ആസ്ഥാനമാക്കി വിവിധ തരത്തിലുള്ള പ്രേഷിത പ്രവർത്തനങ്ങൾ ചെയ്തുവരുന്ന സഹോദരസന്യാസ സമൂഹമായ മലബാർമിഷനറി ബ്രദേഴ്സിന്റെ സെന്റ് തോമസ് പ്രൊവിൻസിന്റെ കീഴിൽ ജ്യോതി ആശ്രമത്തോട് ചേർന്ന് ഭിന്നശേഷിക്കാരായ സഹോദരങ്ങളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനുമുള്ള സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്റർ നവംബർ 20–ാം തീയതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാ

വ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മലബാർ മിഷനറി ബ്രദേഴ്സ് സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അദ്ധ്യക്ഷനായിരുന്നു. സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ബ്രദർ ജോസ് ചുങ്കത്ത് എം.എം.ബി. സ്വാഗതം ആശംസിച്ചു. പട്ടിക്കാട് ഫൊറോന വികാരി ഫാ. ജോൺ അയ്യങ്കാനയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. പി. രവീന്ദ്രൻ മാസ്റ്റർ പ്രഥമാംഗങ്ങളെ സ്വീകരിച്ചു. കേരളാ ഗവൺമെന്റ് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ ഫാ. ലിജോ ചിറ്റിലപ്പിള്ളി ഔദ്യോഗിക അംഗീകാരപത്ര സമർപ്പണം നടത്തി. പട്ടിക്കാട് സി. ഐ.. ശ്രീ. ഷുക്കൂർ എസ്., പാണഞ്ചേരി പഞ്ചായത്ത് മെമ്പർ ശ്രീമതി ഷൈലജ വിജയകുമാർ, ഹോളിഫാമിലി മൂവാറ്റുപുഴ പ്രൊവിൻസ് വികർ പ്രൊവിൻഷ്യൽ സി. അൽഫോൺസ് മരിയ സി. എച്ച്. എഫ്., സ്നേഹാലയം ഫ്രട്ടേണിറ്റി അംഗം ശ്രീമതി മിനി ഭാസ്കരൻ എന്നിവർ ആശംസകൾ നേർന്നു. സ്നേഹാലയം റിഹാബിലിറ്റേഷൻ സെന്റർ മാനേജർ ബ്രദർ പോളി തൃശ്ശോക്കാരൻ എം. എം. ബി. നന്ദി പറഞ്ഞു.

**2. സി.എം.സി.**

യേശുവിനെ അറിയാത്തവർക്ക് സുവിശേഷമേകാനും സുവിശേഷമാകാനും ലക്ഷ്യം വച്ചുകൊണ്ട് പഞ്ചാബിലെ ഗ്രാമപ്രദേശങ്ങളിൽ മറ്റു സിസ്റ്റേഴ്സിനൊപ്പം ഒരുമാസം താമസിച്ച് സി. റിറ്റി വലിയ തീക്ഷണതയോടെ സുവിശേഷപ്രഘോഷണം നടത്തുകയുണ്ടായി. സി.എം.സി. സംയോജനത്തിന് നേതൃത്വം നൽകിയ ദൈവദാസി മദർ മേരി സെലിനേയും അഭിവന്ദ്യ ഹിപ്പോളിറ്റസ് കുന്നുങ്കൽ OFM.Cap നേയും നന്ദിയോടെ സ്മരിച്ചുകൊണ്ട് സംയോജനദിനമായ 16 ന് എല്ലാ സി.എം.സി ഭവനങ്ങളിലും പ്രത്യേക ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും നാളിതുവരെ ദൈവം തന്ന അവർണനീയ ദാനങ്ങൾക്കായി നന്ദി പറയുകയും ചെയ്തു. ആലുവ ജനറലേറ്റിൽ നിന്ന് എല്ലാ പ്രോവിൻസുകൾക്കുമായി നടത്തിയ മീഡിയ ഗൂഗിൾ മീറ്റിൽ പ്രൊ. കൗൺസിലർ സി. റാണി ജോർജ്ജും, മീഡിയ സെൽ മെമ്പേഴ്സും പങ്കെടുത്തു. വി.ചാവറ കുര്യാക്കോസ് ഏലിയാസിന്റേയും വി. എവുപ്രാസ്യമ്മയുടേയും വിശുദ്ധപദ പ്രഖ്യാപനത്തിന്റെ 7–ാം വാർഷികത്തോടനുബന്ധിച്ച് നവംബർ 23 ന് ഒല്ലൂരിൽ വച്ച് നടന്ന തിരുകർമ്മങ്ങളിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു. അന്നേദിനം മാന്നാനത്ത് വച്ച് നടന്ന ആഘോഷമായ ദിവ്യബലിയിൽ വികർ പ്രൊവിൻഷ്യൽ സി. സാലി പോളും മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു. നിർമലദാസി സന്യാസിനി സമൂഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പ്രൊ.സുപ്പീരിയർ സി.

ക്രിസ്‌ലിൻ സി.എം.സി. പങ്കെടുത്ത് ആശംസകൾ നേർന്നു. ഇന്റർനാഷണൽ മാതൃവേദിയുടെ വെബിനാറിൽ വികർ പ്രൊവിൻഷ്യൽ സി. സാലി പോൾ ആശംസകളർപ്പിച്ച് അംഗങ്ങളെ പ്രബുദ്ധരാക്കി.

**3. എഫ്.സി.സി**

നവംബർ 1–ാം തീയതി എഫ്.സി.സി കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറലായി ബഹു. സി. ലിറ്റി (ചങ്ങനാശ്ശേരി)യെ തെരഞ്ഞെടുത്തു.സി. റോസ് അനിത (തൃശൂർ) അസി. സുപ്പീരിയർ ജനറലാ യും, സി. പ്രിൻസി റോസ് (ഭോപ്പാൽ), സി. ജ്യോതിസ് (കോതമംഗലം), സി. ജൂലി (കാഞ്ഞിരപ്പള്ളി), സി. മേഴ്സി (ഹസാരിബാഗ്), സി. ജോസിയ (ഇരിഞ്ഞാലക്കുട) എന്നിവർ ജനറൽ കൗൺസിലേഴ്സായും, സി. ലിന്റാ റോസ് മാനന്തവാടി ഫൈനാൻസ് ഓഫീസറായും സി. മെർളിൻ (ജലന്തർ) സെക്രട്ടറി ജനറലായും തെരഞ്ഞെടുക്കപ്പെട്ടു. നവംബർ 4–ാം തീയതി മമ്മിയൂർ എൽ. എഫ് കോൺവെന്റിലെ ആശ്രമശുശ്രൂഷി മേരി സി.ഡി ( 77 വയസ്സ് ) 4–ാം തീയതി രാവിലെ 6 മണിയ്ക്ക് നിര്യാതയായി. അന്നു തന്നെ 4.30ന് പാലയൂർ സെന്റ് തോമസ് ആർച്ച് എപ്പിസ്കോപ്പൽ ചർച്ച് ആർച്ച് പ്രീസ്റ്റും മഠം ചാപ്ളെയ്നുമായ ഫാ. വർഗ്ഗീസ്സ് കരിപ്പേരിയുടെ മുഖ്യകാർമ്മികത്വത്തിൽ പൊയ്യ സെന്റ് എഫ്രേം ദേവാലയത്തിൽ മൃതസംസ്ക്കാരകർമ്മം നടത്തി.നവംബർ 13–ാം തീയതി അസി. സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട ബഹു. സി. റോസ് അനിതയ്ക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നവംബർ 13–ാം തീയതി മുതൽ 18–ാം തീയതി വരെ റവ. ഫാ. വിൽസൻ കൊടുങ്ങുക്കാരൻ OFMCമുന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ സിനാക്സസിനൊരുക്കമായി നടത്തിയ ധ്യാനത്തിൽ 95 പേർ പങ്കെടുത്തു. നവംബർ 20–ാം തീയതി സിനാക്സിന്റെ വിജയത്തിനായി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസ് അംഗങ്ങളോടൊന്നിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നവംബർ 18 മുതൽ 22 വരെ തീയതികളിൽ നടന്ന പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിൽ ബ. സി. ലിറ്റിൽമേരി പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. സി. ഫോൺസി മരിയ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരിയറായും, സി.അൻസ ജോൺ, സി. മെർളി മാടക്കായ്, സി. ഫിലോ ജീസ് എന്നിവർ കൗൺസിലേഴ്സായും സി. നാൻസി മരിയ ഫൈനാൻസ് ഓഫീസറായും സി.മരിയ ജെയ്ൻ പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

നവംബർ 23–ാം തീയതി മുളയം നിർമ്മലദാസി കോൺഗ്രിഗേഷന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരിയും കൗൺസിലേഴ്സും പങ്കെടുത്ത് മംഗളം ആശംസിച്ചു. നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ പ്രൊവിൻഷ്യൽ ടീമും അസ്സീസി ഭവനാംഗങ്ങളും ബിഷപ്പ് ഹൗസിൽ ചെന്ന് പ്രാർത്ഥനാമം ഗളങ്ങൾ ആശംസിച്ചു. നവംബർ 30–ാം തീയതി കാൽവരി ആശ്രമത്തി ലെയും മരത്താക്കര അസ്സീസി നിലയത്തിലെയും ഹോം ഡേയിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.

**4. എസ്.എ.ബി.എസ്.**

കോവിഡ് പശ്ചാത്തലത്തിൽ എല്ലാവരും ഒരുമിച്ചുകൂടുക അസാധ്യമായതിനാൽ നവംബർ മാസത്തിൽ 4 ദിനങ്ങളിലായി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രോവിൻസ് ഡേ ആഘോഷിച്ചു. തിരുമണിക്കൂറും, പരിശുദ്ധ അമലോത്ഭവ മാതാവിനുള്ള സമർപ്പണവും, സ്നേഹവിരുന്നും ഈ ദിനങ്ങൾക്ക് ഉണർവ്വേകി. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ തലങ്ങളിൽ മികവ് തെളിയിച്ചവരേയും, പ്രോവിൻസ് ഡേ യോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ സമ്മാനാർഹരായവരേയും ആദരിച്ചു. 21, 22 തിയതികളിൽ ചേറ്റുപുഴയിൽവച്ച് ഫോർമേഷനിലുള്ള അർത്ഥിനികളെ ഒരുമിച്ചുകൂട്ടി Vocation appreciation day നടത്തി. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അർത്ഥിനികളുടെ ഇടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും, സ്വന്തം ദൈവവിളിയുടെ മഹത്വം തിരിച്ചറിയുന്നതിനും, പരസ്പരം പ്രോത്സാഹനം നൽകി വളർത്തുന്നതിനും ഈ അവസരം ഉപകരിച്ചു. ഓൺലൈൻ വഴി ബഹു വൈദികരുടെയും സിസ്റ്റേഴ്സിന്റേയും ക്ലാസ്സുകളും in door– out door games, കലാപരിപാടികൾ എന്നിവയും ഈ ദിനത്തെ കൂടുതൽ ആകർഷണീയമാക്കി.

**5. എസ്.എൻ.ഡി.എസ്**

നവംബർ 13ന് മുളയം സെന്റ് പാട്രിക് ഇടവക ദേവാലയത്തിൽവച്ച് നമ്മുടെ 3 സഹോദരിമാരുടെ ആദ്യവ്രതവാഗ്ദാനവും 3 സഹോദരിമാരുടെ നിത്യവ്രത വാഗ്ദാനവും നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. ആന്റണി കുരുതുകുളങ്ങര, ജനറലേറ്റ് കപ്ലോൻ ഫാ. ബിൽജു വാഴപ്പിള്ളി, ഫാ. ഡേവീസ് കാവുങ്കൽ, ഫാ. അനിൽ അക്കര എസ്.ഡി.വി. എന്നിവർ സഹകാർമ്മികരായിരുന്നു. നവംബർ 27 ശനിയാഴ്ച രാവിലെ 10 മണിക്ക് മുളയം സെന്റ് പാട്രിക്

ദേവാലയത്തിൽവച്ച് സുവർണ്ണജൂബിലി സമാപനാഘോഷം സീറോമ ലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കർദിനാൾ ആലഞ്ചേ രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞത ബലിയോടെ ആയിരുന്നു ആഘോഷങ്ങളുടെ തുടക്കം. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത, മാർ ആൻഡ്രൂസ് താഴത്ത്, എമിരറ്റസ് മെത്രാപ്പൊലീത്ത മാർ ജേക്കബ് തൂങ്കുഴി, പാലക്കാട് രൂപത മെത്രാൻ മാർ ജേക്കബ് മനത്തോടത്ത്, ഷം ഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ, ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, രാമനാഥപുരം രൂപത മെ ത്രാൻ മാർ പോൾ ആലപ്പാട്ട്, സെന്റ് തോമസ് കൂരിയ ചാൻസലർ ഫാ. വിൻസെന്റ് ചെറുവത്തൂർ, സെന്റ് പാട്രിക് മുളയം ഇടവക വികാരി ഫാ. ആന്റണി കുരുതുകുളങ്ങര, എന്നിവർ സഹകാർമ്മികരായിരുന്നു. മാർ റാഫേൽ തട്ടിൽ വചനസന്ദേശം നൽകി. തുടർന്ന് നടന്ന പൊതു സമ്മേളനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത, മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പാലക്കാട് മെത്രാൻ മാർ ജേക്കബ് മന ത്തോടത്ത് ആദ്ധ്യക്ഷത വഹിച്ചു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, രാമനാഥപുരം രൂപത മെത്രാൻ മാർ പോൾ ആലപ്പാട്ട്, മേരിമാത മേജർ സെമിനാരി റെക്ടർ ഫാ. ജെയ്സൻ കൂനംപ്ലാക്കൽ, CRI തൃശൂർ പ്രസിഡന്റും ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ വൈസ് സുപ്പീരിയർ ജനറലുമായ സി. റോസ് അനിത FCC, നിർമ്മല പ്രോവിൻസ് തൃശൂർ, പ്രൊവി. സുപ്പീരിയർ സി. ക്രിസ്‌ലിൻ CMC എന്നിവർ ജൂബിലി ആശംസകൾ അർപ്പിച്ചു. ഫാ. സിറിയക് കണിച്ചായി രൂപപ്പെടുത്തിയ നിർമലദാസ്യ യോഗം എന്ന സമൂഹത്തിന്റെ ചരിത്ര ഗ്രന്ഥം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മാർ ജേക്കബ് മനത്തോ ടത്ത് പിതാവിന് നൽകി പ്രകാശനം ചെയ്തു. സെന്റ് പാട്രിക് മുളയം ഇടവക വികാരി ഫാ. ആന്റണി കുരുതുകുളങ്ങര പുസ്തകം പരിചയ പ്പെടുത്തി. സുപ്പീരിയർ ജനറൽ സിസ്റ്റർ ചിന്നമ്മ കുന്നക്കാട്ട് സ്വാഗ തവും. അസി. സുപ്പീരിയർ ജനറൽ സിസ്റ്റർ എൽസി ഇല്ലിക്കൽ യോഗ ത്തിന് നന്ദിയും പറഞ്ഞു.

**6. സി.എച്ച്.എഫ്**

നവജ്യോതി പ്രോവിൻസിന്റെ കീഴിൽ പൂച്ചിന്നിപ്പാടം ഇടവക യിൽ ഹോമിയോ ക്ലിനിക്കായി പ്രവർത്തിച്ചിരുന്ന ഭവനം കോൺ വെന്റാക്കി പുതുക്കി പണിയുകയും 04/11/2021 വ്യാഴാഴ്ച തൃശ്ശൂർ അതി രൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാ വിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ കോൺവെന്റിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിക്കുകയും പള്ളി കൂദാശ ചെയ്യുകയും

ചെയ്തു. ഇടവകജനങ്ങളും സിസ്റ്റേഴ്സും പങ്കെടുത്ത പ്രസ്തുത കർമ്മത്തിൽ സുപ്പീരിയറായി സി. ഗ്രെയ്സ് പോളിനേയും കോൺവെന്റ് കപ്ലോനായി ഫാ. ആന്റോ ചിറയത്തിനേയും പിതാവ് നിയോഗിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസിന്റെ നേതൃത്വത്തിൽ 06/11/2021 ന് രാവിലെ 10.30 മുതൽ 4 മണി വരെ പ്രൊവിൻഷ്യൽ പ്ലീനറിയും ഉച്ചകഴിഞ്ഞ് 6 മുതൽ 09/11/2021 വരെ പ്രൊവിൻഷ്യൽ സിനാക്സിസും നടത്തപ്പെട്ടു. സിനാക്സിസ് അംഗങ്ങളോടു സംസാരിക്കുന്നതിനും വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്നതിനുമായി ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ ടോണി നീലങ്കാവിൽ പിതാവും നവജ്യോതി പ്രൊവിൻഷ്യലേറ്റ് സന്ദർശിച്ചു. നവജ്യോതി എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനധ്യാപകരുടേയും സ്റ്റാഫ് സെക്രട്ടറിമാരുടേയും ഒരു സംയുക്ത മീറ്റിങ്ങ് 12 ന് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തി. ഹോളിഫാമിലി കോൺഗ്രിഗേഷനിലെ എല്ലാ പ്രോവിൻസുകളിലേയും ഫോർമേഷൻ കോഡിനേറ്റേഴ്സിനും ഫോർമേറ്റേഴ്സിനും മണ്ണുത്തി ജനറലേറ്റിൽ വച്ച് മദർ ആനി കുര്യാക്കോസിന്റേയും കൗൺസിലേഴ്സിലേഴ്സിന്റേയും നേതൃത്വത്തിൽ മീറ്റിങ്ങ് നടത്തി. ഹോളിഫാമിലി മണ്ണുത്തി ജനറലേറ്റിൽ വച്ച് വിവിധ പ്രോവിൻസുകളിലെ 19 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി സമുചിതമായി ഘോഷിച്ചു. നവജ്യോതി പ്രോവിൻസിലെ അടാട്ട് മറിയം ത്രേസ്യ എയ്ജ്ഡ് ഹോമിന്റെ പുതുക്കി പണിത കപ്പേളയുടെ വെഞ്ചിരിപ്പ് കർമ്മം 25/11/2021 വെള്ളിയാഴ്ച  തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ ടോണി നീലങ്കാവിൽ പിതാവ് നിർവഹിച്ചു. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ പ്രോവിൻസിലെ 10 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി 28/11/2021 ഞായറാഴ്ച ഘോഷിച്ചു. എൽത്തുരുത്ത് സെന്റ് മേരീസ് മൊണാസ്ട്രി പ്രിയോർ റവ.ഫാ.തോമസ് ചക്രമാക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ഫാ. ആന്റണി പെരിഞ്ചേരിയുടേയും  ഫാ. ജോളി വട്ടംകണ്ടത്തിലിന്റേയും സഹകാർമ്മികത്വത്തിൽ 11 മണിക്ക് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് 29/11/2021 തിങ്കളാഴ്ച പ്രൊവിൻഷ്യൽ ഹൗസിൽ ജോലിചെയ്യുന്നവരേയും അവരുടെ കുടുംബങ്ങളേയും ഒന്നിച്ച് ചേർത്ത് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് സ്നേഹവിരുന്ന് നൽകുകയും സെന്റ് ജോസഫ് ക്വിസ് നടത്തി സമ്മാനങ്ങളും ധനസഹായങ്ങളും നൽകുകയും ചെയ്തു. നവജ്യോതി പ്രോവിൻസിലെ വടൂക്കര IFDF ൽ വച്ച് ആശ്വാസ് ഹീലിങ്ങ് പ്രോഗ്രാം നടത്തപ്പെട്ടു.

**7. സി.എസ്.സി.**

സി എസ് സിയുടെ സ്ഥാപനദിനമായ നവംബർ 21 തൃശ്ശൂർ മരിയ പ്രോവിൻസ് പ്രവിശ്യാദിനമായി ആഘോഷിച്ചു. കോവിഡ്– 19 ന്റെ പ്രത്യേകസാഹചര്യത്തിൽ ലളിതമായി നടത്തിയ ആഘോഷപരി പാടികളിൽ സി.എം.ഐ കൊയമ്പത്തൂർ പ്രോവിൻസിന്റെ പ്രൊവിൻ ഷ്യൽ സുപ്പീരിയർ ഫാ. സജു ചക്കാലക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും പ്രോവിൻസ് ഡെ യോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനദാനം നടത്തുകയും ചെയ്തു.

## ആദരാഞ്ജലികൾ



**08.11.2021 – എസ്.എൻ.ഡി.എസ്.** മുളയം നിർമ്മലദാസി സമർപ്പിത സമൂഹത്തിലെ അംഗമായ സിസ്റ്റർ റീത്ത ആലപ്പാടൻ (67) നിര്യാതയായി. മൃതസംസ്കാരം മുളയം നിർമ്മലഭവനിൽ വച്ച് വികാരി ജനറാൾ മോൺ. ജോസ് വള്ളൂരാൻ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.



14.11.2021 – **സി.എച്ച്.എഫ്.** നവജ്യോതി പ്രോവിൻസിലെ അയ്യന്തോൾ ഭവനാംഗമായ സി. ക്രിസ്റ്റോഫർ (90) നിര്യാതയായി. മൃത സംസ്കാരം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സംസ്കരിച്ചു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുട്ടികളേ,

പുതിയൊരു വർഷം കൂടി സമാഗതമായി. പുത്തൻ പ്രതീക്ഷകളും പ്രതിജ്ഞകളുമായി പുതുവർഷത്തെ വരവേൽക്കാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നതുപോലെ ദൈവം നിക്ഷേപിക്കുന്ന പുതുചൈതന്യത്താൽ (11:19) നയിക്കപ്പെടേണ്ടവരാണ് നിങ്ങൾ. ലോകമെങ്ങും പോയി സുവിശേഷത്തിന് സാക്ഷികളാകാനുള്ള നിങ്ങളുടെ വിളി തിരിച്ചറിയാനും അത് പ്രാവർത്തികമാക്കാനും കുട്ടികളായ നിങ്ങൾക്കു ഈ പുതുവർഷത്തിൽ സാധിക്കട്ടെ.

പുതുവർഷം വന്നെത്തുമ്പോൾ ഭൗതിക നേട്ടങ്ങൾക്കായുള്ള ഒരുപാട് പദ്ധതികളെക്കുറിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, ഗുരുഭൂതർ, കൂട്ടുകാർ, തുടങ്ങിയവരിലൂടെയും നിങ്ങളുമായി സംവദിക്കുന്ന പല മാധ്യമങ്ങളിലൂടെയും കുട്ടികളായ നിങ്ങൾ അറിയും. അവയെ വിവേചനാപൂർവ്വം സമീപിച്ച് 'പ്രയോജനകരവും നിങ്ങളെ പടുത്തുയർത്തുന്നവയെയും' (1 കോറി. 10:23) മുറുകെ പിടിക്കാൻ നിങ്ങൾക്ക് സാധിക്കണം. അങ്ങനെ നിങ്ങളുടെ ഭൗതികവളർച്ചയ്ക്കാവശ്യമായ പരിശ്രമങ്ങളെല്ലാം ദൈവതിരുമുമ്പിൽ സ്വീകാര്യമാകുന്നതിനിടയാകട്ടെ.

ഈ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടികളായ നിങ്ങൾ നിങ്ങളെ സ്നേഹിക്കുന്ന, നിങ്ങളുടെ അനുദിന വ്യാപാരങ്ങളിൽ നിങ്ങളോടൊത്തായിരിക്കുന്ന, നിങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുന്ന, നിങ്ങളുടെ വേദനകളിൽ നിങ്ങളോട് സഹതപിക്കുന്ന ഈശോയുടെ സാന്നിദ്ധ്യം അനുഭവിക്കുന്നവരാകാൻ പരിശ്രമിക്കണം. കാരണം, വചനം പറയുന്നതിപ്രകാരമാണ്: ''ദൈവത്തോട് ചേർന്നുനിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും'' (യാക്കോ.4:8). അതുകൊണ്ട് ദൈവസാന്നിധ്യ സ്മരണയിലായിരിക്കുന്നതിന് സഹായിക്കുന്ന ഒരു പ്രാർത്ഥനാശൈലി വളർത്തുന്നതിന് ഈ പുതുവർഷത്തിൽ നിങ്ങൾക്കു സാധിക്കട്ടെ. നമ്മുടെ കുറെയേറെ ഭവനങ്ങളിലെ പ്രാർത്ഥനകളിൽ ഉപയോഗിച്ചുവരുന്ന 23–ാമത്തെയും 91–ാമത്തെയും സങ്കീർത്തനങ്ങൾ നിങ്ങളുടെ അനുദിന പ്രാർത്ഥനകളിൽ ഉപയോഗിക്കുന്നത് ദൈവികസംരക്ഷണത്തെക്കുറിച്ചുള്ള ധ്യാനത്തിന് ഏറെ സഹായകമാകും.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ''നിന്റെ എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചു തരും'' (സുഭാ. 3:6). പ്രാർത്ഥനാരൂപിയിൽ വളരുന്നതിന് നമ്മെ സഹായിക്കുന്ന ഒന്നാണ് എല്ലാ പ്രവർത്തികളുടെയും ആരംഭത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നതും ഓരോ പ്രവർത്തനങ്ങളുടെയും അവസാനത്തിൽ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നതും. അപ്പോൾ, സുഭാഷിതങ്ങളുടെ പുസ്തകത്തിൽ പറയുന്നത് നമ്മുടെ ജീവിതത്തിൽ നമുക്കും അനുഭവവേദ്യമാകും. കുട്ടികളായ നിങ്ങളുടെ പദചലനങ്ങൾ ദൈവം കാണിച്ചു തരുന്ന വഴികളിലൂടെയാകുന്നതിന് ദൈവവചനമാകുന്ന ദൈവസ്വരത്തെ കേൾക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും തയ്യാറാകണം. അപ്പോൾ ദൈവസ്വരം നിങ്ങളുടെ കാതുകളിൽ ഇപ്രകാരം മുഴങ്ങുന്നത് നിങ്ങൾക്കു കേൾക്കാനാകും; ''ഇതാണു വഴി, ഇതിലേ പോവുക''(ഏശ. 30:21).

നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥനയുടെ ഒരു പ്രധാനഭാഗം ജപമാല പ്രാർത്ഥനകളാണല്ലോ? കുട്ടികളായ നിങ്ങൾ ഈ പുതുവർഷത്തിൽ ഭവനങ്ങളിലെ ജപമാല പ്രാർത്ഥന മുടങ്ങാതിരിക്കുന്നതിന് ശ്രദ്ധിക്കണം. പരിശുദ്ധ അമ്മയുടെ ശക്തമായ മാധ്യസ്ഥം നിങ്ങൾക്കും നിങ്ങളുടെ ഭവനത്തിനും സംലഭ്യമാകേണ്ടതിന് ജപമാല പ്രാർത്ഥന മുടക്കാതിരിക്കുക.

വിശുദ്ധ കുർബ്ബാന കേന്ദ്രീകൃത ആത്മീയതയോടും കൗദാശിക ജീവിതത്തോടും ചേർന്ന് ദൈവപരിപാലനയെ ധ്യാനിക്കാൻ സഹായിക്കുന്ന സങ്കീർത്തനങ്ങൾ ഉരുവിട്ടും, ദൈവവചനവായനയിലൂടെ ദൈവഹിതം അറിഞ്ഞും, അനുദിന ജപമാല പ്രാർത്ഥനയിലൂടെ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടിയും വ്യക്തിപരമായ പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്താൻ നിങ്ങളോരോരുത്തരും പരിശ്രമിക്കുമല്ലോ? ഇപ്രകാരം, 'കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവരേക്കാളുപരി സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്' (മത്താ. 7:21) അനുഗുണമായ ജീവിതചര്യ അഭ്യസിക്കാൻ ഈ പുതുവർഷത്തിൽ കുട്ടികളായ നിങ്ങളോരോരുത്തർക്കും സാധിക്കട്ടെ. ഏവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങൾ ഏറെ സ്നേഹപൂർവ്വം ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2022) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, എല്ലാം കൊണ്ടും കൂടുതൽ മെച്ചമായൊരു വർഷം –അതാണല്ലോ പുതുവർഷം കൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നതും. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**1. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

തിയതി : **2022 ജനുവരി 2 ഞായർ**

സമയം : 2.30 PM – 4.30 PM

സ്ഥലം : **ഡി ബി സി എൽ സി**

**പഠനഭാഗം : വിശ്വാസവഴിയിലെ സംശയങ്ങൾ**

**ഭാഗം 7, 8, 9, 10, 11 (പേജ് നമ്പർ 203-277)**

**അധിക പാഠ്യഭാഗം** – വെളിപാട് 1, 2, 3 അധ്യായങ്ങൾ

*പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ് (ആവശ്യമായ ഒപ്പുകൾ സഹിതം)

**ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ :** 2022 ജനുവരി 2 ഞായർ, 03.00PM - 04.30 PM **യൂണിറ്റുകളിൽ**

**2. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി : **2022 ജനുവരി 26 ബുധൻ**

സ്ഥലം : **ഡി ബി സി എൽ സി**

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേയും വിദ്യാർത്ഥികളുടേയും പേരുവിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. Service Award
2. Full Attendance of Teachers (10 years & above)
3. Retired Teachers
4. Archdiocesan Level Aptitude Examination Rank Holders
5. ACC & XII Common Examination Rank Holders
6. Full Attendance of Students (Std. 1 to ACC)

### 3. ACC Convocation

**ഈ വർഷം അതിരൂപതാതലത്തിൽ എ സി സി കോൺവൊക്കേഷൻ ഉണ്ടായിരിക്കുന്നതല്ല.** പകരം യൂണിറ്റുകളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഓഫീസിൽ നിന്ന് ഉത്തരവാദപ്പെട്ടവർക്ക് കൊണ്ടുപോകാവുന്നതാണ്.

### 4. പ്രിൻസിപ്പൽമാരുടെ യോഗം

തിയതി : 2022 ഫെബ്രുവരി 6
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### 5. വാർഷിക പരീക്ഷകൾ

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലോ.

2022 ഫെബ്രുവരി 13, 2PM-4PM: **Stds. X, XII**
2022 ഫെബ്രുവരി 13, 2PM-5PM : **ACC**
2022 ഫെബ്രുവരി 20 2PM-4PM: **Stds. I, III, V, VII, IX & XI**
2022 ഫെബ്രുവരി 27, 2PM-4PM : **Stds. II, IV, VI, VIII**

### 6. Std. XII & ACC ഹാജർ

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി –ജനുവരി 26. ജനുവരി 26 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 7. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)

അർദ്ധവാർഷിക പരീക്ഷയിൽ അറ്റൻഡ് ചെയ്യുകയും 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ

പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**8. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**9. Unit Visit**

യൂണിറ്റ് സന്ദർശനം നടത്തിയ അധ്യാപകരുടെ മീറ്റിംഗ് ഡിസംബർ 11–ാം തിയതി കാലത്ത് 10 മുതൽ 11.30 വരെ നടത്തിയിരുന്നു. അധ്യാപകരുടെ വിലയേറിയ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും

നന്ദി. യൂണിറ്റ് സന്ദർശനത്തിനു സഹകരിച്ച എല്ലാ അധ്യാപകർക്കും ഒരിക്കൽകൂടെ നന്ദി രേഖപ്പെടുത്തുന്നു.

**10. BASIC CTC Course**

ഡിസംബർ 12, 19 തിയതികളിലായി 158–ാമത് ബാച്ച് Basic CTC Course നടത്തുകയുണ്ടായി. 93 പേരോളം കോഴ്സിൽ പങ്കെടുക്കുകയുണ്ടായി.

**11. സ്കൂൾ കാറ്റകിസം, മോറൽ സയൻസ് വാർഷിക പരീക്ഷകൾ**

തിയതി : **07/01/2022, വെള്ളിയാഴ്ച്ച**

Std. 1, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

**സ്കോളർഷിപ്പ് പരീക്ഷ: 05/02/2022**

വാർഷിക പരീക്ഷയിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതുവാൻ യോഗ്യതയുണ്ടായിരിക്കുക. ഈ വിദ്യാർത്ഥികളുടെ പേരു വിവരങ്ങൾ ജനുവരി 10 മുമ്പ് അതിരൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. വാർഷികപരീക്ഷയുടെ ചോദ്യപേപ്പറുകൾ ജനുവരി 3 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും കൊണ്ട്പോകാവുന്നതാണ്.

**12. Service Award**

ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 15 Years | | |
|---|---|---|
| **Sl.No.** | **Name** | **Unit** |
| 1 | Mrs. KOCHUTHRESSIA VARGHESE | ARANATTUKARA |
| 2 | Mr. STANLIN RAPHEL | ARANATTUKARA |
| 3 | Mr. ALEX PALATTI | ARIMPUR |
| 4 | REV. Sr. LEONI CHRISTO FCC | ARIMPUR |
| 5 | Mrs. GLADI SUNNY | ARIMPUR |
| 6 | Mr. JACOB V K | ARTHAT |
| 7 | Mrs. ROSILY C V | ARTHAT |
| 8 | Mrs. PREETHA THOMSON | ATHANI |
| 9 | Mr. JOSE P A | ATTATHARA |
| 10 | Rev. Sr. PAVANA ROSE CHF | CHEMBUKAVU |
| 11 | Mrs. DAISY ANTO | CHENGALUR |
| 12 | Mrs. SAJI JOHN | CHEVOOR |
| 13 | Mr. PAULSON THOMAS | CHEVOOR |
| 14 | Mrs. SINI JOY | CHEVOOR |
| 15 | Mr. JOSE K K | CHEVOOR |

| | | |
|---|---|---|
| 16 | Mrs. JULIA JOY | CHIRAKKAL |
| 17 | REENA JOSEPH | CHITTATTUKARA |
| 18 | Mrs. BEENA JOY | CHITTILAPPILLY |
| 19 | Mrs. JOISY JOY | CHITTILAPPILLY |
| 20 | Rev. SR. ANITTA L.S.M.S. | CHITTISSERY |
| 21 | Mrs. MINI UNNIMON | CHITTISSERY |
| 22 | Mrs. LEENA FRANCIS | CHIYYARAM |
| 23 | Rev. Sr. RESHMA C M C | CHIYYARAM |
| 24 | Mrs. JINCY FREDRIC | CHOWANNUR |
| 25 | Mrs. Lissy Thomas | CHOWANNUR |
| 26 | Mrs. DAISY SHAJU | CHOWANNUR |
| 27 | Rev. Sr. VIDHYA CSC | CHOWANNUR |
| 28 | Mrs. SHYJI YOHANNAN | CHUVANNAMANNU |
| 29 | Mrs. LITTY MATHEW | ENAMAKKAL |
| 30 | Mrs. MEERA BIJOY | ENAMAKKAL |
| 31 | Mrs. ROSY GEORGE | ERANELLUR |
| 32 | Br. BYJU MANUEL M M B | ERAVIMANGALAM |
| 33 | Mr. JOBY GEORGE K | ERAVU |
| 34 | Mrs. LIJI BABU | ERUMAPETTY |
| 35 | Mrs. PRINCY FRANCIS | GALILEE |
| 36 | Mr. JISHO S PUTHUR | GURUVAYUR |
| 37 | Mrs. JOLLY LAZAR | KAKKASSERY |
| 38 | Mrs. LISSY JOSE | KAKKASSERY |
| 39 | Mrs. MAGIE LOUIS | KAKKASSERY |
| 40 | Mr. LEO MATHEW | KALLUR WEST |
| 41 | Mrs. MARIYAMMA JOSEPH | KALLUR WEST |
| 42 | Mr. THOMAS VATTAKKUZHY | KALLUR WEST |
| 43 | Mrs. RITTY ROBY | KAVEED |
| 44 | Mrs. Bincy Devassy | Killimangalam |
| 45 | Mr. SIJOHN A F | KIRALUR |
| 46 | Mrs. JOLLY BENNY | KOOTTALA |
| 47 | Mrs. SHIJI SHAJU | KOTTAPADY |
| 48 | Mrs. JESSY LONAPPAN | KOTTEKAD |
| 49 | Mrs. JOSPHEENA PAULSON | KOTTEKAD |
| 50 | Rev. SR. DIVYA SKD | KOZHUKKULLY |
| 51 | REV. SR. BENNET SKD | KOZHUKKULLY |
| 52 | REV. SR. ANUNCIA SKD | KOZHUKKULLY |
| 53 | Mrs. JESSY JOHNSON | KUMBALANGAD |
| 54 | Mrs. SHEEJA K J | KUMBALANGAD |
| 55 | Mrs. RAJITHA JOSE | KUNDANNUR |
| 56 | Mrs. MERCY JOJI | KURIACHIRA |

| | | |
|---|---|---|
| 57 | Mr. WILSON K F | KURIACHIRA |
| 58 | Mr. THOMSON T V | KUTTUR |
| 59 | Mr. VIJO V B | MADAKKATHARA |
| 60 | Mrs. SIJI JEASON | MADONA NAGAR |
| 61 | Mr. SUJISH C D | MADONA NAGAR |
| 62 | Mrs. ALICE POLLY | MADONA NAGAR |
| 63 | Mr. JOHNSON T P | MADONA NAGAR |
| 64 | Mrs. MARIA ROSLIN P D | MANALUR WEST |
| 65 | Mr. MIMORAJ T R | MANALUR WEST |
| 66 | Mrs. JOICY JOY | MARATHAKKARA |
| 67 | Mr. SIJO M J | MARATHAMKODE |
| 68 | Mr. SAIJU SIMON | MARIAPURAM |
| 69 | Mrs. VIGI VARGHESE | MARIAPURAM |
| 70 | Mrs.VALSA VINCENT | MARIAPURAM |
| 71 | Mrs. SHEEJA SEBASTIAN | MAROTTICHAL |
| 72 | Mrs. GRACY SHAJI | MAYANNUR |
| 73 | Mrs. TEGY REGY | MULAYAM |
| 74 | Mr. SAIJU C J | MULLASSERY |
| 75 | Mrs. ROSILY FRANCIS | MULLURKARA |
| 76 | Mrs. SEENA ANDREWS | MUNDATHICODE |
| 77 | Sr. SHIBI ANDREWS | NADATHARA |
| 78 | Mr. WINCEN C P | NADATHARA |
| 79 | Mrs. BRIGHTY THOMAS | NAMBAZHIKKAD |
| 80 | Mrs. SINDHU JOSE | NELLIKKUNNU |
| 81 | Mrs. SINDHU VINCENT | NENMANIKKARA |
| 82 | Mr. JOSE T A | NORTH PUDUKAD |
| 83 | Rev. Sr. BASLI JEES | PADAVARAD |
| 84 | Mrs. MAGY MINI RAPHAEL | PALLIKKUNNU |
| 85 | Mrs. BEENA RAPPAI | PALLISSERY |
| 86 | Mrs. PUSHPAM JOY | PANAMUCK |
| 87 | Mr. RAJAN ANTONY | PARAVATTANI |
| 88 | Mrs. BINDHU SUNNY | PATTIKKAD |
| 89 | Mr. BENNIAM DELLY P D | PAVARATTY |
| 90 | Mrs. RANI JOHN | PAVARATTY |
| 91 | SMITHA SOMI | PERINCHERY |
| 92 | REV. SR. SHALAT FCC | PERINGOTTUKARA |
| 93 | Mrs. SHEEJA WILSON | PERUVALLUR |
| 94 | Mr. JIJO VARGHESE M | PONGANAMKAD |
| 95 | ANTONY JOHN E F | PONGANAMKAD |
| 96 | Mr. BYJU BABY | POOMALA |
| 97 | Mrs. ANIS GEORGE | POOTHOLE |

| | | |
|---|---|---|
| 98 | JOSE MATHEW | PUDUKAD |
| 99 | STEBIN PUTHURAN | PUDUKAD |
| 100 | ANNIE K L | PUDUKAD |
| 101 | Mr. SHIBU N P | PULLAMKANDAM |
| 102 | Mr. ANEESH U D | PULLAZHI |
| 103 | Mrs. PRINCY JOHNSON | PULLAZHI |
| 104 | Mrs. BRIGHTY PIOUS | PUTHENPEEDIKA |
| 105 | Mr. PAULJO PAUL | PUTHUR |
| 106 | Mrs. JESSY JOSE | PUTHURUTHY |
| 107 | ANNIE JOHN | SARITHAPURAM |
| 108 | Mrs. JOICY VARGHESE | SEVANALAYAM |
| 109 | Mr. THOMAS CHUNGATH | THAIKKATTUSSERY |
| 110 | Mrs. ANCY XAVIER | THIRUTHIPARAMBU |
| 111 | Mr. BAIJU E J | THOYAKKAVU |
| 112 | Mr. JOSHY CHIRAMEL | THRISSUR LOURDES |
| 113 | Mrs. RANJU JOBY | THRISSUR LOURDES |
| 114 | Mrs. BINDHU RISON | VALLACHIRA |
| 115 | Mr. FINTO RAPHEL | VALLACHIRA |
| 116 | Mr. THOMSON GEORGE | VARAKKARA |
| 117 | Mrs. MINI JOSE | VEENDASSERY |
| 118 | Mrs. LEEJA THOMAS | VELLARAKKAD |
| 119 | Mrs. GILJY JOHN V | VENGINISSERY |
| 120 | Mr. SINOJ JOS A. | WEST FORT |

## 25 Years

| Sl.No. | Name | Unit |
|---|---|---|
| 1 | Mr. TOMY M K | ANJOOR |
| 2 | Mr. SHAJU M G | ANJOOR |
| 3 | Mr. JOSEPH C J | ARIMPUR |
| 4 | Mr. JOSAN P S | ARIMPUR |
| 5 | Mrs. KOCHUTHRESSIA VARGHESE | ARIMPUR |
| 6 | Mrs. JESSY DAVIS | ARIMPUR |
| 7 | Mr. JOSHY V D | ARTHAT |
| 8 | Mrs. WILFI VARGHESE | ATTATHARA |
| 9 | Mr. JOY KARERAKKATTIL | AYYANTHOLE |
| 10 | Mr. SIMON M K | BRAHMAKULAM |
| 11 | Mrs. GRACY JOSE | CHAZHUR |
| 12 | Mr. JELIPS PAUL K | CHENGALOOR |
| 13 | Mr. SHIJU P L | CHENGALOOR |
| 14 | Mr. PAULY M V | CHERPU |
| 15 | Mrs. ANCY BENNY | CHERUMKUZHY |

| | | |
|---|---|---|
| 16 | Mrs. KUNJAMMA JAMES | CHERUMKUZHY |
| 17 | Mrs. MOLLY AUGUSTINE | CHERUMKUZHY |
| 18 | Mrs. SHERLY BABU | CHERUMKUZHY |
| 19 | Mrs. LEENA JACOB | CHEVOOR |
| 20 | Mr. FREEJO K F | CHITTILAPPILLY |
| 21 | Mrs. USHA KURIAN | EDAKKALATHUR |
| 22 | Mrs. LEENA WILSON | ERAVU |
| 23 | Mr. ANTO M. L. | ERUMAPETTY |
| 24 | Mr. STEEPHEN JOSE M | GURUVAYUR |
| 25 | Mrs. REENA VARGHESE | KALLUR WEST |
| 26 | Miss. JIMCY E J | KAVEED |
| 27 | Rev. Sr. SOUMYA | KOLENGATTUKARA |
| 28 | Mrs. MOLY PETER | KOTTEKAD |
| 29 | Mrs. SHEEBA SHAJI | KUNDANNUR |
| 30 | Mrs. MARIYAMMA JOSE | MACHAD |
| 31 | Mr. JEASON P J | MADONA NAGAR |
| 32 | Mr. JOJU THERMADOM | MANALUR EAST |
| 33 | MRS. PRINCY JOHN | MANALUR EAST |
| 34 | Mrs. LILLY DAVASY | MANGAD |
| 35 | Mr. SAJI M P | MANNAMANGALAM |
| 36 | Mrs. MOLLY WILSON | MANNUTHY |
| 37 | Mrs. SOBHA PAUL | MARIAPURAM |
| 38 | Mrs. LUCY JOSEPH | MATTOM |
| 39 | Rev. Sr. MARY MATHEW FCC | MAYANNUR |
| 40 | Miss. JANCY T D | MULLAKKARA |
| 41 | Mr. JEESON VARGHESE | NEDUPUZHA |
| 42 | Mr. JOSEPH E J | OLARIKKARA |
| 43 | Mr. PAUL N T | OLLUR |
| 44 | Miss. LISSY K C | OLLUR MARYMATHA |
| 45 | Rev. Sr. SHINE KAITHAKODAN | ORUMANAYOOR |
| 46 | Mrs. ANNIE A A | PALLIKKUNNU |
| 47 | Mr. N J Kurian | PARAKKAD |
| 48 | Mrs. NIRMALA KURIAN | PARAKKAD |
| 49 | Mr. JOJU P V | PARAPPUR |
| 50 | Rev. Sr. JEES ROSE | PAVARATTY |
| 51 | Mr. BLESSON K F | PERAMANGALAM |
| 52 | Mrs. LAISA ANJALOSE | PONGANAMKAD |
| 53 | Rev. SR. SIJI JOSEPH FCC | PONNANI |
| 54 | Mrs. JESSY POULOSE | PONNUKKARA |
| 55 | Mrs. LISSY VARGHESE | PONNUKKARA |
| 56 | Mrs. LISY | PONNUKKARA |

| | | |
|---|---|---|
| 57 | MR. JOJU CHIRAMEL | PONNUKKARA |
| 58 | Rev. Sr. ALLY RAPHEL CHF | POOMALA |
| 59 | Mrs. USHA K J | PUDUKAD |
| 60 | Mr. JAMOS T J | PUDUKAD |
| 61 | Mr. SHYJU K L | PUTHUR |
| 62 | Mrs. SOFIYA VINCENT | PUTHURUTHY |
| 63 | Mr. BENNY MANJOORAN | SNEHAPURAM |

| 35 Years | | |
|---|---|---|
| **Sl.No.** | **Name** | **Unit** |
| 1 | Mrs. LUCY PAUL | ARIMPUR |
| 2 | Mr. ANTONY K L | ATTUPURAM |
| 3 | Mr. BINNY CHERIAN | CHENGALOOR |
| 4 | Mr. ANDREWS K L | ENAMAKKAL |
| 5 | Mr. JOSEPH M C | ENAMAKKAL |
| 6 | Mr. SIMON C T | GURUVAYUR |
| 7 | Mr. JOSEPH T A | KARAMUCK |
| 8 | Mr. FRANCIS A D | KOTTEKAD |
| 9 | Mr. WILSON KOOLA | MADONA NAGAR |
| 10 | Mr. SIMON C D | OLARIKKARA |
| 11 | Mr. BABU DAVIS | OLLUR MARYMATHA |
| 12 | Mrs. GRACY M C | PARANNUR |
| 13 | Miss. LUCY K M | PONGANAMKAD |
| 14 | Mr. OUSEPH C A | PUTHENPEEDIKA |
| 15 | Mr. PIUS C C | PUTHURUTHY |
| 16 | Mr. RAPHEAL MUTTATH | VALLACHIRA |
| 17 | Mr. VARGHESE E J | VARADIAM |
| 18 | Mr. James C L | VARADIAM |
| 19 | Mr. OUSEPH E P | VELUPADAM |

| 45 Years | | |
|---|---|---|
| **Sl.No.** | **Name** | **Unit** |
| 1 | JAMES KANJIRAPARAMBIL | KOTTEKAD |
| 2 | Mr. JOSEPH C R | KOZHUKKULLY |
| 3 | Mr. XAVIER P P | KUMBALANGAD |
| 4 | Mr. WILSON T O | NIRMALAPURAM |
| 5 | Mr. DAVIS P T | PUDUKAD |
| 6 | Mr. ANTONY E S | VALLACHIRA |

## 13. Retired Teachers List

| Sl.No. | Name | Unit |
|---|---|---|
| 1 | MRS. REETHA FRANCIS | ARAMPILLY |
| 2 | MR. JOHNSON KANJIRATHINGAL | ARANATTUKARA |
| 3 | MR. JOSEPH C J | ARIMPUR |
| 4 | MRS. JOSPHINA K L | ARIMPUR |
| 5 | MRS. KOCHUTHRESSIA VARGHESE | ARIMPUR |
| 6 | MR. JOSE P A | ATTATHARA |
| 7 | MRS. MERCY JECINTO | AYYANTHOLE |
| 8 | MR. JOSE P P | ELTHURUTH |
| 9 | MR. JOLLY VARGHESE | ELTHURUTH |
| 10 | MR. JOSE C R | KOZHUKKULLY |
| 11 | MRS. ROSILY WILSON | KUNNAMKULAM |
| 12 | MR. THOMAS C C | MANNAMANGALAM |
| 13 | MISS. LILLY M V | MANNUTHY |
| 14 | MRS. MARIYAMMA JOSEPH | MANNUTHY |
| 15 | MRS. GRACY KOCHAPPAN | MARATHAKKARA |
| 16 | MRS. LUCY K L | MULLURKKARA |
| 17 | MRS. PHILO KURIYAN | MULLURKKARA |
| 18 | MRS. KOCHUMARY M D | NATTIKA |
| 19 | MR. ANTONY P V | NELLANKARA |
| 20 | MR. JOSEPH P I | NELLANKARA |
| 21 | MRS. GRAIZY N C | OLARIKKARA |
| 22 | MR. WILSON PALLIPURAM | PADAVARAD |
| 23 | MRS. BEENA AUGUSTINE | PADAVARAD |
| 24 | MR. JOLLY C F | PADAVARAD |
| 25 | MRS. ROSY E V | PALLIKKUNNU |
| 26 | MRS. THANKAMMA JOSE | PANAMUCK |
| 27 | MR. ANTONY O J | PAVARATTY |
| 28 | MRS. MARYKUTTY PAUL | PAZHAYANNUR |
| 29 | MR. DAVIS P T | PUDUKAD |
| 30 | MRS. ANNIE GEORGE | PULAKATTUKARA |
| 31 | MRS. MARGILI LOUIS | PUTHENPEEDIKA |
| 32 | MR. FRANCIS P A | SEVANALAYAM |
| 33 | MRS. SICILY FRANCIS | THALAKOTTUKARA |
| 34 | MRS. LUCY FRANCIS | THANDILAM |
| 35 | MR. ANTONY C K | VELUPADAM |
| 36 | MRS. PUSHPAM PAUL | VELUPADAM |
| 37 | MR. DAVIS C P | WEST FORT |
| 38 | MRS. ANNIE PAUL | CHIYYARAM |
| 39 | MR. JOSE O V | KURIACHIRA |

| | | |
|---|---|---|
| 40 | MR. BABU M A | AMALA NAGAR |
| 41 | MR. MATHEW N K | ARTHAT |
| 42 | MRS. POULY P J | ARTHAT |

## 14. Full Attendance Teachers List

| Sl.No. | Name | Unit |
|---|---|---|
| | **10 YEARS** | |
| 1 | MRS. REENA SHAJU | CHAZHOOR |
| 2 | MR. BENNY P A | KANDANASSERY |
| 3 | MRS. SHEENA SHAJU | KOTTEKAD |
| 4 | MR. SUNNY JOSE | MANJAKKUNNU |
| 5 | MR. JOSHY V L | MUNDUR |
| 6 | MR. SHAJU V A | PALLIKKUNNU |
| 7 | MR. JAMES JACOB | THANDILAM |
| 8 | MR. OUSEPH T V | THIROOR |
| 9 | MR. JAISON N I | THIROOR |
| | **15 YEARS** | |
| 10 | MR. BABY NIRAPPEL | VALAKKAVU |
| 11 | MR. SANTHOSH K V | PONGANAMKAD |
| 12 | Mrs. SMITHA SOMY | PERINCHERY |
| | **25 Years** | |
| 13 | KOCHUTHRESSIA VARGHESE | ARIMPUR |

## 15. Full Attendance Students List Std. I to ACC

| | | |
|---|---|---|
| 1 | FRINTO FRANCIS C. | BRAHMAKULAM |
| 2 | SHALVIN SHAJU | CHAZHUR |
| 3 | ALMA ROSE | CHERPU |
| 4 | ROSHNI SEBASTIAN | CHERUMKUZHY |
| 5 | SIJI SIMON | KARAMUCK NORTH |
| 6 | ADLIN C N | KOLENGATTUKARA |
| 7 | AMAL ANTONY PAULY | KONIKKARA |
| 8 | SUMA TONY | KURACHIRA |
| 9 | CINI C S | MUNDATHIKODE |
| 10 | JUDIT K J | MUNDUR |
| 11 | ASHLIN JAMES | NEDUPUZHA |
| 12 | JOSHIN JOHNSON | NEDUPUZHA |
| 13 | DELVIN VICTOR | PURANATTUKARA |
| 14 | HELNA JOSHY | THALORE |
| 15 | EMMANUEL NEVIL BABU | THANDILAM |
| 16 | SNEHA VARGHESE | KANNARA |

| | | |
|---|---|---|
| 17 | DELNA XAVIER CHITTILAPPILLY | VELLARAKKAD |
| 18 | JOSEPH JESLIN | ENGANDIYUR |
| 19 | AALBERT CHRISTIN W. | MANNAMPETTA |

**ഏവർക്കും നല്ല ഒരു ക്രിസ്തുമസ്ക്കാലം ആശംസിക്കുന്നു.**

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
*അസി. ഡയറക്ടർമാർ*

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**
(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.
- ആദ്യസെമസ്റ്റർ പരീക്ഷകൾ നവംബർ, ഡിസംബർ മാസങ്ങളിലായി നടന്നു. രണ്ടാമത്തെ സെമസ്റ്റർ ക്ലാസുകൾ ഡിസംബർ 19 ന് ആരംഭിച്ചു.

**2. Certificate Course in Theology**
(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.

■ ബോധന മാദ്ധ്യമം: മലയാളം
■ മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
■ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 74 പേരാണ് പങ്കെടുക്കുന്നത്. സ്നേഹത്തിന്റെ സന്തോഷം (Rev. Dr. Twinkle Vazhappilly), സാമൂഹ്യ നീതി (Rev. Dr. Denny Thanikkal) എന്നീ ക്ലാസ്സുകൾ ഡിസംബർ മാസത്തിൽ നടന്നു.

## 3. Advanced Certificate Course in Theology

(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course ന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.

■ ആറുമാസം നീണ്ടുനിൽക്കുന്നു.
■ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
■ സന്യാസിനികൾക്കു മാത്രം.
■ Advanced Certificate Course ന്റെ പരീക്ഷകൾ ഡിസംബർ മാസത്തിൽ നടന്നു.

## 4. Catechumenate Course

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

## 5. Basic CTC

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം.

ഡിസംബർ 12, 19 ഞായറാഴ്ചകളിൽ കഴിഞ്ഞ വർഷം രജിസ്ററർ ചെയ്തവർക്കുള്ള Basic CTC നടന്നു.

## 6. Advanced CTC

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത

വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

### 7. Course on Theology of Family

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി
- കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്
- ഒരുവർഷത്തെ കോഴ്സാണിത്.
- ജനുവരിയിൽ ആരംഭിക്കുന്നു.
- ആദ്യം റെജിസ്റ്റർ ചെയ്യുന്ന 50 ദമ്പതികൾക്ക് അവസരം
- കൂടുതൽ വിവരങ്ങൾ അറിയുന്നതിന് Institute of Theology ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## മേരിമാത മേജർ സെമിനാരി

**1. പ്രേഷിതദിനം**

2021 നവംബർ 14ാം തിയ്യതി പ്രേഷിതദിനമായി ആചരിച്ചു. എം.എസ്.ടി. സഭാംഗമായ റവ. ഫാ. വിപിൻ വന്മേൽ ഹിന്ദി ഭാഷയിൽ വിശുദ്ധ കുർബാനയർപ്പിച്ച് പ്രേഷിതദിന സന്ദേശം നൽകി. റവ. ഫാ. ജോയ് പഞ്ഞിക്കാരൻ എം.എസ്.ടി. വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രേഷിതചൈതന്യം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. റവ. സിസ്റ്റർ ആനി പള്ളിക്കുന്നേൽ എസ്. എൻ. ഡി. എസ്. തന്റെ ആഫ്രിക്കൻ പ്രേഷിതാനുഭവങ്ങൾ പങ്കുവച്ച് എല്ലാവരെയും പ്രചോദിപ്പിച്ചു.

**2. മാസധ്യാനം**

ഏവർക്കും ആത്മീയ ഉണർവ്വ് നൽകിയ മാസധ്യാനം നവംബർ 19, 20 തിയ്യതികളിൽ നടന്നു. റവ. ഫാ. ജോർജ് കല്ലടാന്തിയിൽ സി. എസ്. ടി. ധ്യാനചിന്തകൾ പങ്കുവച്ചു. നമ്മുടെ അപര്യാപ്തതകളെ പരിഹരിക്കാൻ ഈശോ കൂടെയുണ്ടെന്നതിനാൽ സധൈര്യം ദൈവവിളി ജീവിതത്തിൽ മുന്നേറാൻ അദ്ദേഹം ഏവരേയും ഉദ്ബോധിപ്പിച്ചു.

**3. വിശുദ്ധ സിസിലിയുടെ തിരുനാൾ**

ദൈവാലയ ഗായകസംഘത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥയായ സിസിലി പുണ്യവതിയുടെ തിരുനാൾ നവംബർ 22–ാം തിയ്യതി ആഘോഷിച്ചു. അന്നേദിനം വൈകീട്ട് സെമിനാരി ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ഗാനാലാപന മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**4. അർദ്ധദിന സെമിനാർ**

സെമിനാരി തത്വശാസ്ത്ര വിഭാഗം 2021 നവംബർ 27ാം തിയ്യതി **ഇന്ത്യാചരിത്രത്തിന്റെ സമകാലീന പുനർവായന** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. കോഴിക്കോട് സർവ്വകലാശാല ചരിത്രവിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോക്ടർ കെ. എസ്. മാധവൻ, കോഴിക്കോട് സർവ്വകലാശാല സാമ്പത്തികശാസ്ത്രവിഭാഗം മുൻ തലവൻ പ്രൊഫസർ ഡോക്ടർ കെ. പി. മാണി, തൃശൂർ സെന്റ് തോമസ് കോളേജ് സാമ്പത്തികശാസ്ത്രവിഭാഗം മുൻ തലവൻ പ്രൊഫസർ ഡോക്ടർ കെ. എം. ഫ്രാൻസിസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ബ്രദർ മെൽവിൻ മുക്കം, ബ്രദർ സ്കറിയ കാവാലൻ എന്നിവരും ലഘുപബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാരി തത്വശാസ്ത്ര വിഭാഗം മേധാവി റവ. ഡോ. സിബി ചെറുതോട്ടിലിനോടൊപ്പം സെമിനാറിന്റെ നടത്തിപ്പിനായി പ്രയത്നിച്ച വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

**5. പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ**

ഡിസംബർ 8–ാം തിയ്യതി സെമിനാരിയുടെ മധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ ഭക്ത്യാദരപൂർവം ആചരിച്ചു. രാവിലെ റവ. ഫാ. ബാബു പാണാട്ടുപ്പറമ്പിലിന്റെ കാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ടുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് കാർമ്മികത്വം വഹിച്ചത് പതിവുപ്പോലെ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവായിരുന്നു. മേരിമാതാ മേജർ സെമിനാരിയുടെ അടിസ്ഥാനശിലാസ്ഥാപനം നിർവഹിക്കപ്പെട്ടതിന്റെ 24–ാം

വാർഷികദിനം കൂടിയായിരുന്നു 2021 ഡിസംബർ 8.

**6. പരീക്ഷകൾ**

2021–2022 അദ്ധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്റർ ആദ്യപാദ പരീക്ഷകൾ ഡിസംബർ 10 മുതൽ 18 വരെയുള്ള തിയ്യതികളിലായി നടന്നു. ഒഴിവുദിവസങ്ങൾക്കുശേഷം 2022 ജനുവരി 6–ാം തിയ്യതി മുതൽ വീണ്ടും ക്ലാസ്സുകൾ ആരംഭിക്കും.

**7. തിരുപ്പട്ട സ്വീകരണം**

ഈ അദ്ധ്യയനവർഷം പരിശീലനം പൂർത്തിയാക്കിയ 19 ബഹുമാനപ്പെട്ട ഡീക്കന്മാരുടെ തിരുപ്പട്ടം സ്വീകരണം 2021 ഡിസംബർ 27–ാം തിയ്യതി മുതൽ ആരംഭിക്കും. 2022 ജനുവരി 3–ാം തിയ്യതിയോടെ അവരിൽ 16 പേർ പുരോഹിതരായി അഭിഷിക്തരാകും. മൂന്നുപേരുടെ തിരുപ്പട്ടസ്വീകരണം 2022 ഏപ്രിൽ–മെയ് മാസങ്ങളിലാണ് നടക്കുക.

**8. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. റവ. സിസ്റ്റർ പ്രൊവിൻഷ്യൽ, നിർമ്മൽറാണി അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ, തൃശൂർ.

**Benefactor Membership**

1. ശ്രീമതി മോളി ടി. എ., തട്ടിൽ ചീനിക്കൽ ഹൗസ്, നെടുപുഴ, തൃശൂർ.
2. റവ. ഫാ. ഡേവിസ് തെക്കേക്കര, തൃശൂർ അതിരൂപത.
3. ഇൻഫന്റ് ജീസസ് ചർച്ച്, വരാക്കര സൗത്ത്, തൃശൂർ അതിരൂപത.
4. ശ്രീ. എ. കെ. ടോണി & ഫാമിലി, അക്കരപട്ട്യേക്കൽ ഹൗസ്, പുറനാട്ടുകര, തൃശൂർ.
5. സെന്റ് മേരീസ് ചർച്ച്, ആമ്പക്കാട്, തൃശൂർ അതിരൂപത.

**Wellwisher Membership**

1. ശ്രീമതി ബീന ജോൺസൺ, തേക്കാനത്ത് ഹൗസ്, പുഴയ്ക്കൽ, തൃശൂർ.

ഓർക്കുമ്പോഴെല്ലാം ദൈവത്തിനു നന്ദിപറയത്തക്കവിധം (ഫിലി. 1:3) ഞങ്ങളെ കരുതുന്ന എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. 25 വർഷം പൂർത്തിയാക്കിയ നേഴ്സുമാരെ ആദരിച്ചു**

കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് ഇരുപത്തഞ്ചിനും അതിൽ കൂടുതലും വർഷം ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ച്ചവെച്ച നേഴ്സുമാരെ ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷപ്രസംഗത്തിലൂടെ അറിവ് ആതുരശുശ്രൂഷാ മേഖലയിലെ മികവിന് വേണ്ടിയായിരിക്കണമെന്ന് ഓർമിപ്പിച്ചു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുകയും നേഴ്സുമാരുടെ ദൗത്യം സുഖപ്പെടുത്തുക എന്നതിനേക്കാൾ കരുതലുള്ള ശുശ്രൂഷ കാഴ്ച്ചവെക്കുന്നതാകണം എന്ന് ഉദ്ബോധിപ്പിച്ചു. CNGAT ഡയറക്ടർ റവ. ഫാ. ജിമ്മി എടക്കളത്തൂർ സ്വാഗതം ആശംസിക്കുകയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് ആശംസകളർപ്പിക്കുകയും അവാർഡ് ജേതാക്കളുടെ പ്രതിനിധിയായി റവ. സി. ലളിത സി. എച്ച്.എഫ്, നേഴ്സിങ്ങ് ശുശ്രൂഷാ രംഗത്തെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും CNGAT ജൂബിലി യൂണിറ്റിന്റെ പ്രസിഡണ്ട് സി. സെലിൻ സി.എച്ച്.എഫ്., നന്ദി പറയുകയും ചെയ്തു.

**2. ഗർഭാശയഗള കാൻസർ ബോധവത്കരണ വാരാചരണം**

കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി, തൃശ്ശൂർ OBG സൊസൈറ്റി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നിവർ ചേർന്ന് സംയുക്തമായി സംഘടിപ്പിച്ച ഗർഭാശയഗള കാൻസർ ബോധവത്കരണ പരിപാടി നടന്നു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം നിർവഹിച്ചു. ഡോ. ലോലയുടെ ബോധവത്കരണ ക്ലാസും, രംഗചേതനയുടെ തെരുവുനാടകവും ഉണ്ടായിരുന്നു. ഈ വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ വിദ്യാർത്ഥികളുടെ ക്വിസ് മത്സരം നടന്നു. പൊതുജനബോധവത്കരണത്തിനായി നഴ്സിങ്ങ് വിദ്യാർത്ഥികൾ നിശ്ചലദൃശ്യാവിഷ്ക്കാരം നടത്തി.

**3. ലോകപ്രമേഹദിനാചരണം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പീഡിയാട്രിക്ക് വിഭാഗത്തിൽ ലോകപ്രമേഹദിനത്തോടനുബന്ധിച്ച് കുട്ടികളിലെ പ്രമേഹരോഗത്തെകുറിച്ചുള്ള ബോധവത്കരണം നടത്തി. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ചടങ്ങ് ഉദ്ഘാടനവും പീഡിയാട്രിക്ക് വിഭാഗം മേധാവി ഡോ. വിനോദ് ജേക്കബ്ബ് ചെറിയാൻ, ഡോ. സൻജ്ജീവ് കുമാർ എന്നിവർ ആശംസകളും നിർവ്വഹിച്ചു. കുന്ദംകുളം താലൂക്ക് ആശുപത്രിയിലെ ഡയറ്റീഷ്യൻ എ. അമ്പിളി പ്രമേഹരോഗികളുടെ ഭക്ഷണക്രമത്തെക്കുറിച്ച് ക്ലാസ് നയിച്ചു. പ്രമേഹരോഗികളായ കുട്ടികളും അവരുടെ മാതാപിതാക്കളും പരിപാടിയിൽ പങ്കെടുത്തു. കുട്ടികളുടെ കലാപരിപാടികളും ക്വിസ് മത്സരവും നടന്നു.

**4. ലോക എയ്ഡ്സ് ദിനം**

ഡിസംബർ ഒന്ന്, ലോക എയ്ഡ്സ് ദിനം. എയ്ഡ്സ് പകരുന്ന വഴികൾ പ്രതിരോധമാർഗ്ഗങ്ങൾ, കൃത്യമായ ചികിത്സാരീതികൾ എന്നിവയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തികൊണ്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ത്വക് രോഗ വിഭാഗം എയ്ഡ്സ് ദിനം ആചരിച്ചു. ത്വക്ക് രോഗ വിഭാഗം മേധാവി ഡോ. മേഴ്സി പോൾ മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് , സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ എയ്ഡ്സ് ബോധവത്കരണത്തെപറ്റി സംസാരിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കായി പോസ്റ്റർ മത്സരവും, മെഡിക്കൽ വിദ്യാർത്ഥികളുടെ എയ്ഡ്സ് ബോധവത്കരണ സ്കിറ്റ് പ്രോഗ്രാമുമുണ്ടായിരുന്നു. എയ്ഡ്സ് ബോധവത്കരണ കുറിപ്പുകൾ വിതരണം ചെയ്തു.

5. **വയറിനുള്ളിലെ രക്തകട്ട സൂചിയിലൂടെ നീക്കം ചെയ്തു**

ഹൃദയത്തിൽനിന്ന് കാലുകളിലേക്കുള്ള രക്തധമനിയിലെ രക്തം കട്ടപിടിച്ചത് ഒരു പ്രത്യേക ഉപകരണം (ആൻജിയോജെറ്റ്) ഉപയോഗിച്ച് ഒരു സൂചിയിലൂടെ വയറിനുള്ളിൽവെച്ച്തന്നെ പൊടിച്ചുകളഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എൻഡോവാസ്ക്കുലർ സർജറി വിഭാഗത്തിലെ ഡോക്ടർമാർ. 19 വയസ്സുള്ള ചെറുപ്പക്കാരൻ കാലുവേദനയ്ക്ക് പുറത്ത് സ്വകാര്യ ആശുപത്രിയിൽ 50 ദിവസമായി ചികിത്സയിലായിരുന്നു. പിന്നീട് കാല് വേദന കൂടി നീര് വന്ന് നടക്കാൻ പറ്റാത്ത അവസ്ഥയിൽ ജൂബിലി മിഷൻ ആശുപത്രിയിൽ അഡ്മിറ്റാകുകയും തുടർന്ന് കാലിൽ നിന്ന് ഹൃദയത്തിലേക്കുള്ള രക്ത

ധമനിയിൽ (ഇല്ലിയാക്ക് വെയിൻ) രക്തം കട്ടപിടിച്ച് കിടക്കുകയാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതേ സമയത്തുതന്നെയാണ് 65 വയസ്സുള്ള മറ്റൊരു രോഗി ഹൃദയത്തിൽ നിന്ന് കാലിലേക്കുള്ള രക്തയോട്ടം (ഇല്ലിയാക്ക് ആർട്ടറി ത്രോംബോസിസ്) നിലച്ച് കാല് മുറിച്ചുകളയേണ്ട അവസ്ഥയിൽ എത്തിയത്. ഈ രണ്ട് രോഗികളിലും ഓപ്പൺ സർജറി ചെയ്യുന്നതിനുപകരം ഏൻജിയോജെറ്റ് എന്ന ഉപകരണം ഉപയോഗിച്ച് രക്തകട്ടപൊടിച്ച് ശരീരത്തിൽ നിന്ന് നീക്കം ചെയ്തതിലൂടെ രോഗിക്ക് ശരീരത്തിൽ മുറിവുകളോ സ്റ്റിച്ചുകളോ ഇല്ലാതെ മൂന്ന് നാല് ദിവസത്തിനുള്ളിൽ ആശുപത്രി വിടാൻ സാധിച്ചു. ഇല്ലിയാക്ക് ആർട്ടറി ത്രോംബോസിസ് ഇപ്രകാരം ചികിത്സിക്കുന്നത് കേരളത്തിൽ ആദ്യമായിട്ടാണ്.

എൻഡോ വാസ്ക്കുലാർ സർജറി വിഭാഗം മേധാവി ഡോ. വിനീത് കുമാറിന്റെ നേതൃത്വത്തിൽ ഡോ. ശിൽപ, കാർഡിയാക്ക് അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ശീതൾ, കാത്ത്ലാബ് ടെക്നീഷ്യൻ സന്ദീപ്, അഭിലാഷ്, സ്റ്റാഫ് നേഴ്സുമാരായ ജൂലി, സിവിയ, റോക്സി, സ്റ്റെഫി എന്നിവർ പ്രധാന പങ്ക് വഹിച്ചു. വിദേശത്തുള്ളതുപോലെ നമ്മുടെ നാട്ടിലും എൻഡോവാസ്ക്കുലാർ, ഹൈബ്രിഡ് എൻഡോവാസ്ക്കുലാർ ചികിത്സയിലൂടെ സങ്കീർണമായ ഓപ്പ ൺ ശസ്ത്രക്രിയയെ ലഘൂകരിച്ച് ഒരു സൂചിയിലൂടെ ശരീരത്തിനുള്ളിൽ പ്രവേശിച്ച് കൈകാലുകളിലേക്കുള്ള രക്തയോട്ടം പുനസ്ഥാപിക്കാൻ സാധിക്കുമെന്ന് ഡോ. വിനീത് കുമാർ അഭിപ്രായപ്പെട്ടു.

ഒരുവർഷത്തിൽ ഇരുന്നൂറിൽ പരം രോഗികൾക്ക് എൻഡോവാസ്ക്കുലർ സർജറി വഴി കൈകാലുകളിലെ രക്തധമനി അസുഖങ്ങൾ ചികിത്സിക്കാൻ സാധിച്ചു എന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

**6. ആയുർവേദ ദിനാഘോഷം**

ദേശീയ ആയുർവേദദിനത്തോട് അനുബന്ധിച്ചു ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ക്രൈസ്റ്റ് വില്ല ഹോം അന്തേവാസികൾക്കായി സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും, ബി. എസ്. എസ്. ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് നഴ്സിംഗ് കോഴ്സിന്റെ ഉദ്ഘാടനവും നടത്തി. ആയുർവേദ മെഡിസിൻ മാന്യുഫാക്ച്ചറർസ് ഓർഗനൈസഷൻ ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറി ഡോ. ഡി. രാമനാഥൻ, ബി. എസ്. എസ്. ജില്ലാ പ്രോഗ്രാം ഓഫീസർ ബാലൻ മച്ചത്ത് എന്നിവർ വിശിഷ്ടാതിഥികളായി. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസോ. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ ബെന്നി

ജോസഫ്, ചീഫ് കസൾട്ടന്റ് ഡോ. സി. ഡോണേറ്റാ, ക്രൈസ്റ്റ് വില്ല ഡയറക്ടർ ഫാ. സെബി കവലക്കാട്ട്, സ്പെഷ്യൽ കൺസൾട്ടന്റ് ഡോ. എൻ. പി. ശ്രീവൽസ് എന്നിവർ പങ്കെടുത്തു.

**7. മൈക്രോബയോളജി ലാബിൽ ബയോഫയർ ടെസ്റ്റ്**

മൈക്രോബയോളജി ഡിപ്പാർട്ടുമെന്റിലെ മോളിക്കുലാർ ബയോളജി വിഭാഗത്തിൽ സാംക്രമിക രോഗങ്ങളുടെ രോഗ നിർണയ ത്തിനായി നിലവിലുള്ള ഏറ്റവും നൂതനമായ ബയോഫയർ എന്ന ടെസ്റ്റ് ആരംഭിച്ചു. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ 40 ൽ അധികം അണു ക്കളെ ഒരേ സമയം പരിശോധിച്ചു രോഗനിർണയം അതിവേഗം സാധ്യ മാകുന്നു. ഈ ടെക്നോളോജി കൈവരിക്കുന്ന ജില്ലയിലെ ആദ്യ ആശുപത്രിയാണ് നമ്മുടേത്. ബാക്ടീരിയ, വൈറസ്, പാരസൈറ്റുകൾ, ഫംഗസ്സുകൾ തുടങ്ങി എല്ലാ തരം അണുക്കളെയും film array എന്ന മോളിക്കുലാർ ടെക്നോളജി ഉപയോഗിച്ചാണ് കണ്ടുപിടിക്കുന്നത്. നമ്മുടെ ആശുപത്രിയിലെയും തൃശൂർ ജില്ലയിലെ മറ്റു ആശുപത്രികളിലെയും രോഗികൾക്ക് ഇത് അതിവേഗരോഗനിർണ യത്തിന് ഉപകരിക്കും.

**7. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

CMAI നടത്തിയ ഡിപ്ലോമ ഇൻ അനസ്തേഷ്യ & ക്രിട്ടിക്കൽ കെയർ ടെക്നോളജി ദേശീയ തല പരീക്ഷയിൽ (2019 – 2021) ഐശ്വര്യ സുബോധ് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**8. ഡയാലിസിസിന് സംഭാവന നൽകിയവർ**

- കെ.സി.വൈ.എം. സേക്രട്ട് ഹാർട്ട് ചർച്ച്, ചെമ്പൂക്കാവ്, തൃശ്ശൂർ (21 ഡയാലിസിസ്)
- അവർ ലേഡി ഓഫ് ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ (71 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, ആമ്പക്കാട്, തൃശ്ശൂർ (100 ഡയാലിസിസ്)
- സോഷ്യൽ സർവ്വീസ് ക്ലബ്, തൃശ്ശൂർ (53 ഡയാലിസിസ്)
- അനിൽകുമാർ, കൊടുങ്ങല്ലൂർ (107 ഡയാലിസിസ്)

**9. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- റേഡിയോളജി ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജസ്റ്റിൻ സി. വി, ചിരിയങ്കണ്ടത്ത് ഹൗസ്, രാമവർമ്മപുരം, തൃശ്ശൂർ
- ഡോ. അമൃത
- ഇഷോൺ ജോജു, മാങ്ങൻ ഹൗസ്, കണ്ടശ്ശാംകടവ്, തൃശ്ശൂർ

● ജോയ് എം. സി
● നോയൽ ജോൺ, C/O തോമസ്, ലോൺട്രി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
● ഫാ. ജോർജ്ജ് വടക്കേത്തല
● ഡെവിൻ ഫ്രാൻസിസ് തറയിൽ, C/O ഫാ. ഡെമിൻ തറയിൽ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
● ഷാർമിലി, ലോൺട്രി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. നേട്ടം**

നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ സംഘടിപ്പിച്ച ദേശീയ പ്രസംഗ മത്സരത്തിൽ രണ്ടാം വർഷ മാത്സ് വിദ്യാർത്ഥി വിഷ്ണു ഉണ്ണികൃഷ്ണൻ ഒന്നാം സ്ഥാനം നേടി.

● മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് ഡിബേറ്റ് മത്സരത്തിൽ കോളേജിലെ പി.ആർ അലീന (രണ്ടാംവർഷ ബി.എ. ഇക്കണോമിക്സ്), വിഷ്ണു ഉണ്ണികൃഷ്ണൻ (രണ്ടാംവർഷ ബി.എസ്.സി മാത്സ്) എന്നിവരുടെ ടീം ഒന്നാം സ്ഥാനം നേടി. തുടർച്ചയായി മൂന്നാം തവണയാണ് സെന്റ് തോമസ് കോളേജ് ഈ നേട്ടം ആവർത്തിക്കുന്നത്.
● റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസ് എന്ന സ്ഥാപനത്തിൽ സുവോളജി ഡിപ്പാർട്ട്മെന്റ് അദ്ധ്യാപിക ഡോ. ജോയ്സ് ജോസ് 'കേരളത്തിലെ മെരിസ്റ്റിക്ക സ്വാമ്പ് പരിസ്ഥിതി ഡൈവേഴ്സിറ്റിയെ' ക്കുറിച്ച് ക്ലാസ്സ് നൽകി.
● വിവര സാങ്കേതിക, വിക്ഷേപണ മന്ത്രാലയത്തിന്റെ കീഴിൽ കോളേജിൽ വെച്ച് നടത്തപ്പെട്ട ക്വിസ്സ് മത്സരത്തിൽ ഒന്നാംവർഷ എം.കോം

വിദ്യാർത്ഥി പല്ലവി മുരളീധരൻ ഒന്നാം സ്ഥാനം നേടി. ഇതിനോടനുബന്ധിച്ച് കോവിഡ് പ്രതിരോധ ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചു. നാഷണൽ ഹെൽത്ത്മിഷന്റെ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. യു.ആർ രാഹുൽ ക്ലാസ്സു നയിച്ചു.

- കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഡോ. വി.ഐ. ജോസഫ് ജോളിക്ക് ദേശീയ പ്രോജക്ട് ഫണ്ടിംഗ് ഏജൻസിയായ എസ്.ഇ.ആർ.ബി (സയൻസ് ആന്റ് എഞ്ചിനീയറിംഗ് റിസർച്ച് ബോർഡ്) ന്റെ റിസർച്ച് ഫെല്ലോഷിപ്പ് റ്റി.എ.ആർ.ഇ (ടീച്ചേഴ്സ് അസോസിയേഷൻഷിപ്പ് ഫോർറിസർച്ച് എക്സലൻസ്) സ്ക്കീമിൽ ലഭിച്ചു. ജോസഫ് ജോളി സാറിന് അഭിനന്ദനങ്ങൾ.
- എൻ.സി.സി കേഡറ്റ് ഗിസ്റ്റി മരിയ എം.ഡി യെ കോയമ്പത്തൂരിലെ ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നടക്കുന്ന അഡ്നാസ്ഡ് ലീഡർഷിപ്പ് ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു.
- അനദ്ധ്യാപകനായ ശ്രീ ഡെന്നി ഡോമിനിക്കിന് ചിൽഡ്രൻസ് ഡേയുടെ ഭാഗമായി പ്രത്യേക രചന മത്സരത്തിൽ 'ഭൂമിക കാവ്യപുരസ്ക്കാരം കവിതാ എഴുത്ത് മത്സരത്തിൽ ലഭിച്ചു.
- നെന്മാറ എൻ.എസ്.എസ് കോളേജ് സംഘടിപ്പിച്ച 'ഇൻസ്പിരേഷൻ ടോക്കിസ്' ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. ആന്റോ പി.വി റിസോഴ്സ് പേഴ്സനായിരുന്നു.

**2. കോളേജിന്റെ ലൈബ്രറി വെഞ്ചിരിച്ചു**

കോളേജിന്റെ പുതിയ ലൈബ്രറി മാനേജർ മാർ ടോണി നീലങ്കാവിൽ വെഞ്ചിരിച്ചു. അഞ്ചു നിലകളിൽ നിർമ്മിച്ച പുതിയ ബിൽഡിങ്ങിലാണ് പുതിയ ലൈബ്രറി പ്രവർത്തിക്കാൻ ഒരുങ്ങുന്നത്.

**3. ധീര യുദ്ധജവാന്മാരെ ആദരിച്ചു**

1971–ലെ ഇന്ത്യ–പാക്ക് യുദ്ധത്തിൽ പങ്കെടുത്ത യുദ്ധ വീരന്മാരെ ആദരിച്ചു. കോളേജിലെ എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടിയിൽ പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. അഥിതിയായിരുന്നു.

**4. വെബിനാർ**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ബി.എസ്.സി വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാം സമഘടിപ്പിച്ചു. അമേരിക്കയിലെ 'മിയാമി' യൂണിവേഴ്സിറ്റി ശ്രീ. ശ്രീരാഗ് നാരായണൻ ക്ലാസ്സ് നയിച്ചു.

- കോളേജിലെ ആദ്യവർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് 'സോഷ്യൽ സർവ്വീസ് പ്രോഗ്രാം' നെ പറ്റി വെബിനാർ സംഘടിപ്പിച്ചു. മുൻ കാലിക്ക

റ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാറും, കെമിസ്ട്രി വിഭാഗം തലവനുമായ ഡോ. ജോഷി സി. എൽ വെബിനാർ നയിച്ചു.

- ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജും, സെന്റ് തോമസ് കോളേജും സംയുക്തമായി സംഘടിപ്പിച്ച, 'ഇഷ്യു ഇൻ സെക്കന്റ് ലാഗ്വേജ് അക്വിസിഷൻ ആന്റ് ലേണിംഗ്' എന്ന വിഷയത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. അനു പോൾ ക്ലാസ്സു നയിച്ചു.
- ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ രണ്ടാംവർഷ വിദ്യാർത്ഥികൾക്കായി 'ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻ കേരള' എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ക്രൈസ്റ്റ് കോളേജിലെ റിട്ടയേഡ് അദ്ധ്യാപകൻ ഡോ. ശ്രീകുമാർ എസ് ക്ലാസ്സ് നയിച്ചു. പ്രകൃതി ബോധവത്ക്കരണ വെബിനാർ ക്ലാസ്സ് ക്രൈസ്റ്റ് കോളേജിലെ ഡോ. സുബിൻ കെ. ജോസ് നയിച്ചു.
- 'ചോയ്സ് ഓഫ് കരിയർ' എന്ന വിഷയത്തിൽ മോട്ടിവേഷണൽ ടോക്ക്, വിദ്യാർത്ഥികൾക്കായി കോളേജ് സംഘടിപ്പിച്ചു. ഫിസിക്സ് അദ്ധ്യാപകൻ ഡോ. വിമൽകുമാർ ടി.വി റിസോഴ്സ് പേഴ്സൺ ആയിരുന്നു.

**5. സാനിറ്റൈസർ നിർമ്മാണം**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സാനിറ്റൈസർ നിർമ്മിച്ചു. വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നിർമ്മാണത്തിൽ പരിശീലനം നൽകി.

**6. വെർച്വൽ കോൺഫ്രൻസ്**

ഐ.ഐ.റ്റി മദ്രാസും സെന്റർ ഫോർ പെർമോഫൻസ് റിസേർച്ച് ആന്റ് കൽച്ചറൽ സ്റ്റഡീസ് ഇൻ സൗത്ത് ഏഷ്യയും സംയുക്തമായി വെർച്വൽ കോൺഫ്രൻസ് സംഘടിപ്പിച്ചു. ഐ.ഐ.റ്റി മദ്രാസ് ഡീൻ, പ്രൊഫ. രവീന്ദ്ര ഗെട്ടു വെർച്വൽ കോൺഫ്രൻസ് ഉത്ഘാടനം ചെയ്തു. ഈ കോൺഫ്രൻസ് സംഘടിപ്പിച്ചത് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ഡോ. ബിജു സി.എസ് ആണ്.

**7. ഗവേഷണ ഫെല്ലോഷിപ്പ്**

കോളേജിലെ 33 അദ്ധ്യാപകർക്ക് ഗവേഷണ അഭിരുചിയുടെ അടിസ്ഥാനത്തിൽ കോളേജ് മാനേജ്മെന്റും റിസർച്ച് കൗൺസിലും ചേർന്ന് ഗവേഷണ ഫെല്ലോഷിപ്പ് നൽകി. എട്ടര ലക്ഷം രൂപ വിവിധ ഗവേഷണ പ്രോജക്റ്റുകളെ പ്രോത്സാഹിപ്പിക്കാൻ നൽകുന്ന ഈ സംഖ്യ ഗവേഷണ പേപ്പർ പ്രസിദ്ധീകരിക്കുന്നതിനും, പ്രോജക്റ്റ് വർക്ക് ചെയ്യുന്നതിനുമാണ്. മാനേജർ മാർ ടോണി നീലങ്കാവിൽ ഫെല്ലോഷിപ്പ് വിതരണം ചെയ്തു.

**8. നാഷണൽ ഹോക്കി ടീമിലേക്കും സന്തോഷ് ട്രോഫി ടീമിലേക്കും സെലക്ഷൻ**

സെന്റ് തോമസ് കോളേജിലെ അഭിമാന താരങ്ങളായ അക്ഷയ് കെ. യു, അമിൻ കെ. എൻ എന്നിവർക്ക് കേരള സീനിയർ നാഷണൽ ഹോക്കി ടീമിലേക്ക് സെലക്ഷൻ ലഭിച്ചതിൽ അഭിനന്ദനങ്ങൾ. ഒന്നാംവർഷ ബി.എ. ഇക്കണോമിക്സ് വിദ്യാർത്ഥി മുഹമ്മദ് ഷഫീഫ് എ.പി യ്ക്ക് കേരള സന്തോഷ് ട്രോഫി ടീമിലേക്ക് സെലക്ഷൻ ലഭിച്ചതിൽ അഭിനന്ദനങ്ങൾ.

**9. രാജഹംസം സിംഫണി**

പൂർവ്വ വിദ്യാർത്ഥിയും സംഗീത സംവിധായകനായിരുന്ന ജോൺസൺ മാസ്റ്ററോടുള്ള ആദരസൂചകമായി ഫൈൻ ആർട്ട്സ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സിംഫണി എന്ന പേരിൽ സംഗീത പ്രോഗ്രാം നടത്തി.

**10. വർക്ക്ഷോപ്പ്**

മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഓറിയന്റേഷൻ വർക്ക്ഷോപ്പ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ടു. തിയറ്റർ ഫോർ സെൽഫ് ഡവലപ്പ്മെന്റ് എന്ന വിഷയത്തിൽ തൃശൂർ സ്ക്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകൻ ഡോ. ആർ ശ്രീജിത്ത് വർക്ക്ഷോപ്പ് നയിച്ചു.

**11. പി.എച്ച്.ഡി നേടി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ. ജോയ് റ്റി. റ്റി. 'ഇൻഡ്യാനസ് ഇൻ ഇന്ത്യൻ റൈറ്റിംഗ് ഇൻ ഇംഗ്ലീഷ്' എന്ന വിഷയത്തിൽ ഇംഗ്ലീഷ് വകുപ്പ് മേധാവി ഡോ ആന്റോ തോമസ് സിയുടെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

- കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപികയും ഗവേഷകയുമായിരുന്ന റീജ ജോൺസൺ മുൻ ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. ജോബി തോമസിന്റെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

**12. വെബിനാർ പരമ്പര**

മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സാഹിത്യം സംസ്ക്കാരം ചരിത്രം എന്നീ മേഖലകളിൽ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. 'മലയാള സാഹിത്യത്തിലെ പുതുവായനകൾ' എന്ന വിഷയത്തിൽ പ്രശസ്ത നോവലിസ്റ്റ് ഡോ. സി.എസ് ചന്ദ്രിക പ്രഭാഷണം നടത്തി.

**13. എൻ. സി. സി**

എൻ. സി. സി ഡെയുടെ ആഘോഷത്തിന്റെ ഭാഗമായി എൻ. സി. സി കേഡറ്റുകൾ വീടുകളിൽ വൃക്ഷത്തൈകൾ നടുന്ന ആഘോഷ

രീതി ഈ വർഷവും നടത്തി.

**14. കുളവെട്ടി മരങ്ങൾ വച്ചു പിടിപ്പിച്ചു**

ബോട്ടണി ഡിപ്പാർട്ട്മെന്റും, നേച്ചർ ക്ലബും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും സംയുക്തമായി വംശനാശ ഭീഷണി നേരിടുന്ന കുളവെട്ടിമരങ്ങൾ അസുരകുണ്ട് ഡാം പ്രദേശത്ത് നട്ടു. ബോട്ടണി അദ്ധ്യാപകൻ ഡോ. ആന്റോ പി.വി തൈ നട്ട് ഉത്ഘാടനം ചെയ്തു.

**15. കോൺസ്റ്റിറ്റ്യൂഷൻ ഡേ ആഘോഷം**

72–ാം മത് കോൺസ്റ്റിറ്റ്യൂഷൻ ഡേ യുടെ ആഘോഷത്തിന്റെ ഭാഗമായി പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നിമിഷ പ്രസംഗ മത്സരം എക്സിബിഷൻ എന്നിവ നടത്തപ്പെട്ടു.

- ‘ഫൈൻ ആർട്ട്സ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ദേശഭക്തി ഗാനമത്സരം സംഘടിപ്പിച്ചു.
- ‘എൻ.എസ്.എസ്, എൻ.സി.സി യൂണീറ്റുകൾ കോൺസ്റ്റിറ്റ്യൂഷൻ ഡേ അനുസ്മരണം സംഘടിപ്പിച്ചു.
- ‘കോളേജിൽ ഭരണഘടന ആമുഖ വായന സംഘടിപ്പിച്ചു.

**16. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 18 വിദ്യാർത്ഥികൾക്ക് ഈ മാസം പ്ലെയ്സ്മെന്റ് ലഭിച്ചു. ഡിലോയ്‌ലിറ്റി റിസ്ക്ക് & ഫിനാൻഷ്യൽ അഡ്വൈസറി –7, റ്റി.സി.എസ്–2, ജെ.എസ്.ഡബ്യു സിമന്റ്സ് –2, ഇൻഫോസിസ് –1, സിഫോ–1, എം.ആർ.എഫ് –1, വി.എസ്.റ്റി – 1, എൽ&റ്റി–1, ലീഡ്സ് അക്കാദമി–1, എസ്.ഐ.ബി–1. ജോലി ലഭിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**17. ഗോൾഡൻ ‘ഫോർ സ്റ്റാർ’**

കോളേജിലെ ഇന്നൊവേഷൻ സെൽ 2020–2021 വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ മികവിൽ ഇന്ത്യൻ ഇന്നൊവേഷൻ കൗൺസിൽ ‘നാല് ഗോൾഡൻ സ്റ്റാർ റാങ്ക്’ സർട്ടിഫിക്കറ്റ് കോളേജിന് ലഭിച്ചു. ഈ വർഷത്തെ ഏറ്റവും ഉയർന്ന ഐ.സി.സി റാങ്കാണിത്.

**18. എൻ.എസ്.എസ്**

എൻ.എസ്.എസ് യൂണീറ്റിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ വെബിനാർ സംഘടിപ്പിച്ചു. വയനാട് പഞ്ചകർമ്മ ആയുർവേദ ആശുപത്രി ഡോക്ടർ. നീനു തരേസ ജോസ് ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു.

**19. ഗേൾസ് ഹോസ്റ്റൽ**

കോളേജിലെ വിദ്യാർത്ഥിനികൾക്കായി ഗേൾസ് ഹോസ്റ്റൽ ആരംഭിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ വെഞ്ചിരിപ്പു കർമ്മം ന

ടത്തി.

**20. സെമിനാർ**

'റിഫൈൻ യുവർ ടാർജെറ്റ്' എന്ന വിഷയത്തിൽ ഡോ. സരിൻ പി. ഐ.എ.എ.സ് പ്രഭാഷണം നടത്തി.

- എൻ.എസ്.എസ് യൂണീറ്റ് അംഗം സ്വാതി എം.എസിനെ നാഷണൽ സൗത്ത് സോൺ ക്യാമ്പിലേക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും തെരഞ്ഞെടുത്തു. സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റും, ഗവൺമെന്റ് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റും സംയുക്തമായി അൽഷ്മേഴ്സ് അസുഖത്തെക്കുറിച്ചും, മുതിർന്ന പൗരന്റെ വെൽഫയർ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ശ്രീമതി. ബിനി സെബാസ്റ്റ്യൻ, ശ്രീ സുരേഷ് കുമാർ ഒ.പി. എന്നിവർ ക്ലാസ്സ് നയിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

നവംബർ 16, 17, 18 തിയ്യതികളിൽ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. നവംബർ 16–ാം തിയ്യതി ചൊവ്വാഴ്ച ടീച്ചേഴ്സ് ആർ സെക്കന്റഡ് പേരൻസ് എന്ന വിഷയത്തെക്കുറിച്ച് ഡോ.സി.ഷെറിൻ മരിയ സി.എച്ച്.എഫ് ഉം, 17–ാം തിയ്യതി ബുധനാഴ്ച എംപവറിൻ സ്റ്റുഡന്റ് ഇൻ ന്യൂ എറ എന്ന വിഷയത്തെക്കുറിച്ച് റവ.ഫാ.രാജു അക്കരയും, 18–ാം തിയ്യതി വ്യാഴാഴ്ച ആർട്സ് ആൻഡ് ഡ്രാമ ഇൻ എഡ്യുക്കേഷൻ എന്ന വിഷയത്തെകുറിച്ച് മിസ്.രാധാദേവി എ.എസ് എന്നിവർ ക്ലാസുകളെടുത്തു. നവംബർ 19–ാം തിയ്യതി പ്രിൻസിപ്പാൾ റവ.ഡോ. ചാക്കോ ചിറമ്മൽ ബി.എഡ് സിലബസ് വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.

**2. ബിരുദ ദാനവും സമ്മാനദാനവും നൽകി**

2018–2020, 2019–2021 അധ്യായന വർഷത്തിലെ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങും സമ്മാനദാനവും കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നവംബർ 26ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിലിന്റെ അദ്ധ്യക്ഷതയിൽ നിർവഹിച്ചു. മാനേജർ റവ. മോൺ. തോമസ് കാക്കശ്ശേരി, അസി.മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി, കോളേജ് പ്രിൻസിപ്പാൾ റവ.ഫാ.ഡോ.ചാക്കോ ചിറമ്മൽ, അധ്യാപിക പ്രതിനിധി അസി.പ്രൊഫ. റോസ്‌വിൻ സി.പീറ്റർ എന്നിവർ ആശംസകളർപ്പിച്ചു. ഒന്നാം റാങ്ക് ജേതാക്കൾക്ക് ഗോൾഡ് കോയിൻ നൽകി ആദരിച്ചു.

**3. ലോക എയ്ഡ്സ് ദിനാചരണം നടത്തി**

ഡിസംബർ 1–ാം തിയ്യതി ലോക എയ്ഡ്സ് ദിനം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആചരിച്ചു. വിദ്യാർത്ഥി പ്രതിനിധിയായ ഫാ.മേജോ എം.എൽ സമൂഹത്തിൽ എയ്ഡ്സ് രോഗികളോടുള്ള സമീപനത്തെക്കുറിച്ചും നാം എടുക്കേണ്ട നിലപാടുകളെകുറിച്ചും പ്രഭാഷണം നടത്തി. തദവസരത്തിൽ വിദ്യാർത്ഥികളെല്ലാവരും എയ്ഡ്സ് രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്നും മാനിക്കുമെന്നും പ്രതിജ്ഞയെടുക്കുകയും റെഡ് റിബൺ ധരിച്ച് ദിനാചരണത്തിന് ഐക്യ ദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

**4. സിനർജി സെമിനാർ സീരീസ് സംഘടിപ്പിച്ചു**

ഡിസംബർ 6–ാം തിയ്യതി സ്ത്രീകളെപ്പറ്റിയുള്ള നിയമവശങ്ങളെ കുറിച്ച് മിസ്. ശ്രീവിദ്യ രാധാ കൃഷ്ണൻ വിദ്യാർത്ഥികളെ ബോധവൽക്കരിച്ചു.

**5. പരീക്ഷകൾ സമാപിച്ചു**

ബി.എഡ് വിദ്യാർത്ഥികൾക്ക് സെക്കന്റ് സെമസ്റ്റർ പരീക്ഷ ഡിസംബർ 6–ാം തിയ്യതി മുതൽ 9–ാം തിയ്യതി വരെയും, എം.എഡ് വിദ്യാർത്ഥികൾക്ക് ഡിസംബർ 6 മുതൽ 13 വരെയും പരീക്ഷകൾ നടന്നു.

**6. ക്രിസ്തുമസ് ആഘോഷിച്ചു**

ഡിസംബർ 24–ാം തിയ്യതി കോളേജിൽ ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു. മാനേജർ റവ.മോൺ.തോമസ് കാക്കശ്ശേരി മുഖ്യാതിഥിയായിരുന്നു. ക്രിസ്തുമസ് സുഹൃത്തിന് സമ്മാനം കൈമാറലും, കരോൾ മത്സരവും ക്രിസ്തുമസ് ആഘോഷത്തെ ആകർഷണീയമാക്കി.

**7. അവധിക്കാലം വന്നെത്തി**

ക്രിസ്തുമസ് അവധിക്കാലം ഡിസംബർ 24–ാം തിയ്യതി

വെള്ളിയാഴ്ച മുതൽ 3–ാം തിയ്യതി തിങ്കളാഴ്ച വരെയുള്ള ദിവസങ്ങളിൽ ആയിരുന്നു.

| | |
|---|---|
| **ഫാ. ഷിജു ചിറ്റിലപ്പിള്ളി** | **ഫാ. ചാക്കോ ചിറമ്മൽ** |
| അസി. മാനേജർ | പ്രിൻസിപ്പാൾ |

Santhwanam
ARCHDIOCESE OF TRICHUR

**1. സ്വിഫ്റ്റ് മാർട്ട് ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നു**

സ്വയം സംരംഭകരുടെയും സ്വയം സഹായ കർഷകസംഘടനകളുടെയും വിപണനകേന്ദ്രമായ സ്വിഫ്റ്റ്മാർട്ടിന്റെ ഫ്രാഞ്ചൈസികൾ തൃശൂർ ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നു. ഫ്രാഞ്ചൈസികൾ എടുക്കുന്നവരുടെ പ്രഥമയോഗം തൃശൂർ അതിരൂപത കേന്ദ്രത്തിൽവെച്ച് നടന്നു. 63പേർ പങ്കെടുത്ത യോഗം സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ ഉദ്ഘാടനം ചെയ്തു. മുതൽ മുടക്കില്ലാതെ ഉപജീവനമാർഗ്ഗം നൽകുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഫ്രാഞ്ചൈസികൾ കോവിഡ് കാലത്ത് ഉപജീവനത്തിനപ്പുറം അതിജീവനവും സാധ്യമാകുമെന്ന് യോഗം വിലയിരുത്തി. ഗുണനിലവാരമുള്ള വിഷരഹിതമായ സാധനങ്ങൾ ഉപയോഗിക്കുവാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത് വഴി അതിജീവന സംസ്ക്കാരം സൃഷ്ടിക്കപ്പെടുമെന്നും തൃശൂർ അതിരൂപതയുടെ സാമൂഹ്യപ്രവർത്തനത്തിൽ പങ്കാളിത്തം ഉറപ്പുവരുത്താനാകുമെന്നും ക്ലാസ് നയിച്ച ശ്രീ. സോണി അക്കര, ശ്രീ. ഡെറിക്ക് സി. റാഫേൽ എന്നിവർ അഭിപ്രായപ്പെട്ടു. യോഗത്തിൽ സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി സ്വാഗതവും ഫ്രാഞ്ചൈസി കോർഡിനേറ്റർ ശ്രീ. തോമസ് നന്ദിയും പറഞ്ഞു.

**2. കാൻസർ ബോധവല്ക്കരണത്തിന് ബൈക്ക്റാലി നടത്തി**

കാൻസർ ബോധവല്ക്കരണപരിപാടികളിലൂടെ ലോകത്തിന് മാതൃകയാവണമെന്നും സന്നദ്ധപ്രവർത്തനം സഭയുടെ കരുത്താകണമെന്നും തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ്

താഴത്ത്. ഭാരതത്തിലെ 176 രൂപതകളിൽ സാമൂഹ്യപ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന കാരിത്താസ് ഇന്ത്യയുടെയും തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ നടത്തിയ കാൻസർ ബോധവല്ക്കരണറാലി ഫ്ളാഗ് ഓഫ് ചെയ്ത് സംസസാരിക്കുകയായിരുന്നു അദ്ദേഹം. കെ.സി.ബി.സി.അത്മായ കമ്മീഷൻ സെക്രട്ടറി ശ്രീ.കെ.എം ഫ്രാൻസീസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിവിധ രൂപതകളിലെ മികച്ച സന്നദ്ധപ്രവർത്തകർക്കുള്ള അവാർഡ് പാലക്കാട് പീപ്പിൾസ് സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ.ജസ്റ്റിൻ കോലങ്കണ്ണി വിതരണം ചെയ്തു. വിഭവ സമാഹരണ ലഘുലേഖ വിതരണോദ്ഘാടനം തൃശൂർ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഫാ.മാർട്ടിൻ കൊളമ്പ്രത്ത് നിർവ്വഹിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഇൻ ചാർജ്ജ് ശ്രീ.അബീഷ് ആൻറണി, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോസിയേറ്റ് ഡയറക്ടർ ഡോ. ഫാ. ജോസ് വട്ടക്കുഴി അസി.ഡയറക്ടർ ഫാ.സിന്റോ തൊറയൻ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. കാരിത്താസ് കേരള സ്റ്റാഫ് അംഗങ്ങൾ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ, വിവിധ രൂപതകളിലെ സന്നദ്ധപ്രവർത്തകർ തുടങ്ങി 200 അംഗങ്ങൾ പങ്കെടുത്ത ബൈക്ക് റാലി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ആരംഭിച്ച് സ്വാരാജ് റൗണ്ടിലൂടെ സെന്റ് തോമസ് കോളേജിൽ തന്നെ അവസാനിച്ചു.

**3. സുധീർ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയും ക്രിസ്റ്റ്യൻ റിലീഫ് സർവ്വീസസും (CRS) ചേർന്ന് കേരള സോഷ്യൽ സർവ്വീസസ് ഫോറം (KSSF)വഴി നടപ്പിലാക്കുന്ന Covid 19 Awareness Programme ആണ് സുധീർ പ്രോജക്റ്റ്. കോവിഡ് 19 നെ ക്കുറിച്ചുള്ള ബോധവൽക്കരണം നല്കി ആരോഗ്യമുള്ള കമ്മ്യൂണിറ്റികളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി.

ഈ പദ്ധതി വഴി ബോധവല്ക്കരണം നടത്തിയ കുടുംബങ്ങളിലൂടെ ഒരു ലൈറ്റ് മോണിറ്ററിങ്ങ് സർവ്വെ നടത്തുകയുണ്ടായി. ക്രിസ്റ്റ്യൻ റിലീഫ് സർവ്വീസസ് സംഘടിപ്പിച്ച ഓൺലൈൻ സൈക്കോ സോഷ്യൽ ഓറിയന്റേഷൻ വർക്ക്ഷോപ്പിൽ സുധീർ പ്രോജക്റ്റ് കോർഡിനേറ്റർ ശ്രീ. തോമസ് എലുവത്തിങ്കൽ പങ്കെടുത്തു. സുധീർ പ്രോജക്റ്റ് ഒരു മാസത്തേക്കു എക്സ്റ്റന്റ് ചെയ്തതായി കാരിത്താസ് ഇന്ത്യ അറിയിച്ചു.

**4. നർച്വർ പ്രോജക്റ്റ്**

പ്രകൃതി പരിപോഷണം നമ്മുടെ കടമ എന്ന ലക്ഷ്യത്തോടെ കേരള സോഷ്യൽ സർവിസ് ഫോറവും സാന്ത്വനവും സംയുക്തമായി

നടപ്പിലാക്കുന്ന പദ്ധതിയാണ് നർച്ചർ പ്രോജക്റ്റ്. പദ്ധതിയുടെ ഭാഗമായി കേരള സോഷ്യൽ സർവിസ് ഫോറം, കോട്ടയം ആമോസ് സെന്ററിൽ വെച്ച് "**Green protocol**"എന്ന വിഷയത്തിൽ ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. സാന്ത്വനം കോർഡിനേറ്റർ ശ്രീ. നെൽസണും സ്ലം സർവ്വീസ് സെന്റർ സ്റ്റാഫ് ശ്രീ. ജിജോയും പ്രസ്തുത വർക്ക്ഷോപ്പിൽ പങ്കെടുത്തു.

**5. വൃക്ഷത്തൈകൾ വിതരണം ചെയ്തു.**

നർച്ചർ പദ്ധതിയുടെ ഭാഗമായി 40 കുടുംബങ്ങൾക്കുള്ള വൃക്ഷത്തൈകളുടെയും പച്ചക്കറിത്തൈകളുടെയും വിതരണം നർച്ചർ പ്രോജക്റ്റ് കോർഡിനേറ്റർ ശ്രീ.ജിറ്റു നിർവ്വഹിച്ചു. പൂർണ്ണമായും ജൈവവളം ഉപയോഗിച്ചുകൊണ്ട് വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്ന ആശയത്തോടെ ആരംഭിച്ച പദ്ധതിയിലൂടെ ജൈവവളം സ്വന്തമായി നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള ഓൺലൈൻക്ലാസും സംഘടിപ്പിച്ചു.

**6. കരുണാദിനം ആഘോഷിച്ചു**

അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെയും മുൻ അധ്യക്ഷൻ മാർ ജേക്കബ് തൂങ്കുഴിയുടെയും ജന്മദിനം അതിരൂപതയുടെ ബോൺനത്താലെ സംഘാടകസമിതിയുടെയും സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ കരുണാദിനമായി ആഘോഷിച്ചു. മാർ ആൻഡ്രൂസ് താഴത്തിന്റെ സപ്തതി ആഘോഷങ്ങളുടെ സമാപനവും 71–ാം പിറന്നാൾ ആഘോഷവും ഒപ്പം മാർ ജേക്കബ് തൂങ്കുഴിയുടെ 92–ാം പിറന്നാൾ ആഘോഷവുമാണ് നടന്നത്. ബിഷപ്സ് ഹൗസിലെ DBCLC ഹാളിൽ നടന്ന കാരുണ്യദിനാഘോഷത്തിൽ, ബോൺനത്താലെയോടനുബന്ധിച്ച് നിർമ്മിക്കുന്ന 10 ഭവനങ്ങൾക്കുള്ള നിർമ്മാണത്തുക സാന്ത്വനം ഡയറക്ടർക്ക് കൈമാറി.

**7. ഫെഡറൽബാങ്ക് കിറ്റുകൾ നൽകി സഹായിച്ചു**

സാന്ത്വനം പദ്ധതികളായ ഗോഡ്സ് ഓൺ ഫാമിലി , ജെസ്പ്, ആശാകിരണം എന്നിവയിലുൾപ്പെട്ട സ്കൂൾ കുട്ടികൾക്ക് ഫെഡറൽ ബാങ്ക് CRS ഫണ്ട് വഴി നൽകിയ കൊവീഡ് സെൽഫ് കെയർ കിറ്റുകൾ വിതരണം ചെയ്തു. ഹാൻഡ് വാഷ്, സാനിറ്റൈസർ, സാനിറ്റൈസർ വൈപ്സ്, N95 മാസ്കുകൾ, എന്നിവയും ഒരു ഹാൻഡി ബോക്സും ഉൾപ്പെട്ടതാണ് കിറ്റ്. പദ്ധതിയിലെ കുട്ടികൾ ഉൾപ്പെട്ട ഇരുപത്തിയഞ്ചോളം സ്കൂളുകളിലേക്ക് കിറ്റുകൾ വിതരണം ചെയ്തു.

**8. കർഷക ക്ഷേമനിധി പെൻഷൻ**

കർഷകർക്കുവേണ്ടിയുള്ള സംഘടനയായ ഇൻഫാമിന്റെയും

സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ കർഷകർക്കുവേണ്ടി ക്ലാസ്സ് സംഘടിപ്പിച്ചു. ആർച്ച് ബിഷപ്പ്സ് ഹൗസിൽ നടന്ന യോഗത്തിൽ കേരള കർഷക ക്ഷേമനിധി ബോർഡ് ഡയറക്ടർ ശ്രീ. ജോസ് ചെമ്പേരിയാണ് **കർഷക ക്ഷേമനിധി ബോർഡും കർഷകരും സാധ്യതകളും** എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചത്. 5000 രൂപ വരെ പെൻഷൻ കിട്ടാവുന്ന ഈ പദ്ധതിയിൽ അംഗത്വമെടുക്കാൻ വേണ്ട യോഗ്യതകളെക്കുറിച്ചും റജിസ്ട്രേഷൻ ചെയ്യേണ്ട രീതികളെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. ക്ഷേമനിധി പെൻഷന് വേണ്ടി രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം സാന്ത്വനം ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. സാന്ത്വനം & ഇൻഫാം ഡയറക്ടർ ഫാ.ജോയ്മൂക്കൻ , സാന്ത്വനം അസോ.ഡയറക്ടർ ഡോ. ഫാ.ജോസ് വട്ടക്കുഴി കോർഡിനേറ്റർ ശ്രീ. നെൽസൺ , നർച്ചർ പ്രോജക്റ്റ് സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ. ജിറ്റു തുടങ്ങിയവർ പങ്കെടുത്തു.

**9. നവജീവൻ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ പ്രോജക്റ്റ് ചാഴൂർ പഞ്ചായത്തിൽ പുരോഗമിക്കുന്നു. ചാഴൂർ പഞ്ചായത്തിലെ പത്ത് വാർഡുകളിലും വാർഡുതല പരിശീലനപരിപാടികൾ നടത്തി.

**10. ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ നവംബർ മാസത്തെ റിപ്പോർട്ട് തയ്യാറാക്കുകയും കാരിത്താസ് ഇന്ത്യക്കു നല്കുകയും ചെയ്തു.

**11. സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ജോയിന്റ് എക്കൗണ്ട് ക്ലോസിങ്ങ് തുടരുന്നു. 31 ഗുണഭോക്തൃകുടുംബങ്ങളുടെ എക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, 6,12,855 രൂപ കുടുബങ്ങൾക്ക് കൈമാറി. അവർ അത് വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി ഉപയോഗിക്കുന്നു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**1. മാതാപാതാക്കൾക്കുള്ള സെമിനാർ**

2021 ഡിസംബർ മാസത്തിൽ പ്രീകാന കോഴ്സിൽ പങ്കെടുത്ത യുവതി യുവാക്കളുടെ മാതാപിതാക്കൾക്കുവേണ്ടി "എങ്ങനെ യുവദമ്പതികളെ സഹഗമിക്കാം" എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 30 ഞായർ വൈകീട്ട് 7 മുതൽ 8.30 വരെയാണ്. ഡിസംബർ മാസത്തിൽ പ്രീകാന കോഴ്സിൽ സംബന്ധിച്ച എല്ലാ യുവതി യുവാക്കളുടെ മാതാപിതാക്കളെല്ലാവരും നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് പിന്നീട് അയച്ചുതരുന്നതായിരിക്കും.

**2. വിവാഹ സുവർണ്ണ രജത ജൂബിലി ആഘോഷിച്ചു**

ഫാമിലി അപ്പൊ സ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2020, 2021 ൽ വിവാഹത്തിന്റെ രജത സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരുടെ രൂപതാതല ആഘോഷം ഡിസംബർ 11, 18, 19 എന്നീ തിയ്യതികളിലായി ലൂർദ്ദ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ജൂബിലി ആഘോഷങ്ങൾക്കും വി.കുർബാനക്കും നേതൃത്വം കൊടുത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ടോണി നീലങ്കാവിൽ പിതാവിനും ഒത്തിരി നന്ദി. ജൂബിലി ആഘോഷങ്ങൾക്ക് ദൈവാലയവും ഹാളും പരിസരവും വിട്ട് തന്ന ബഹു. ജോസ് ചാലക്കലച്ചനും ടീമംഗങ്ങൾക്കും ഒത്തിരി നന്ദി. ജൂബിലി ആഘോഷിക്കാൻ വന്ന എല്ലാ ദമ്പതിമാർക്കും പറഞ്ഞയച്ച എല്ലാ വികാരിമാർക്കും ഒത്തിരി നന്ദി.

**3. സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ മെഡോണ നഗർ ഇടവകയിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ

നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ജോൺപോൾ പ്രോലൈഫ് സമിതിയുടെ പുതിയ ഭാരവാഹികൾ**

2022 – 2024 വർഷത്തിലേക്ക് പുതിയ ഭാരവാഹികളായി താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ട് – ശ്രീ. രാജൻ ആന്റണി, വൈസ് പ്രസിഡണ്ട് – ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, സെക്രട്ടറി– ശ്രീമതി നയോമി ബാബു ടീച്ചർ, ട്രഷറർ – ശ്രീമതി ഷീബ ബാബു, ആനിമേറ്റർ – ശ്രീ. ജോർജ്ജ് മാസ്റ്റർ എന്നിവരെ യോഗം തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും വിജയങ്ങളും നേരുന്നു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**1. മാതൃവേദി ഭാരവാഹികളുടെ ഇലക്ഷൻ**

നവംബർ, ഡിസംബർ മാസങ്ങളിൽ അതിരൂപതയിലെ ഭൂരിപക്ഷം ഇടവകകളിലും മാതൃവേദിയുടെ ഇടവക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിയുകയുണ്ടായി. ഡിസംബർ മാസത്തിൽ ഫൊറോന ഇലക്ഷനും നടക്കുകയുണ്ടായി, ഇനിയും ഇലക്ഷൻ കഴിയാത്ത ഇടവക,

ഫൊറോന തിരഞ്ഞെടുപ്പുകൾ എത്രയും വേഗം നടത്തി ഇടവക, ഫൊറോന ഭാരവാഹികളുടെ ലിസ്റ്റ് വികാരിയച്ചന്റെയും ആനിമേറ്റർ അച്ചന്റെയും ഒപ്പോടു കൂടെ അതിരൂപത മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

2. **അതിരൂപത ഇലക്ഷൻ**

2022 – 2024 വർഷങ്ങളിലേക്കുള്ള അതിരൂപത മാതൃവേദി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2022 ജനുവരി 31–ാം തിയ്യതി തിങ്കളാഴ്ച്ച തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ഇടവക ഭാരവാഹികളും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

**അതിരൂപത തിരഞ്ഞെടുപ്പ് (അതിരൂപത നിയമാവലി പേജ് നമ്പർ 4,10)**

1. ജനുവരി മാസത്തിലാണ് അതിരൂപതയിൽ ഇലക്ഷൻ നടക്കുന്നത്.
2. അതിരൂപത ഭരണസമിതിയിൽ ഫൊറോന ഭാരവാഹികൾ ഉണ്ടാകാൻ പാടില്ല.
3. അതിരൂപത ഭാരവാഹികൾ ഇടവകയിൽ ഭാരവാഹി ആയിരിക്കണം.
4. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
5. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
6. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
7. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
8. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ. എക്സിക്യൂട്ടീവ് മെമ്പേഴ്സ് – 3 പേർ.
10. സെനറ്റ് മെമ്പേഴ്സ് 2 പേരെ പിന്നീട് ഡയറക്ടറച്ചൻ നോമിനേറ്റ് ചെയ്യുന്നതാണ്.
11. അതിരൂപതയിൽ ആകെ 10 ഭാരവാഹികളാണ് ഉണ്ടായിരിക്കുക.

**3. മെറിറ്റ് ഡേ**

സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ മാതൃവേദി അംഗങ്ങൾക്കുവേണ്ടി നടത്തിയ വിവിധങ്ങളായ മത്സരങ്ങളുടെ സമ്മാനദാനവും ബെസ്റ്റ് യൂണിറ്റുകൾക്കുള്ള സമ്മാനദാവനും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുകയുണ്ടായി. 2018 – 2020 കാലഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ ഓരോ

ഫൊറോനയിലെയും ബെസ്റ്റ് യൂണിറ്റുകളാണ് താഴെ കൊടുത്തിരിക്കുന്നത്. വിവിധ മത്സരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയവർക്കും ബെസ്റ്റ് യൂണിറ്റായി തിരഞ്ഞെടുത്ത യൂണിറ്റിലെ അംഗങ്ങൾക്കും ഭാരവാഹികൾക്കും പ്രത്യേകിച്ച് വികാരിയച്ചന്മാർക്കും അഭിനന്ദനങ്ങൾ.

**4. ബെസ്റ്റ് യൂണിറ്റ് ലിസ്റ്റ്**

1. ചേലക്കര ഫൊറോന – പഴയന്നൂർ
2. ഒല്ലൂർ ഫൊറോന – പനംകുറ്റിച്ചിറ
3. പുത്തൻപള്ളി ഫൊറോന – സെന്റ് ആൻസ്
4. എരുമപ്പെട്ടി ഫൊറോന – എരുമപ്പെട്ടി
5. ലൂർദ്ദ് ഫൊറോന – ലൂർദ്ദ്
6. പുത്തൂർ ഫൊറോന – ഇരവിമംഗലം
7. വേലൂർ ഫൊറോന – വേലൂർ
8. കൊട്ടേക്കാട് ഫൊറോന – പേരാമംഗലം
9. കണ്ടശ്ശാംകടവ് ഫൊറോന – മണലൂർ
10. പറപ്പൂർ ഫൊറോന – പുറണാട്ടുക്കര
11. പാലയൂർ ഫൊറോന – കോട്ടപ്പടി
12. പട്ടിക്കാട് ഫൊറോന – പട്ടിക്കാട്
13. പഴുവിൽ ഫൊറോന – ചിറക്കൽ
14. വടക്കാഞ്ചേരി ഫൊറോന – കാഞ്ഞിരക്കോട് മേഖല
15. മറ്റം ഫൊറോന – വാക
16. പുതുക്കാട് ഫൊറോന – പുതുക്കാട്

പങ്കെടുത്തവർക്കും, വിജയികൾക്കും അഭിനന്ദനങ്ങളും ആശംസകളും............. പുതുവത്സരാശംസകൾ ..............

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

# കുടുംബക്കൂട്ടായ്മ

**മെറിറ്റ് ഡെ**

**02.01.2022 ഞായർ – 2 pm**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ജനുവരി 2–ാം തിയ്യതി മെറിറ്റ് ഡെയായി ആചരിക്കുന്നു. അന്നേദിനം കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് 2021 അദ്ധ്യയന വർഷത്തിൽ 10,12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് വാങ്ങിയവരെ ആദരിക്കുന്നതായിരിക്കും. കൂടാതെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ സാഹിത്യ മത്സരങ്ങളുടേയും കരോൾഗാന മത്സരങ്ങളുടേയും സമ്മാന ദാനവും നിർവഹിക്കുന്നതായിരിക്കും. 2022 ലെ കുടുംബകൂട്ടായ്മ – കുടും ബം, ഇടവക, ഫൊറോന, അതിരൂപത തലത്തിലു ള്ള പ്രവർത്തനങ്ങ ളുടെ വാർഷിക പദ്ധതി പ്രകാശനം ചെയ്യുന്നതുമാണ്.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് വേണ്ടി നടത്തിയ**
**സാഹിത്യ മത്സര വിജയികളുടെ പേരുവിവരം**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വ ത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ സാഹിത്യ മത്സര വിജയികളായ ഫൊറോന, ഇടവകയുടെ പേരുവിവരം.

**കവിത**

**ഒന്നാം സമ്മാനം** : ദീപ്തി ലിജോ, പീച്ചി ഇടവക– പട്ടിക്കാട് ഫൊറോന.

**രണ്ടാം സമ്മാനം** : ജോൺ തേറാട്ടിൽ, വിയ്യൂർ ഇടവക – കൊട്ടേക്കാട് ഫൊറോന.

**മൂന്നാം സമ്മാനം** : റോബിൻ വി. എ., പാവറട്ടി ഇടവക – പാലയൂർ ഫൊറോന.

**പ്രോത്സാഹന സമ്മാനം നേടിയവർ :**

സണ്ണി ചിങ്ങത്ത്, ആമ്പക്കാട് ഇടവക – പറപ്പൂർ ഫൊറോന.

കേതറിൻ കെ.സി., ചിറ്റാട്ടുക്കര ഇടവക – മറ്റം ഫൊറോന.

ജെനിഫർ ജോഷി, മുണ്ടൂർ ഇടവക – കൊട്ടേക്കാട് ഫൊറോന.

**ചെറുകഥ**

**ഒന്നാം സമ്മാനം** : സണ്ണി ചിങ്ങത്ത്, ആമ്പക്കാട് ഇടവക – പറപ്പൂർ ഫൊറോന.

**രണ്ടാം സമ്മാനം :** ജോൺ തേറാട്ടിൽ, വിയ്യൂർ ഇടവക – കൊട്ടേക്കാട് ഫൊറോന.

**മൂന്നാം സമ്മാനം :** രാജു പോൾ, കോടന്നൂർ ഇടവക – ഒല്ലൂർ ഫൊറോന.

**പ്രോത്സാഹന സമ്മാനം നേടിയവർ :**

ടോണു ഔസി, പറപ്പൂർ ഇടവക – പറപ്പൂർ ഫൊറോന.

ജിജോ പി.ജി., പുറണാട്ടുക്കര ഇടവക – പറപ്പൂർ ഫൊറോന.

**ലേഖനം**

**ഒന്നാം സമ്മാനം :** ബിജി എം.ഡി., സെന്റ് ആൻസ് ഇടവക – ബസിലിക്ക ഫൊറോന.

**രണ്ടാം സമ്മാനം :** ഷാജി ജോസഫ്, വാക ഇടവക – മറ്റം ഫൊറോന.

**മൂന്നാം സമ്മാനം :** ട്രീസ ജോർജ്ജ്, മുക്കാട്ടുക്കര ഇടവക – ലൂർദ്ദ് ഫൊറോന.

**പ്രോത്സാഹന സമ്മാനം നേടിയവർ :**

ഹെലൻ ഷോബി, വടക്കൻ പുതുക്കാട് ഇടവക – കണ്ടശ്ശാംകടവ് ഫൊറോന.

ലിംസി പോൾസൻ, കൂനമൂച്ചി ഇടവക – മറ്റം ഫൊറോന.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് വേണ്ടി നടത്തിയ കരോൾഗാന മത്സര വിജയികളുടെ പേരുവിവരം**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ കരോൾഗാന മത്സര വിജയികളായ ഫൊറോന, ഇടവക പേരുവിവരം.

**ഒന്നാം സമ്മാനം :** വേലൂർ ഫൊറോന – വേലൂർ ഇടവക.

**രണ്ടാം സമ്മാനം :** പാലയൂർ ഫൊറോന – വൈലത്തൂർ ഇടവക.

**മൂന്നാം സമ്മാനം :** ബസിലിക്ക ഫൊറോന – അയ്യന്തോൾ ഇടവക.

**പ്രോത്സാഹന സമ്മാനം നേടിയവർ :**

മറ്റം ഫൊറോന – കൂനമൂച്ചി ഇടവക

ലൂർദ്ദ് ഫൊറോന – മുക്കാട്ടുക്കര ഇടവക

പങ്കെടുത്തവർക്കും, വിജയികൾക്കും അഭിനന്ദനങ്ങളും ആശംസകളും............. പുതുവത്സരാശംസകൾ ............

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**1. പി എം ഇ ജി പി**

25 ലക്ഷം രൂപയുടെ പദ്ധതിക്ക് എട്ടേ മുക്കാൽ ലക്ഷം രൂപവരെ സബ്സിഡി ലഭിക്കുന്നതും തൊഴിൽ സംരംഭകർക്ക് ആശ്രയിക്കാവുന്ന തുമായ മികച്ച വായ്പ പദ്ധതിയാണ് പി എം ഇ ജി പി അഥവാ പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം. സംരംഭകർക്ക് നിർമ്മാണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വരെയും സേവന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെയുമുള്ള പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷൻ (KVIC), ഖാദി ബോർഡ് (KVIB), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (DIC) എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. SHGs, Trust, Registered Institutions, Co operative Societyക്കും അപേക്ഷിക്കാം. പ്രത്യേക വിഭാഗങ്ങൾക്ക് (സ്ത്രീകൾ, SC,ST, OBC, മത ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, വിമുക്ത ഭടൻമാർ എന്നിവർ) നഗരപ്രദേശത്ത് പദ്ധതിയുടെ 25 ശതമാനവും ഗ്രാമപ്രദേശത്ത് 35 ശതമാനവും സബ്സിഡി ലഭിക്കുന്നു. 10 ലക്ഷത്തിനു മുകളിൽ വരുന്ന നിർമാണ സ്ഥാപനങ്ങൾ തുടങ്ങുന്നവരും 5 ലക്ഷത്തിനു മുകളിൽ വരുന്ന സേവന സ്ഥാപനങ്ങൾ തുടങ്ങുന്നവരും എട്ടാം ക്ലാസ് പാസായിരിക്കണം. നേരിട്ടുള്ള കാർഷികവൃത്തി, ഫാമുകൾ, വാഹനങ്ങൾ, മദ്യം, മൽസ്യം, മാംസം, പുകയില, ടെസ്റ്റിങ് ലാബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഒഴികെ എല്ലാ തൊഴിൽ സംരംഭങ്ങൾക്കും വായ്പ ലഭിക്കും. നിലവിലുള്ള സംരംഭങ്ങൾക്ക് ഈ സ്കീം പ്രകാരം വായ്പ ലഭിക്കില്ല. പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി എന്നിവയ്ക്ക് വായ്പ ലഭിക്കില്ല. പൊതുവിഭാഗങ്ങൾക്കു നഗര പ്രദേശത്ത് 15 ശതമാനവും ഗ്രാമപ്രദേശത്ത് 25 ശതമാനവും സബ്സിഡി ലഭിക്കുന്നു. പ്രത്യേക വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതിയുടെ 5 ശതമാനവും പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനവുമാണ് സംരംഭകന്റെ വിഹിതം അഥവാ മാർജിൻ. സംരംഭം തുടങ്ങുന്ന സ്ഥലത്തുള്ള (സർവീസ് ഏരിയ)ബാങ്ക് അധികാരികളുമായി സംരംഭത്തെക്കുറിച്ച് വിശദമായി സംസാരിച്ചു ബോധ്യപ്പെടുത്തേ

ണ്ടതാണ്. CIBIL REPORT അനുകൂലമാണെന്ന് ഉറപ്പുവരുത്തുക. (സൗജന്യമായി സിബിൽ സ്കോർ അറിയാൻ www.cibil.com സന്ദർശിക്കുക.) അഞ്ചു ലക്ഷം രൂപ മൂലധന ചെലവ് വരുന്ന പദ്ധതിയാണ് തുടങ്ങുന്നതെങ്കിൽ കുറഞ്ഞത് അഞ്ചു പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിക്കുന്ന സംരംഭങ്ങളാണ് പരിഗണിക്കുക. 18 വയസ്സ് തികഞ്ഞ വ്യക്തികൾക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ബാധകമല്ല. സംരംഭകൻ കൊടുക്കുന്ന അപേക്ഷ ജില്ലാതല ടാസ്കഫോഴ്സ് കമ്മിറ്റി നടത്തുന്ന അഭിമുഖത്തിനുശേഷം സർവീസ് ഏരിയ ബാങ്കുകളിലേക്കു അയക്കുന്നു. വായ്പയിൽ തീരുമാനമായാൽ റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു 10 ദിവസത്തെ സംരംഭകത്വ പരിശീലനത്തിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. 10 ദിവസമോ അതിൽ കൂടുതലോ റൂഡ്സെറ്റിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ, പരിശീലന സർട്ടിഫിക്കറ്റ് ലഭിച്ച ഏതൊരാൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. സബ്സിഡി കഴിച്ചുള്ള വായ്പാ തുകയ്ക്കു മാത്രമേ ബാങ്ക് പലിശ ഈടാക്കുകയുള്ളൂ. മൂന്നു വർഷത്തിന് ശേഷം സബ്സിഡി വായ്പയിലേക്ക് വരവ് വെക്കുന്നു. (നിബന്ധനകൾക്ക് വിധേയം). പലിശ നിരക്ക് ഓരോ ബാങ്കിന്റെയും നിയമാവലിക്ക് അനുസരിച്ചായിരിക്കും. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് ബാങ്കുകൾക്ക് സെക്യൂരിറ്റി ആവശ്യപ്പെടാവുന്നതാണ്. വായ്പ കൃത്യമായി തിരിച്ചടച്ച് പദ്ധതി വിജയിപ്പിച്ച സംരംഭകർക്ക് പദ്ധതി വിപുലീകരണത്തിനോ നവീകരണത്തിനോ നിർമ്മാണമേഖലയിൽ ഒരു കോടി രൂപ വരെയും സേവന മേഖലയിൽ 25 ലക്ഷം രൂപ വരെയും സബ്സിഡിയോടു കൂടി രണ്ടാമതും വായ്പാ ഉപയോഗപ്പെടുത്താവുന്നതാണ്.

**2. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഈ വർഷം 1000 സ്കോളർഷിപ്പ്കൾ നൽകുന്നു. ബിരുദ തലത്തിൽ ഒന്നാം വർഷം 12000 രൂപയും രണ്ടാം വർഷം 18000 രൂപയും മൂന്നാം വർഷം 24000 രൂപയും, പി ജി തലത്തിൽ ഒന്നാം വർഷം 40000 രൂപയും രണ്ടാം വർഷം 60000 രൂപയും നൽകുന്നു. പൊതുവിഭാഗത്തിന് 50 ശതമാനം സ്കോളർഷിപ്പുകൾ നീക്കിവെച്ചിട്ടുണ്ട്. കേരളത്തിലെ ഗവർമ്മെണ്ട് , എയിഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ സയൻസ്, സോഷ്യൽ സ്റ്റഡീസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയായിരിക്കണം. ഐഎച്ച് ആർഡി അപ്

ൈലെഡ് സയൻസ് കോളേജിൽ പഠിക്കുന്നവരാകാം. സയൻസ്, ബിസിനസ് സ്റ്റഡീസ് വിഷയം പഠിക്കുന്നവർക്ക് 75 ശതമാനവും, സോഷ്യൽ സ്റ്റഡീസ്, ഹ്യുമാനിറ്റീസ് വിഷയം പഠിക്കുന്നവർക്ക് 60 ശതമാനവും മാർക്ക് ഉണ്ടായിരിക്കണം. സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ തീർപ്പു കൽപ്പിച്ച് സ്കോളർഷിപ്പിന് തെരഞ്ഞടുക്കപ്പെടുന്നവരുടെ അന്തിമ ലിസ്റ്റ് കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സ്കോളർഷിപ്പ് തുക അർഹരായവർക്ക് ബാങ്കു വഴി കൈമാറുകയും ചെയ്യും.

**3. ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്**

സംസ്ഥാനത്തെ സർക്കാർ/എയിഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, സംഗീത കോളേജുകൽ, ട്രെയിനിംഗ് കോളേജുകൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളിൽ നിന്നും 2021 – 2022 വർഷത്തെ ഫീസ് ആനുകൂല്യത്തിനും സൗജന്യ ഹോസ്റ്റൽ താമസത്തിനും അഥവാ ബോർഡിംഗ് ഗ്രാന്റിനുമായുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ഫീസാനുകൂല്യം, 500 രൂപ ബുക്ക് അലവൻസ് എന്നിവയും ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസായി പ്രിൻസിപ്പാൾ നിശ്ചയിച്ചിരിക്കുന്ന തുകയും ഹോസ്റ്റൽഫീസിന് അർഹതയില്ലാത്ത ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 400 രൂപയും (വർഷം 4000 രൂപയും) നൽകുന്നു. അപേക്ഷകർ 2021 –22 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/എയിഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, സംഗീത കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ എന്നിവയിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളായിരിക്കണം. കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ഫീസാനുകൂല്യം ലഭിക്കണമെങ്കിൽ കുടുംബവാർഷിക വരുമാനം 250000 രൂപയിൽ കുറവായിരിക്കണം. ഹോസ്റ്റൽ ഫീസ്, ബോർഡിംഗ് ഗ്രാന്റ് എന്നിവ ലഭിക്കണമെങ്കിൽ കുടുംബവാർഷിക വരുമാനം 450000 രൂപയിൽ കുറവായിരിക്കണം. മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പ് ,ഫീസാനുകൂല്യം, സ്റ്റൈപ്പന്റുകൾ കൈപ്പറ്റുന്നവർക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല.

**4. ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്**

2021 മാർച്ചിൽ എസ്.എസ്.എൽ.സി , ടി.എച്ച്.എസ്.എൽ.സി

സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി വിജയിച്ച് എസ്.എസ്.സി, പ്ലസ് ടു, ഐ.ടി.ഐ, വി.എച്ച്.എസ്.ഇ, പോളി ടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും 2021–22 അധ്യയന വർഷം ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പിനു വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു. പ്രതി വർഷം 1250 രൂപയാണ് സ്കോളർഷിപ്പു തുക. തുടർവിദ്യാഭ്യാസത്തിൽ 50 ശതമാനം മാർക്കു വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്ന ഏഴു വർഷം വരെ സ്കോളർഷിപ്പ് പുതുക്കാവുന്നതാണ്. എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും, എസ്.സി.ഇ.ആർ.ടി നൽകുന്ന സ്കോളർഷിപ്പും ഒറ്റ പെൺകുട്ടികൾക്കു നൽകുന്ന സ്കോളർഷിപ്പും ഒഴികെ മറ്റേതെങ്കിലും സ്കോളർഷിപ്പോ ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

### 5. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ സർക്കാർ/എയിഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലേയും വിദ്യാർത്ഥികളിൽ നിന്നും കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിനു വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു. ബിരുദ വിദ്യാർത്ഥികൾക്ക് 300 പേർക്ക് പ്രതി വർഷം 1250 രൂപയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 150 പേർക്ക് പ്രതിവർഷം 1500 രൂപയുമാണ് സ്കോളർഷിപ്പു തുക. അപേക്ഷകർ 2021 – 22 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/എയിഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും ഒന്നാം വർഷ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം. യോഗ്യത പരീക്ഷയിൽ 50 ശതമാനം മാർക്ക് നേടിയിരിക്കണം. ഒന്നാം വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ബിരുദ പരീക്ഷയിൽ ഐഛിക വിഷയത്തിനും സബ്സിഡിയറിക്കുമായി 50 ശതമാനം മാർക്ക് നേടിയിരിക്കണം. കഴിഞ്ഞ വർഷങ്ങളിൽ പരീക്ഷ ജയിച്ച് ഈ അക്കാദമിക വർഷത്തിൽ ഉപരി പഠനത്തിന് ചേർന്നവർക്കും അപേക്ഷിക്കാം. രക്ഷകർത്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല

### 6. സുവർണ്ണജൂബിലി മെറിറ്റ് സ്കോളർഷിപ്പ്

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകളിൽ 2021–22 അധ്യയന വർഷം

ഒന്നാം വർഷം പ്രവേശനം ലഭിച്ച ദാരിദ്ര്യരേഖക്കു താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികളിൽ നിന്നും കേരള സ്റ്റേറ്റ് സുവർണ്ണജൂബിലി മെറിറ്റ് സ്‌ക്കോളർഷിപ്പിനു വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു. പ്രതിവർഷം 10000 രൂപയാണ് സ്‌ക്കോളർഷിപ്പു തുക. ഓരോ സ്ഥാപനത്തിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായാണ് സ്‌ക്കോളർഷിപ്പ് നൽകുന്നത്. ആകെയുള്ളതിന്റെ 10% സ്‌ക്കോളർഷിപ്പ് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിനും 10 സ്‌ക്കോളർഷിപ്പ് വികലാംഗർക്കും 5 സ്‌ക്കോളർഷിപ്പ് സംസ്ഥാന ദേശീയ തലത്തിൽ കലാ കായിക രംഗങ്ങളിൽ മികവു പുലർത്തുന്നവർക്കുമായി സംവരണം ചെയ്തിരിക്കുന്നു. മറ്റേതെങ്കിലും തരത്തിലുള്ള സ്‌ക്കോളർഷിപ്പ്, സ്റ്റൈപ്പന്റുകൾ കൈപ്പറ്റുന്നവർക്ക് ഈ സ്‌ക്കോളർഷിപ്പിന് അർഹതയില്ല.

അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും www.afctcr.com സന്ദർശിക്കുക

*സംശയനിവാരണത്തിനു ബന്ധപ്പെടുക*

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ** (AFC)
ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325 ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

**1. K-TET Course ( Kerala Teachers Eligibility Test)**

2022 ജനുവരി അവസാനം, K-TET, (കാറ്റഗറി 1, 2, 3,4) പുതിയ ബാച്ച് ആരംഭിക്കുന്നു. ജനുവരി 10–ാം തിയതി അഡ്മിഷൻ ആരംഭിക്കും.

**2. Foundation Course**

Std. 8th, 9th, 10th (Science & Civil Service)

എല്ലാ രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും, ബിഷപ്സ് ഹൗസ്, കാമ്പസ്സിൽ ഓഫ്‌ലൈൻ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**3. SET (State Eligibility Test) Economics & English**

2022 ജനുവരി അവസാനം പുതിയ ബാച്ച് ആരംഭിക്കുന്നു. ഡിസംബർ 30–ാം തിയതിക്കുശേഷം അഡ്മിഷൻ ആരംഭിക്കും.

**4. Defence Course — 6 Months course**

CDS ( combined Defence service Exam)
NDA (National Defence Academy)
INET (lndian Navy Entrance Test)
AFCAT ( Air Force common Admission Test)

ഫെബ്രുവരി മാസത്തിൽ Defence Course കോഴ്സ് ആരംഭിക്കുന്നു. ജനുവരി 15–ാം തിയതിക്കുശേഷം അഡ്മിഷൻ ആരംഭിക്കും. ഡിസംബർ 11–ാം തിയതി ശനിയാഴ്ച്ച കേണൽ രാജശേഖരൻ നായർ, Defence Course കളെക്കുറിച്ച് വിശദമായി ക്ലാസ്സുകൾ നടത്തി.

**പുതിയ വിദ്യാഭ്യാസ പോളിസി – സെമിനാർ**

ഡിസംബർ 11–ാം തിയതി ശനിയാഴ്ച്ച 3 മണിക്ക് DBCLC ഓഡിറ്റോറിയത്തിൽവെച്ച് New Education Policy - ഒരു സെമിനാർ സംഘടിപ്പിച്ചു. തൃശ്ശൂരിലെ പ്രധാനപ്പെട്ട എല്ലാ വിദ്യാലയങ്ങളിലേയും അധ്യാപകർ സെമിനാറിൽ സംബന്ധിച്ചു. നാഷണൽ എഡ്യുക്കേഷൻ പോളിസി (NEP) കേരള നോഡൽ ഓഫീസർ, ഡോ. അഷിത രവീന്ദ്രൻ (NCERT, Delhi) മുഖ്യപ്രഭാഷണം നടത്തി. DBCLC ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ, ശ്രീ ജോഷി വടക്കൻ, ശ്രീ ടോബി തോമസ്, ശ്രീ ബാബു ജോസ് തട്ടിൽ, ഡോ ചാക്കോ ജോസ്, ഡോ. മാണി കെ പീറ്റർ എന്നിവരും

യോഗത്തിൽ സംബന്ധിച്ചിരുന്നു. പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് വിശദമായ ചർച്ചകൾ ഉണ്ടായിരുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

**9847276657/ 9744941585**

| | |
|---|---|
| **മാണി കെ. പീറ്റർ** | **ഫാ. ഫ്രാൻസീസ് ആളൂർ** |
| അക്കാദമിക്ക് ഹെഡ് | ഡയറക്ടർ |

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2022 ജനുവരി**

| | | |
|---|---|---|
| ജനുവരി 3 (തിങ്കൾ) | – | വി. ചാവറ കുരിയാക്കോസ് ഏലിയാസ് |
| ജനുവരി 4 (ചൊവ്വ) | – | ദൈവമാതൃത്വതിരുനാൾ |
| ജനുവരി 6 (വ്യാഴം) | – | ദനഹാത്തിരുനാൾ |
| ജനുവരി 7 (വെള്ളി) | – | ആദ്യവെള്ളി, വി. കുർബാന |
| ജനുവരി 12 (ബുധൻ) | – | ദേശീയ യുവജനദിനം |
| ജനുവരി 18 (ചൊവ്വ) | – | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |
| ജനുവരി 20 (വ്യാഴം) | – | വി. സെബസ്ത്യാനോസ് |
| ജനുവരി 26 (ബുധൻ) | – | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| ജനുവരി 30 (ഞായർ) | – | ലോകസമാധാനദിനം |

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2022 ജനുവരി 31 (തിങ്കൾ) ആണ്.

**3. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദഓർഡർ സ്കൂളിന് ല ിച്ചുകഴിഞ്ഞാൽ കഴിയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**4. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷ

കൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2022 ജനുവരി 31 (തിങ്കൾ) ആണ്.

**5. റിട്ടയർമെന്റ് ലിസ്റ്റ്**

2021–2022 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണും വിധം എഴുതി 2022 ജനുവരി 15 (ശനി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ **Nil** റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2021-2022)**
(SPECIMEN PROFORMA)

NAME OF SCHOOL: Sl.No.:
Name of Staff Member Designation:
Date of Birth Date of Retirement
Name of the Parent school

| No. | Name of the | Designation | Date of Birth | Date of | Name of the parent |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date:
Place:

Signature of the Principal/ Headmaster/
Headmistress.
(Seal)

Note: Parent School Means:
School from where Nomination is received.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# സി.എൽ.സി.

## അതിരൂപത സിഎൽസി ഫൊറോന സെനറ്റുകൾ സമാപിച്ചു

**വേലൂർ :** അതിരൂപത സിഎൽസി വിവിധ ഫൊറോനകളിൽ സംഘടിപ്പിച്ചു വരുന്ന 'ഫൊറോന സെനറ്റ് 2021' വേലൂർ ഫൊറോന ദൈവാലയത്തിൽ വികാരി ഫാ. ഡേവീസ് ചെറയത്ത്, അസി.വികാരി ഫാ. അജിത് ചിറ്റിലപ്പള്ളി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. വേലൂർ ഫൊറോന പുതിയ പ്രസിഡന്റയായി നിജോ മുണ്ടത്തിക്കോടിനെ തിരഞ്ഞെടുത്തു. വേലൂർ ഫൊറോന പ്രോമോട്ടർ ഫാ. നിബിൻ തളിയത്ത് അധ്യക്ഷതവഹിച്ചു.

**പഴുവിൽ :** പൊറുത്തൂർ സെന്റ് ആന്റണീസ് പള്ളിയിൽ 'ഫൊറോന സെനറ്റ് 2021' ഫൊറോന പ്രോമോട്ടെറും പൊറുത്തൂർ പള്ളി വികാരിയുമായ ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജോസഫ് ബിജു അധ്യക്ഷതവഹിച്ചു. ഫൊറോന വൈസ് പ്രസിഡന്റായി ആൻലെറ്റിനെ തിരഞ്ഞെടുത്തു.

**ഒല്ലൂർ :** നവംബർ 21 ഉച്ചയ്ക്ക് രണ്ടുമണിക്ക് ഒല്ലൂർ ഫൊറോന സിഎൽസിയുടെ സെനറ്റ് ഫൊറോന സി.എൽ.സി. പ്രമോട്ടർ ഫാ. സെബി വെളിയന്റെ അധ്യക്ഷതയിൽ പടവരാട് യൂണിറ്റിൽ വെച്ച് നടത്തുകയുണ്ടായി.

**പാലയൂർ :** നവംബർ 21 ഉച്ചക്ക് 2 മണിക്ക് പാലയൂർ ഫൊറോന സി. എൽ.സി. സെനറ്റ് പാവറട്ടി യൂണിറ്റിൽ വെച്ച് ഫൊറോന സി എൽ സി പ്രമോട്ടർ ഫാ. ലിവിൻ ചൂണ്ടലിന്റെ അധ്യക്ഷതയിൽ നടത്തി.

**മറ്റം :** നവംബർ 21 ഉച്ചതിരിഞ്ഞ് നാലുമണിക്ക് മറ്റം ഫൊറോന സി എൽ സി സെനറ്റ് മറ്റം ഫൊറോനാ പള്ളിയിൽ വെച്ച് ഫൊറോന പ്രമോട്ടർ ഫാ. ടോണിയുടെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**പുത്തൂർ :** നവംബർ 21 ഉച്ചതിരിഞ്ഞ് നാലുമണിക്ക് പുത്തൂർ ഫൊറോന സി എൽ സി സെനറ്റ് എരവിമംഗലം യൂണിറ്റിൽ വച്ച് ഫാ. ജിയോ തെക്കിനിയത്തിന്റെ അധ്യക്ഷതയിൽ നടത്തി.

**ലൂർദ് :** നവംബർ 28 ഉച്ചയ്ക്ക് രണ്ടുമണിക്ക് ലൂർദ് ഫൊറോന സിഎൽസി സെനറ്റ് ലൂർദ് യൂണിറ്റ് വച്ച് ഫൊറോന സിഎൽസി പ്രമോട്ടർ ഫാ.

അൻവിൻ ചിറ്റിലപ്പിള്ളിയുടെ അധ്യക്ഷതയിൽ നടത്തി.

**പുതുക്കാട് :** നവംബർ 28 ഉച്ചയ്ക്ക് രണ്ടുമണിക്ക് പുതുക്കാട് ഫൊറോന സിഎൽസി സെനറ്റ് പുതുക്കാട് യൂണിറ്റിൽ വെച്ച് ഫൊറോന സി എൽ സി പ്രമോട്ടർ ഫാ. ജിന്റോ ചൂണ്ടലിന്റെ അധ്യക്ഷതയിൽ നടത്തി.

**കണ്ടശ്ശാങ്കടവ് :** നവംബർ 28 ഉച്ചതിരിഞ്ഞ് നാലുമണിക്ക് കണ്ടശ്ശാങ്കടവ് ഫൊറോന സിഎൽസി സെനറ്റ് കാരമുക്ക് യൂണിറ്റിൽ വെച്ച് ഫൊറോന സിഎൽസി പ്രമോട്ടർ ഫാ. ജിന്റോ പേരെപ്പാടന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**പറപ്പൂർ :** ഡിസംബർ 5 ഉച്ചയ്ക്ക് രണ്ടുമണിക്ക് പറപ്പൂർ ഫൊറോന സിഎൽസി സെനറ്റ് പറപ്പൂർ യൂണിറ്റിൽ വെച്ച് ഫൊറോന സിഎൽസി പ്രമോട്ടർ ഫാ.ഷിജോ ചിരിയങ്കണ്ടത്തിന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**എരുമപ്പെട്ടി :** ഡിസംബർ 5 ഉച്ചയ്ക്ക് രണ്ടുമണിക്ക് എരുമപ്പെട്ടി ഫൊറോന സിഎൽസി സെനറ്റ് ചൊവ്വന്നൂർ യൂണിറ്റിൽ വെച്ച് രൂപത സിഎൽസി അസിസ്റ്റന്റ് പ്രമോട്ടർ ഫാ. സിജു പുളിക്കന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**ബസിലിക്ക :** ഡിസംബർ 5 ഉച്ചതിരിഞ്ഞ് നാലുമണിക്ക് ബസിലിക്ക ഫൊറോന സിഎൽസി സെനറ്റ് വടൂക്കര യൂണിറ്റിൽ വെച്ച് ഫൊറോന പ്രമോട്ടർ ഫാ. പ്രകാശ് പുത്തൂരിന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**വടക്കാഞ്ചേരി :** ഡിസംബർ 5 തീയതി ഉച്ചതിരിഞ്ഞ് നാലുമണിക്ക് വടക്കാഞ്ചേരി ഫൊറോന സിഎൽസി സെനറ്റ് വടക്കാഞ്ചേരി യൂണിറ്റിൽ വെച്ച് ഫൊറോന സിഎൽസി പ്രസിഡന്റ് എഡ്വിവിന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**കൊട്ടേക്കാട് :** ഡിസംബർ 12 ഉച്ചയ്ക്ക് രണ്ടുമണിക്ക് കൊട്ടേക്കാട് ഫൊറോന സി എൽ സി സെനറ്റ് കൊളങ്ങാട്ടുകര യൂണിറ്റിൽ വെച്ച് ഫൊറോന സി എൽ സി പ്രമോട്ടർ ഫാ.ഷിന്റോ മാറോക്കിയുടെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രൊമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി



### 1. Saints' Quiz 2021-2022

തൃശ്ശൂർ അതിരൂപത ജൂനിയർ സി.എൽ.സി.യും മിഷൻലീഗും, ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന അതിരൂപതാതല Saints' Quiz 2021-2022 പരീക്ഷയുടെ മാർഗ്ഗനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. 2022 ജനുവരി 8 ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് **2.00 മുതൽ 4.00 വരെ ഡി.ബി.സി.എൽ.സി. യിൽ** (ഡി.ബി.സി.എൽ.സി., ബിഷപ്സ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ) വച്ചായിരിക്കും അതിരൂപതാതല Saints' Quiz 2021-2022 പരീക്ഷ നടത്തപ്പെടുന്നത്.
2. ഓരോ ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 3 പേർ മാത്ര മടങ്ങുന്ന ഒരു ടീമായിരിക്കും മത്സരത്തിൽ പങ്കെടുക്കേണ്ടത്.
3. അതിരൂപതാതലത്തിലുള്ള Saints' Quiz ലെ ആദ്യ ഘട്ടം (Preliminary Round) Written രൂപത്തിലും, രണ്ടാം ഘട്ടം (Final Round) ഓഡിയോ വിഷൽ രൂപത്തിലും ആയിരിക്കും നടത്തപ്പെടുക.
4. ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ടീമുകളായിരിക്കും രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുക. രണ്ടാം ഘട്ടത്തിൽ നിന്നായിരിക്കും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ തിരഞ്ഞെടുക്കുക.
5. രണ്ട് ഘട്ടങ്ങളിലും 80% ചോദ്യങ്ങൾ **വിശുദ്ധരുടെ ജീവചരിത്രത്തിലൂടെ** എന്ന പുസ്തകത്തിൽ നിന്നും 20% ചോദ്യങ്ങൾ 2021 വർഷത്തിലെ ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഇറക്കിയ കത്തോലിക്കാ സഭ പത്രങ്ങളിലെ **Kids For Christ (KFC)** എന്ന പേജിൽ നിന്നുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക: Children's Ministry Archdiocese of Trichur - Ph. 0487 2325336, 9947582522

### അതിരൂപതതല സമ്മാനദാനം

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2021–2022 അദ്ധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം മതബോധന കേന്ദ്രത്തിൽവച്ച് (ഡി.ബി.സി.എൽ.

സി) 2022 ജനുവരി 16–ാം തിയ്യതി ഞായറാഴ്ച്ച 2.00 മുതൽ 5.00 വരെ നടത്തപ്പെടുന്നു. അതിരൂപതതലത്തിൽ നടത്തിയ ഓൺലൈൻ കലാമത്സരങ്ങൾ, അതിരൂപതതല സെയിന്റ്സ് ക്വിസ്സ്, Dei Verbum ക്വിസ്സ്, ക്രിസ്തുമസ് കാർഡ് മത്സരം, പുൽകൂട് മത്സരം എന്നിവയിൽ പങ്കെടുത്ത് First, Second, Third, A Grade, Consolation കിട്ടിയ എല്ലാവർക്കും സമ്മാനങ്ങളും സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്. മിഷൻ കളക്ഷനിൽ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനും, അതിരൂപതാതല ഓൺലൈൻ കലാമത്സരങ്ങളിൽ Overall First, Second, Third നേടിയ യൂണിറ്റുകൾക്കും ഫൊറോനകൾക്കുമുള്ള സമ്മാനദാനവും അന്ന് ഉണ്ടായിരിക്കുന്നതാണ്.

**2. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "എന്റെ കർത്താവിന്റെ അമ്മ എന്നെ സന്ദർശിക്കുവാൻ എനിക്ക് എങ്ങനെ യോഗ്യതയുണ്ടായി" (ലൂക്കാ 1: 43)

**സുകൃതജപം:** 'പരിശുദ്ധാത്മാവായ ദൈവമേ അങ്ങേ വരങ്ങളാൽ എന്നെ നിറയ്ക്കേണമേ'

**പ്രാർത്ഥനാ നിയോഗം:** മതപരമായ വിവേചനവും പീഢനവും അനുഭവിക്കുന്ന എല്ലാവർക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** ജുപ്പീറ്റർ ദേവന് ധൂപം സമർപ്പിച്ചില്ലെങ്കിൽ തീയിൽ ദഹിപ്പിക്കുമെന്നുള്ള ചക്രവർത്തിയുടെ ഭീക്ഷണിയെ അവജ്ഞാപൂർവ്വം തിരസ്കരിച്ചുകൊണ്ട് ഈശോയോടുള്ള സ്നേഹത്തെപ്രതി തീക്കനലിലൂടെ നടക്കുന്നത് റോസാപൂവ് മെത്തയിൽ കൂടെ നടക്കുന്നതുപോലെയത്രെ എന്ന് പറഞ്ഞതിനാൽ അമ്പെയ്ത് കൊല്ലാൻ വിധിക്കപ്പെട്ട് രക്തസാക്ഷിയായിതീർന്ന വി. സെബസ്റ്റ്യാനോസ് ആകട്ടെ ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. അദ്ദേഹത്തിന്റെ ചൈതന്യം നമുക്ക് പ്രചോദനമാകട്ടെ. തിരുസഭയിൽ ജനുവരി 20–ാം തിയ്യതിയാണ് ഈ വിശുദ്ധന്റെ തിരുനാൾ കൊണ്ടാടുന്നത്.

**പ്രവർത്തനം:** ഈ പുതുവത്സരത്തിൽ വിഷമിക്കുന്ന കൂട്ടുകാർക്ക് നിങ്ങളുടെ വക ഒരു സമ്മാനം കൊടുക്കുക.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# ജീസസ് യൂത്ത്

**1. ഇഗ്നൈറ്റ്**

മിഷൻ ടീമിന്റെ നേതൃത്വത്തിൽ പതിനാറ് സബ്സോണുകളെ വ്യത്യസ്തങ്ങളായ നാല റീജിയണുകളായി തിരിച്ചുകൊണ്ട് ബെ എന്ന പേരിൽ നാലു റീജിയണുകളിലും വിവിധ സമയങ്ങളി ലായി 10/10/2021 നു ഓൺലൈനായി മിഷൻ വൺഡേ നടത്തി യിരുന്നു. ഓരോ റീജിയണുകളിലും 100ഓളം പേർ സന്നിഹിതരാ യിരുന്നു. ജീസസ് യൂത്ത് ഇന്റർനാഷണൽ ഫോർമേഷൻ ടീമിന്റെ ചാപ്പ്ളിനായ അരണാട്ടുകര ഹോളി ട്രിനിറ്റി ആശ്രമത്തിലെ ബഹു. ബിറ്റാച്ചു പുത്തൻപുരയ്ക്കൽ അച്ചന്റെ ക്ലാസും, ഇന്ത്യക്കുപുറത്ത് മിഷണറിയായി പ്രവർത്തിക്കുന്ന വിനീഷ് സ്കറിയ, ഉഗാണ്ടയിലെ നെബ്ബി രൂപതയിലെ ജോസെഫറ്റ് ഓഫോയോറോത്, ഫ്ലോറിഡ യിലെ ഡോ.സിന്ധു നടരാജൻ, ജീസസ് യൂത്ത് ഷില്ലോങ്ങ് ഭാാൺ സിലിന്റെ ഭാഗമായ ലിനു ജോൺ എന്നിവരുടെ മിഷൻ അനുഭവങ്ങളും പങ്കുവെച്ചിരുന്നു.

**2. Teens Month 2021**

വി.കൊച്ചു ത്രേസ്യയുടെ തിരുനാളിനോടാനുബന്ധിച്ചു എല്ലാ വർഷങ്ങളിലെയുംപോലെ ഇത്തവണയും ഒക്ടോബർ മാസം നട നാസ് ആയി ആഘോഷിക്കുകയുണ്ടായി. അതിനോടനുബന്ധിച്ച് ഒക്ടോബർ മാസത്തിൽ വിവിധ കലാപരിപാടികൾ തൃശ്ശൂർ ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 2 ആഴ നീണ്ടുനിൽക്കുന്ന സ്പാർക്ക് ടീൻസ്' എന്നപേരിൽ 200ഓളം കുട്ടികൾ ക്കായി ഓൺലൈൻ ധ്യാനവും പരിശീലന പരിപാടികളും സംഘടിപ്പിക്കു കയുണ്ടായി.

കൂടാതെ ഒക്ടോബർ 31ാം തിയതി ജീസസ് യൂത്തിലെ കൗമാര ക്കാർക്കായി ടീൻസ് ഡേ സെലിബ്രേഷൻ: നടത്തുകയുണ്ടായി. തൃശ്ശൂർ ജീസസ് യൂത്തിന്റെ യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്ത പരിപാടി തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ഉദ്ഘാടനം ചെയ്തു. എറണാകുളം ജീസസ് യൂത്ത് ഇൻഫോ പാർക്ക് മ്യൂസിക് ടീം ആണ് ല്ട & ധ0ടവ്ാനു നേതൃത്വം നൽകിയത്. മൈം, ഡാൻസ്, പാനൽ ഷെയറിങ് തുടങ്ങി വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ വ്യത്യസ്തമായ കലാപരിപാടികളും പ്രസ്തുത

പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. ടാ0ൽ പരം കൌമാരക്കാർക്ക് ഈ പ്രോഗ്രാമിലൂടെ ബാലനായ യേശുവിന്റെ ചൈതന്യം പകർന്നുകൊടുക്കുവാൻ സാധിച്ചു.

**3. ഇൻ ലവിങ് മെമ്മറി ഓഫ് ജെ. വൈ. ഫ്രണ്സ് ഇൻ ഹെവൻ**

സ്വർഗഭാഗ്യത്തിനായി വിളിക്കപ്പെട്ട ജീസസ് യൂത്ത് അംഗങ്ങളെ അനുസ്സൂരിക്കുന്ന ഇൻ ലവിങ് മെമ്മറി ഓഫ് ജെ. വൈ. ഫ്രണ്ട്സ് ഇൻ ഹെവൻ ഈ വർഷവും നവംബർ മാസം നടത്തുകയുണ്ടായി. വേർപിരിഞ്ഞുപോയവരെക്കുറിച്ചുള്ള വീഡിയോകൾ ജീസസ് യൂത്ത് തൃശ്ശൂരിന്റെ യൂട്യൂബ് ചാനലിലൂടെയും മറ്റുസാമുഹിക മാധ്യമങ്ങളിലൂടെയും ദിവസവും പങ്കുവെക്കുകയും അതാതു ദിവസത്തെ ദിവ്യബലി അവർക്കായി സമർപ്പിച്ചുപ്രാർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ 30/11/2021 ന് കോലഴി സെന്റ് ബെൻഡിക്റ്റ് ദൈവാലയത്തിൽ സ്വർഗുദാഗ്യത്തിനായി വിളിക്കപ്പെട്ടവരുടെ കുടുംബത്തോടൊപ്പം ജീസസ് യൂത്ത് കൂട്ടുകാരും ഒത്തുചേർന്നു ദിവ്യബലിയിലും ഒപ്പീസിലും സ്നേഹ വിരുന്നിലും പങ്കുകൊണ്ട് വേർപിരിഞ്ഞു പോയവരെ അനുസുരിക്കുവാനും അവരുടെ കുടുംബാംഗങ്ങളെ ആശ്വസി പ്പിക്കുവാനും ശ്രമിക്കുകയുണ്ടായി.

**4. പാരിഷ് കോർഡിനേറ്റേർസ് ഗാദറിങ്**

ഇടവകതലത്തിൽ ജീസസ് യുത്ത് കൂട്ടായ്മകളെ വളർത്തുകയും, പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നവംബർ, ഡിസംബർ മാസങ്ങളിൽ നട്ടം ആയി കേരള ജീസസ് യൂത്ത് ടീമിനോടു ചേർന്ന് നിന്നുകൊണ്ട് തൃശ്ശൂർ സോണും നടത്തിവരുന്നു.

ഇതിന്റെ ഭാഗമായി പാരിഷ് കോർഡിനേറ്റർമാരുടെ ഗാദറിങ് 14/11/2021 നു തൃശ്ശൂർ പാസ്ട്രൽ സെന്ററിൽ, സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഉച്ചക്ക് 2 മണിമുതൽ 8 മണിവരെ സംഘടിപ്പിക്കുകയുണ്ടായി. ജപമാലയോടെ ആരംഭിച്ച ഗാദറിങ്ങിൽ 60ഓളം കോർഡിനേറ്റർമാർ പങ്കെടുത്തിരുന്നു. കേരള ഫോർമേഷൻ ടീമിന്റെ ഭാഗവും, മുൻ തൃശ്ശൂർ ജീസസ് യൂത്ത് കോഡിനേറ്ററും ആയിരുന്ന ബഹു. ലിയോ ടോം ക്ലാസുകൾക്ക് നേതൃത്വം നൽകി.

മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായി നടത്തപെടുന്ന വി. കുരിശുമായുള്ള പ്രയാണം, എല്ലാ ജീസസ് യുത്തും അവരവരുടെ ഇടവകകളിൽ ഒരുമിച്ചുകൂടിയുള്ള പാരിഷ് ഫെല്ലോഷിപ്പ് ഗാദറിങ്ങുകൾ, വിവിധ സോണുകളിലെ സജീവമായ ഇടവകകളിലെ അംഗങ്ങൾ മറ്റ് സോണുകളുമായി ചേർന്ന് കംബൈൻഡ് പാരിഷ് ഗാദറിങ്ങുകൾ, എല്ലാ ജീസസ് യുത്തും അതതു സോണുകളിൽ ഒരുമിച്ചുചേരുന്ന മെഗാ ഗാദറിങ്, ഇടവകതലത്തിൽ ഫാമിലി ഗാദറിങ്ങുകൾ നടത്തുന്നതിനെ

പ്പറ്റിയും ചർച്ചചെയ്യുകയായിരുന്നു പ്രസ്തുത പാരിഷ് കോർഡിനേറ്റേർസ്സ് ഗാദറിങ്ങിന്റെ ലക്ഷ്യം.

**5. എന്റെ പള്ളി**

● നഥിട്നംന്ധ' അഥവാ എന്റെ പള്ളി' എന്ന പ്രോഗ്രാമിനോടാനുബന്ധിച്ചു നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയിൽ 70തിൽ പരം ഇടവകകളിൽ ജീസസ് യൂത്ത് പ്രാർത്ഥനാകൂട്ടായ്മകൾ നടക്കുകയുണ്ടായി.

എന്റെ പള്ളി'യുടെ ഭാഗമായി 120ൽ പരം ഇടവകകളിലും, അതിരൂപത നേതൃത്വങ്ങളിലുള്ളവരുടെ വീടുകളിലും കുരിശിന്റെ പ്രയാണം നടത്തുകയുണ്ടായി.

എന്റെ പള്ളി പ്രോഗ്രാമിനു ഒരുക്കമായുള്ള മധ്യസ്ഥപ്രാർത്ഥനയുടെ ഭാഗമായി ഇതുവരെ 11,500 (MM) 10,000 (വിശ്വാസപ്രമാണം) 19410 (സ്വർഗ്ഗ) ശേഖരിക്കുവാൻ സാധിച്ചു.

എന്റെ പള്ളി' യോടാനുബന്ധിച്ചു ചെയ്യുന്ന കാര്യങ്ങൾ
https://instagram.com/jyparishtcr?utm_medium=copy_link
instagram Gal& വഴി പങ്കുവെച്ചുവരുന്നു.
കൂടാതെ ഡിസംബർ മാസത്തിൽ ഇടവക കൂട്ടായ്മകൾ അതതു പള്ളികളിൽ ഒത്തുചേർന്നുകൊണ്ട് പാരിഷ് ഫാമിലി ഗാദറിങ് നടത്തുവാനും ക്രിസ്തുമസ് ഒരുമിച്ചു ആഘോഷിക്കുവാനും ആഗ്രഹിക്കുന്നു.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. വനിതാസംഗമം**

21.11.21 ൽ കുമ്പളങ്ങാട് സെ. ജൂഡ് പാരിഷ് ഹാളിൽ വച്ച് 2.30ന് വനിതാസംഗമം അരങ്ങേറി. അതിരൂപത ജോയിന്റ് സെക്രട്ടറിയും പ്രോഗ്രാം കൺവീനറുമായ ക്ലാര ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് അതിരൂപത ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. അതിരൂപത പ്രസിഡന്റ് സി.

പി. ഡേവീസ് ആമുഖപ്രഭാഷണം നിർവ്വഹിച്ചു. 'കുടുംബ നവീകരണം' എന്ന വിഷയത്തെ ആസ്പദമാക്കി ജെസ്സി ജോസഫ് തിരൂർ നയിച്ച ക്ലാസ് തികച്ചും അഭിനന്ദനാർഹമാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ആനിമേറ്റർ റവ. സി. റോസ്‌ലിൻ, കടങ്ങോട് സ്‌കൂൾ പ്രധാനാധ്യാപിക ബീന പോൾ പാണേങ്ങാടൻ, വടക്കാഞ്ചേരി ഫൊറോന പ്രതിനിധി സിസ്സിലി തോമസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഗ്രേസി ജോസഫ് കൂട്ടായ്മയ്ക്ക് കൃതജ്ഞതയോതി. വിവിധ ഫൊറോനകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമായി അമ്പതോളം പേരാണ് ചടങ്ങിൽ പങ്കെടുത്തത്.

**2. അനുശോചനം**

25.11.21 ൽ മദ്യവിരുദ്ധസമിതിയുടെ ആറ്റത്തറ യൂണിറ്റിന്റെ പ്രസിഡന്റായിരുന്ന ശ്രീ. വർഗ്ഗീസ് നിര്യാതനായി. ഡയരക്ടറച്ചനും സെക്രട്ടറി ടി.എസ്. അബ്രാഹമും മുൻ സെക്രട്ടറി ജോൺസൺ കുന്നംപിള്ളിയും പരേതന്റെ ഭവനം സന്ദർശിച്ചു. ദു:ഖാർത്തരായ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താണ് മടങ്ങിയത്.

**3. മത്സരവിജയികളെ തെരഞ്ഞെടുത്തു**

സിൽവർ ജൂബിലി വർഷ ആഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ട 3-ാം രചനാമത്സരത്തിന്റെ സമ്മാനാർഹരെ തെരഞ്ഞെടുത്തു. സമിതിയുടെ ബഹു. ഡയരക്ടറച്ചനും ബഹു. ഫാ ജോസഫ് അരാശ്ശേരി അച്ചനുമാണ് രചനകളുടെ മൂല്യനിർണ്ണയം നടത്തി വിജയികളെ കണ്ടെത്തിയത്.

| | | |
|---|---|---|
| **ഒന്നാം സമ്മാനം** | പി.സി. ജോസ് | പാലക്കൽ ഇടവക |
| **രണ്ടാം സമ്മാനം** | റോസ് മോൾ | ചേർപ്പ് ഇടവക |
| **മൂന്നാം സമ്മാനം** | ജാൻസി ബേബി | ചേർപ്പ് ഇടവക |

**പ്രോത്സാഹനസമ്മാനം നേടിയവർ :** 1. മിനി ജോസ് ചേർപ്പ് ഇടവക, 2. സിജോ ഇഞ്ചോടിക്കാരൻ ചേർപ്പ് ഇടവക, 3. ലോജുമോൻ സി.ആർ. കോടന്നൂർ ഇടവക, 4. ജോസഫ് ഫ്രാൻസീസ് വടക്കാഞ്ചേരി ഇടവക. വിജയികളേയും പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. കൺവീനർ സിജോ ഇഞ്ചോടി ക്കാരന് പ്രത്യേകം നന്ദി.

**4. ശ്രാദ്ധാഞ്ജലി**

കഴിഞ്ഞ വർഷം മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞു പോയ മുൻകാല ഭാരവാഹികളെ അനുസ്മരിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. കോടന്നൂർ ഇടവക ദൈവാലയത്തിൽ വച്ച് അതിരൂപത ഡയരക്ടറച്ചനും ഇടവക വികാരി ബഹു.

ഫാ. ബൈജു കാഞ്ഞിരത്തിങ്കലും ചേർന്ന് അനുസ്മരണബലിയർപ്പിച്ചു. തുടർന്ന് സിമിത്തേരിയിൽ ഒപ്പീസു ചൊല്ലി.

പാരിഷ് ഹാളിൽ സമിതി അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണയോഗം പ്രൊഫസർ ഡോ. ഡെയ്സൻ പാണേങ്ങാടനാണ് ഉദ്ഘാടനം ചെയ്തത്. അതിരൂപത ഡയരക്ടറച്ചൻ ആമുഖപ്രഭാഷണം ചെയ്തു. ഈ വർഷം മരണമടഞ്ഞ എം.എ. പൊറിഞ്ചു (അതിരൂപത മുൻ പ്രസിഡന്റ്, ഒളരി ഇടവകാംഗം), ടി.ജെ. ഡേവീസ് (അതിരൂപത എക്സി. മെമ്പർ, പുത്തൂർ ഫൊറോന പ്രസിഡന്റ്, പുത്തൂർ ഇടവക), എ.വി. സൈമൺ (അടാട്ട് യൂണിറ്റ് പ്രസിഡന്റ്), ടി.എസ്. കുര്യാക്കോസ് മാസ്റ്റർ (അതിരൂപത മുൻ ട്രഷറർ, കൂനംമൂച്ചി ഇടവക), വർഗ്ഗീസ് ആളൂർ (ആറ്റത്തറ യൂണിറ്റ് പ്രസിഡന്റ്), കോടന്നൂർ ഇടവക സജീവ മദ്യവിരുദ്ധ പ്രവർത്തകരുടെ കുടുംബാംഗങ്ങളായ ശ്രീമതി മറിയാമ്മ, മാസ്റ്റർ ഡെയ്ൻ ആൻസൻ എന്നിവരെ സമ്മേളനത്തിൽ പ്രത്യേകം പരാമർശിച്ച് അനുസ്മരിക്കുകയുണ്ടായി.

പ്രോഗ്രാം കൺവീനർ Rtd. DYSP ജോസ് വേലൂക്കാരൻ കൂട്ടായ്മയ്ക്ക് കൃതജ്ഞതയർപ്പിച്ചു. വിവിധ ഫൊറോനകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികളും അനുസ്മരണാപാത്രമായവരുടെ ഭവനങ്ങളിൽ നിന്നുള്ള അംഗങ്ങളും ചേർന്ന് അമ്പതോളം പേർ പങ്കെടുത്തു. സമിതി ഒരുക്കിയ സ്നേഹവിരുന്നിൽ പങ്കെടുത്താണ് എല്ലാവരും പിരിഞ്ഞത്.

**5. കോടന്നൂർ ബാർ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം**

കോടന്നൂർ ബാർ വിരുദ്ധ ഭവന സത്യഗ്രഹസമരം അനുഷ്ഠിക്കുന്ന വിശ്വംഭരനെയും കുടുംബാംഗങ്ങളെയും ഡയറക്ടറച്ചനും അതിരൂപത ഭാരവാഹികളും സന്ദർശിച്ച് ഐക്യദാർഢ്യം ഒരിക്കൽ കൂടി പ്രകടമാക്കി.

**6. യുവജനസംഗമം**

28.11.21 വലപ്പാട് സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാലയത്തിൽ അതിരൂപത ഡയരക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനും ഇടവക വികാരി ബഹു. ഫാ. ബാബു അപ്പാടനും ചേർന്ന് മദ്ബഹയിൽ തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിക്കുകയും കുർബാന മധ്യേ ലഹരി വിരുദ്ധ പ്രബോധന സന്ദേശം നൽകുകയുമുണ്ടായി.

തുടർന്ന് പാരിഷ് ഹാളിൽ അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ യുവജനസംഗമം അരങ്ങേറി. ഡയരക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. ബോധവൽക്കരണ ക്ലാസ് നയി

ച്ചത് പ്രഗത്ഭ മദ്യവിരുദ്ധ പ്രവർത്തകനായ സേവ്യാർ പള്ളിപ്പാട്ട് (Rt d. S.I.) ആയിരുന്നു. വലപ്പാട് കൈക്കാര പ്രതിനിധിയും മുൻ അതിരൂപത പ്രസിഡന്റുമായിരുന്ന ജോസ് ആലപ്പാട്ട്, പ്രോഗ്രാം കൺവീനർ സിജോ ഇഞ്ചോടിക്കാരൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. യുവജന പ്രതിനിധികളായ ഹാരോൾഡ് ചാഴൂർ, അഖിഷ ബാബു എന്നിവർ യുവ ജനസംഗമത്തെ വിലയിരുത്തി.

**7. കോർ കമ്മിറ്റി എക്സിക്യൂട്ടീവ് മീറ്റിംഗ്**

28.11.21 ഞായറാഴ്ച 2 മണിക്ക് കോർ കമ്മിറ്റിയും 3 മണിക്ക് എക്സിക്യൂട്ടീവ് യോഗവും അതിരൂപത ഓഫീസിൽ വച്ച് ചേർന്നു. കഴി ഞ്ഞ മാസം നിര്യാതരായ മദ്യവിരുദ്ധ പ്രവർത്തകർക്ക് ആദരാഞ്ജലി കളർപ്പിച്ചു തുടങ്ങിയ യോഗത്തിൽ അതിരൂപത പ്രസിഡന്റ് അദ്ധ്യക്ഷ നായി. ഡയരക്ടറച്ചൻ സ്വാഗതവും ആമുഖപ്രഭാഷണവും നിർവ്വഹിച്ചു.

കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി. വനി താസംഗമം, ശ്രാദ്ധാഞ്ജലി, യുവജനസംഗമം എന്നിവ വിജയപ്രദമാ യിരുന്നു എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. നേതൃത്വം നൽകിയ കൺവീനർമാരെ അഭിനന്ദിച്ചു. 24–ാം വർഷ സ്മരണികയുടെ പുരോ ഗതി വിലയിരുത്തി. ഡിസംബർ 3–ാം തീയതി നടത്താനിരിക്കുന്ന തീർത്ഥ യാത്രയുടെ ഒരുക്കങ്ങൾ പരിശോധിക്കുകയും വേണ്ട നടപടികൾ കൈകൊള്ളുകയും ചെയ്തു.

**8. തീർത്ഥയാത്ര**

ഭാരതത്തിലെ പ്രമുഖ മദ്യവിരുദ്ധ പ്രചാരകനും പ്രബോധക നുമായ വി. ഫ്രാൻസീസ് സേവ്യർ പുണ്യവാന്റെ ശ്രാദ്ധതിരുനാൾ ദിന മായിരുന്ന ഡിസംബർ 3 ന് കേരളസഭയിൽ ഏറ്റവും ശക്തമായി ലഹരി ഉപയോഗത്തിനെതിരെ നടപടി കൽപ്പിച്ച ഉദയംപേരൂർ പള്ളിയിലേക്ക് ഫ്രാൻസീസ് പുണ്യവാനെ അനുസ്മരിച്ച് തീർത്ഥയാത്ര നടത്തി. രാവിലെ 8 മണിക്ക് തൃശൂരിൽ നിന്നാരംഭിച്ച യാത്രയിൽ ഡയരക്ടറ ച്ചൻ ഉദയംപേരൂർ സൂനഹദോസിന്റെ സാഹചര്യങ്ങളും ചരിത്രവും വിശ ദമായി വിവരിച്ചു. 11.30 ന് ഉദയംപേരൂർ പള്ളിയിലെത്തിയ തീർത്ഥാടക സംഘം ഡയരക്ടറച്ചനോടൊന്നിച്ച് ദിവ്യബലിയർപ്പിച്ചു. ഇടവക വികാരി ബഹു. ഫാ. ജോർജ്ജ് മാണിക്കത്തൻ തീർത്ഥാടകർക്ക് സ്വാഗതമരുളി. പാരിഷ് കൗൺസിൽ അംഗം ശ്രീ. തോമസ് പാറപ്പിള്ളി പള്ളിയുടെ ചരി ത്രവും സൂനഹദോസിന്റെ ചരിത്രപശ്ചാത്തലവും വിശദമാക്കി.

സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസതീക്ഷ്ണതയുടെ ചരി ത്രശേഷിപ്പായ മട്ടാഞ്ചേരിയിലെ കൂനൻ കുരിശ്, തൃപ്പൂണിത്തുറ ഹിൽ പാലസ് തുടങ്ങിയവ സന്ദർശിച്ചതിനുശേഷം രാത്രി 8 മണിയോടെ

തിരിച്ചെത്തി. കൺവീനർ ടി.എസ്. അബ്രാഹമിനും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലോഫ്
**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**1. LOAF CORE TEAM**

നവംബർ മാസത്തെ LOAF Core Team 12–ാം തിയതി ലോഫ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂരിന്റെ സാന്നിധ്യത്തിൽ DBCLC യിൽ വെച്ച് നടന്നു

**2. LOAF SPIRITUAL DAY**

നവംബർ മാസം 13–ാം തിയതി എല്ലാ കുടുംബങ്ങൾക്കും വേണ്ടി ലോഫ് ഒരുക്കുന്ന LOAF SPIRITUAL DAY നടന്നു. തിരുവചന സന്ദേശം റവ. ഫാ. ജോഷി മയ്യാറ്റിൽ (മംഗലപ്പുഴ സെമിനാരി) നിർവ്വഹിച്ചു. ദിവ്യകാരുണ്യആരാധനയ്ക്ക് ഡോ. ജോർജ് ലിയോൺസും, ഫാമിലി ഷെയറിംങ്ങ് ഡോ ജോണി, ഡോ. ബെറ്റ്സി ദമ്പതികൾ (അമല മെഡിക്കൽ കോളേജ്) നേതൃത്വം നൽകി

**3. LOAF'S FEP**

ആഗോള കുടുംബസംഗമവുമായി ബന്ധപ്പെട്ട് ലോഫ് ഒരുക്കുന്ന FEP(Family Enrichment Programme) രണ്ട് ഇടവകകളിൽ നടന്നു.

നവംബർ 14 ന് എറവ് സെന്റ്. തെരേസാസ് ഇടവക ദേവാലയത്തിൽ **FEP** നടന്നു. ഉത്ഘാടനം ഇടവക വികാരി ഫാ. ജോസ് പുന്നോലിപറമ്പിലും, ആശംസ അസി. വികാരി ഫാ. ഗ്രിജോ മുരിങ്ങാത്തേരിയും നിർവ്വഹിച്ചു. ഡോ. അലോഷ് പീറ്റർ ക്ലാസ്സ് നയിച്ചു. ജെറിയും, ജാസ്മിനും പാരന്റിങ്ങിനെ സംബന്ധിച്ചുള്ള അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. ആരാധനയോടെ പ്രോഗ്രാം അവസാനിച്ചു.

നവംബർ 28 ന് നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാല

യത്തിൽ **FEP** നടന്നു. ഉദ്ഘാടനം ഇടവക വികാരി ഫാ. റാഫേൽ വടക്കനും, ആശംസ അസി. വികാരി ഫാ. പ്രതീഷ് കല്ലറക്കലും നിർവ്വഹിച്ചു. ഡോ. ടോണി ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഡോ. അനുമോദ്, ഡോ. പ്രിയ ദമ്പതികൾ ആരാധനയ്ക്കും ജെറി, ജാസ്മിൻ ദമ്പതികൾ ഫാമിലി ഷെയറിങ്ങിനും നേതൃത്വം നൽകി.

**4. LOAF ACADEMIC DAY**

നവംബർ മാസത്തെ അക്കാദമിക് ഡേ–28–ാം തിയതി നടന്നു. കുട്ടികളുടെ അക്കാദമിക് ക്ലാസ്സുകൾക്ക് അഡ്വ. റീനു, അനിടീച്ചർ, ഉഷ ടീച്ചർ, ഡോ. വിമൽ എന്നിവർ ചേർന്ന് നയിച്ചു. ദമ്പതികളുടെ അക്കാദമിക് ക്ലാസ്സുകൾക്ക് ഡോ. ജോർജ് ലിയോൺസ് നേതൃത്വം നൽകി.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് കപ്പിൾസ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## സ്ലം സർവ്വീസ് സെന്റർ

**ജനറൽ ബോഡി :** അതിരൂപത സ്ലം സർവീസ് സെന്ററിന്റെ 40–ാം വാർഷിക ജനറൽ ബോഡി യോഗം ഡയറക്ടർ ഫാ. സിന്റോ തൊറയൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ബേബി മൂക്കൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോയ്പോൾ വാർഷികറിപ്പോർട്ടും ട്രഷറർ വി.എസ്. ജോൺസൺ കണക്കും അവതരിപ്പിച്ചു. അയൽക്കൂട്ടങ്ങളെ സംബന്ധിച്ച് കോ–ഓർഡിനേറ്റർ ജാൻസി ജോൺസൺ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ഫ്രാൻസീസ് കല്ലറയ്ക്കൽ, ജോൺസൺ കാഞ്ഞിരത്തിങ്കൽ, റപ്പായി പാലമറ്റം, ജെസ്സി രാജു, പ്രേമ മൈക്കിൾ, ഇസിദോർ എന്നിവർ പങ്കെടുത്തു. ട്രഷററായിരുന്ന പി.എൽ.ജോസഫിന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.

**ബേബി മൂക്കൻ**
പ്രസിഡണ്ട്

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

### 1. മാധ്യമ ദിനം

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ മാധ്യമ ദിനം ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത മെത്രാ പ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണവും ഇടവക പി.ആർ.ഒ മാർക്കുള്ള ഐഡി കാർഡ് വിതരണവും നിർവഹിച്ചു. പബ്ലിക്ക് റിലേഷൻസ് വകുപ്പ് നടത്തിയപാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ പിതാക്കന്മാർ വിതരണം ചെയ്തു.

വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷനായിരുന്നു. മോൺ. തോമസ് കാക്കശ്ശേരി, റവ. ഡോ. ജോസ് കണ്ണമ്പുഴ, ഫാ. നൈസൺ ഏലന്താനത്ത്, ജോർജ്ജ് ചിറമ്മൽ, ജോജ്ജു മഞ്ഞില, ബാബു ചിറ്റിലപ്പിള്ളി, ടോജോ മാത്യു, ജോഷി വടക്കൻ, ഫ്രാങ്കോ ലൂവീസ് ജോയ് മണ്ണൂർ തുടങ്ങിയവർ പ്രസംഗിച്ചു.

### 2. പാരിഷ് ബുള്ളറ്റിൻ മത്സരം 2021

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2021ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും.

**1. മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2021 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ – 2021 ആഗസ്റ്റ് (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ – 2021 ഡിസംബർ എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2021 മാർച്ച് (ഒരു കോപ്പി)

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ**

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2 ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി**

4.1. വികാരിയച്ചന്റെ പംക്തി – 2021 ആഗസ്റ്റിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2021 ഒക്ടോബറിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

**5. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

5.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരി ക്കുന്ന പാരിഷ് ബുള്ളറ്റിനുകൾ ക്ഷണിക്കുന്നു.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2022 ഫെബ്രുവരി 28ന് മുമ്പ് ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ബുള്ളറ്റിൻ മത്സരം എന്ന് എഴുതിയ കവറിലാക്കി ഏല്പിക്കേണ്ടതാണ്.

2022 ഫെബ്രുവരി 28ന് ശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ

# തിരുന്നാളാശംസകൾ



**ദനഹാതിരുനാൾ**
ജനുവരി 6



**വി. ചാവറ കുരിയാക്കോസ് ഏലീയാസ്**
ജനുവരി 3



**വി. സെബസ്ത്യാനോസ്**
ജനുവരി 20



**വി. ജോൺ ബോസ്കോ**
ജനുവരി 31

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2021
**January- 2022**



# HAPPY NEW YEAR

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor